"ആവർത്തിക്കുന്ന സംസാരേ ചാവുന്നേവൻജനിച്ചിടാ
ഏവൻ കുലമുയർത്തിടുമവനത്രേ ജനിച്ചവൻ"

Kshatra Sandesam
Quarterly News Magazine of
Kshatriya Kshema Sabha
Jan - Mar 2009
Me 1183 Dhanu - Kumbham
Volume 9 Issue 1

ക്ഷാത്രസന്ദേശം
ക്ഷത്രിയ ക്ഷേമ സഭയുടെ
ത്രൈമാസ വാർത്താപത്രിക
ജനുവരി - മാർച്ച് 2009
1184 ധനു - കുംഭം
വാല്യം 9, ലക്കം 1

# ക്ഷാത്രസന്ദേശം

## വിഷയവിവരം

പത്രാധിപക്കുറിപ്പ് ........ 1
വായനക്കാരുടെ കത്തുകൾ ........ 2
മഹിളാരത്നങ്ങൾ
**സേതുവർമ** ........ 3
Consciousness and Modern Science ........ 5
**Dr. K.P. Rajappan**
നല്ല കുടുംബം - നാടിനൈശ്വര്യം ........ 6
**പ്രൊഫ. അമ്പലപ്പുഴ രാമവർമ്മ**
കേഴുക മലയാളഭാഷേ നീ ........ 7
**പ്രൊഫ. ചന്ദ്രാവലി തമ്പുരാൻ**
തുലാപുരുഷദാനം ........ 9
**ആർ. ശശിധരവർമ്മ**
യാത്ര ........ 9
**കെ. എൻ. എസ്. വർമ്മ**
സ്മരണാഞ്ജലി ........ 11
**സൗമ്യവതി തമ്പുരാട്ടി**
അനുഭൂതി അനുഭവപ്പെട്ട അനർഘനിമിഷങ്ങൾ ........ 12
**പി. കുഞ്ഞൻരാജ**
നൈമിഷാരണ്യം ........ 13
**സി. കെ. കേരളവർമ്മ**
കൊടുങ്ങല്ലൂർ രാജവംശം (രണ്ടാംഭാഗം) ........ 15
**കൊടുങ്ങല്ലൂർ കുഞ്ഞുണ്ണിരാജ**
കേരളവർമ്മ വലിയ കോയിത്തമ്പുരാന്റെ കാരാഗൃഹ വാസത്തിനിടയാക്കിയ സാഹചര്യങ്ങൾ ........ 18
**ഡോ. ബി. ആർ. ആർ. വർമ്മ**
ഒരു യാത്ര - ശബരിമലയാൻ തുണൈ ........ 20
**മനോജ്‌വർമ്മ**
ദേവദർശനം ........ 24
**ചെന്നിത്തല രാജരാജവർമ്മ**
ലഘുപാചകം ........ 24
**ശാരദാവർമ്മ**
ഉത്തരമില്ലാത്ത കടംകഥ ........ 25
**ഹൈമവതി വർമ്മ, ചേർത്തല**
വേണാട് (തിരുവിതാംകൂർ രാജവംശം) ........ 27
**ഡോ. ആർ. പി. രാജാ**
ഭാഗവത ശ്രവണ മാഹാത്മ്യം ........ 29
**കെ. രവിവർമ്മ**
പുസ്തകജാലകം ........ 30
ബാലവേദി ........ 33
വാർത്തകൾ - വിശേഷങ്ങൾ ........ 34
വൈവാഹികം ........ 41

പത്രാധിപക്കുറിപ്പ്

# ജനാധിപത്യത്തിന്റെ ശ്രീകോവിൽ

സ്വാതന്ത്ര്യാനന്തരഭാരതത്തിൽ മൂല്യാധിഷ്ഠിത രാഷ്ട്രീയം അധികാരരാഷ്ട്രീയത്തിനും വ്യക്തിഗത രാഷ്ട്രീയത്തിനും വഴി മാറിക്കൊടുത്തതോടുകൂടി ഇവിടെ ജനാധിപത്യത്തിന് അപചയം സംഭവിച്ചു തുടങ്ങി. കൊലപാതകം, പിടിച്ചുപറി, കയ്യേറ്റം, കവർച്ച, സ്ത്രീപീഡനം എന്നിങ്ങനെ വിവിധ കുറ്റങ്ങൾക്കു ശിക്ഷിക്കപ്പെട്ടവരും അന്വേഷണങ്ങൾക്ക് വിധേയരായവരുമൊക്കെയാണ് നമ്മുടെ ജനാധിപത്യത്തിന്റെ ശ്രീകോവിലിൽ വിലസുന്നത്. അഞ്ഞൂറ്റി നാൽപ്പത്തിയഞ്ചംഗങ്ങളുള്ള ഇന്ത്യൻ പാർലമെന്റിലെ അംഗങ്ങളിൽ പലരുടെയും യോഗ്യതകൾ ഇങ്ങിനെ:

29 പേർ സ്ത്രീപീഡനം/വൈവാഹികകുറ്റകൃത്യങ്ങൾ എന്നിവയ്ക്ക് ആരോപണവിധേയരായവർ.

7 പേർ വഞ്ചന/കൃത്രിമം, ചതി ഇവയ്ക്ക് ആരോപണവിധേയർ.

19 പേർ മൂന്നിൽ കൂടുതൽ ക്രിമിനൽ കേസുകളിൽ പ്രതികൾ.

114 പേർ വിവിധ വകുപ്പുകൾ പ്രകാരം കുറ്റകൃത്യങ്ങൾക്ക് അന്വേഷണം നേരിടുന്നവർ. (കൊലപാതകം, കയ്യേറ്റം, പിടിച്ചുപറി, കവർച്ച)

21 പേർ ഇപ്പോൾ മറ്റു കേസുകളിൽ പ്രതികൾ.

82 പേർ പല കുറ്റകൃത്യങ്ങളിലും പിഴ ഒടുക്കിയവർ.

71 പേർ ബാങ്കുകളുടെ/ധനകാര്യസ്ഥാപനങ്ങളുടെ ലിസ്റ്റിൽ പാപ്പരായവർ.

എണ്ണമറ്റ ജാതികളും മതങ്ങളുമുള്ള ഈ രാജ്യത്ത് സ്വന്തം മനസ്സാക്ഷിക്കനുസരിച്ച് അഭിപ്രായം പറയാൻ കഴിയാത്ത ഒരു സ്ഥിതി സംജാതമാകുമെന്ന് ഒരു പ്രശസ്ത സാഹിത്യകാരൻ പറഞ്ഞത് ഓർമ്മ വരുന്നു. എണ്ണമറ്റ ജാതികളും മതങ്ങളും മാത്രമേയുള്ളോ ഇവിടെ? രാഷ്ട്രീയപൂർട്ടികളുടെ ബാഹുല്യവും സ്ഥിതിഗതികൾ വഷളാകാൻ കാരണമാകുന്നില്ലേ?

### ഭൂരിപക്ഷ നിശ്ശബ്ദത

എന്തുകൊണ്ട് ഭൂരിപക്ഷം നിശ്ശബ്ദരാകുന്നു എന്നതിനെക്കുറിച്ച് അധികമാരും ചിന്തിക്കുന്നില്ല എന്നു തോന്നുന്നു. കൊലക്കുറ്റത്തിന് ജീവപര്യന്തം തടവുശിക്ഷയ്ക്ക് വിധിക്കപ്പെട്ടവരും മറ്റ് ക്രിമിനൽ കേസുകളിൽ പ്രതികളായി ജയിലിൽ നിന്ന് ജാമ്യത്തിലിങ്ങിയവരുമൊക്കെ "ജനാധി

*തുടർച്ച 2-ാം പേജിൽ*

**പത്രാധിപ സമിതി**
**എം. രവിവർമ്മ രാജാ**
*മുഖ്യപത്രാധിപർ*

**ഡോ. എഴുമറ്റൂർ രാജരാജവർമ്മ**
**പി. രവിവർമ്മ (ദിനേശ്)**
**ജി രാമവർമ്മ**

**ടി.എൻ. ആദിത്യവർമ്മ തമ്പാൻ**
**ആർ. കിഷോർ കുമാർ വർമ്മ**

**ഓഫീസ് നിർവഹണം : എ. ഉദയവർമ്മ, ആർ. രാജരാജവർമ്മ, വത്സലാരവിവർമ്മ**
**മുഖചിത്രം : സാമൂതിരി കോവിലകത്തെ അമ്മസ്ഥാനി- അന്തരിച്ച അമ്പാടി കോവിലകം ശ്രീദേവിവർമ്മ**

# വായനക്കാരുടെ കത്തുകൾ




## സ്വാമിയേ ശരണമയ്യപ്പാ

*മനസ്സാകും വനത്തിങ്കൽ വിരാജിയ്ക്കും ദുഷ്ച്ചിന്തകൾ*
*മഞ്ഞുപോലെയുരുക്കാനായ് പുലിപ്പുറമേറിയെത്തും*
*ധർമ്മശാസ്താവായ ദേവൻ ശബരീശനായ ദൈവം*
*ചെമ്മേയിങ്ങു പ്രത്യക്ഷമായ് ക്ഷാത്രസന്ദേശത്തിലായി*

*പന്തളത്തെക്കൊട്ടാരത്തിൽ നിന്നുനന്നായ്പ്പുറപ്പെട്ടു*
*ചന്തമേറുമാഭരണപ്പെട്ടിയുമായി.*
*ചന്ദനത്തിൻ പേടകത്തിൽ മൂന്നു പെട്ടിയേന്തിക്കൊണ്ട്*
*നന്നായ് ഭക്ത്യാനൃത്തമാടിപ്പുണ്യസ്ഥാനത്തെത്തീ*

*അയ്യപ്പന്റെയനുഗ്രഹം ലോകർക്കെല്ലാംവർഷിച്ചീടാൻ*
*അയ്യാ! നന്നായ് അയ്യപ്പനും പുലിപ്പുറത്തേറി.*
*പൊയ്യല്ലാ കേൾ ക്ഷാത്രവൃത്തി സന്ദേശമേ കേട്ടിടുക*
*അയ്യനായൊരയ്യപ്പന്റെ മുഖചിത്രം കെങ്കേമമായ്*

കഴിഞ്ഞ ലക്കം മാസികയുടെ മുഖചിത്രം തിരഞ്ഞെടുത്തതിലെ ഔചിത്യഭംഗിയെപ്പറ്റി പ്രശംസിയ്ക്കാതെ വയ്യ. മകരവിളക്കു പുണ്യസന്ദർശനവേളയിൽ ധർമ്മശാസ്താവ് പുലിപ്പുറത്തേറി ക്ഷത്രിയരെയും മറ്റു മാലോകരേയും അനുഗ്രഹിയ്ക്കാൻ ക്ഷാത്രസന്ദേശത്തിനു പുറത്തേറി വന്ന ആ ചിത്രം മനോഹരമായി.

വായനക്കാരുടെ കത്തിൽ "എന്റെ ഓണസ്സദ്യ" കത്ത് പ്രസിദ്ധീകരിച്ചുകണ്ട് വളരെ സന്തോഷിച്ചു. പക്ഷെ ആയതിലെ ചില വരികളിലെ വാക്കുകൾ വരി മാറി വന്നതും ചില വാക്കുകളിലെ തെറ്റുകളും കണ്ട് വളരെ ദുഃഖവും തോന്നി.

ശ്രീദേവിവർമ്മ കെ.സി. എഴുതിയ മനോരമത്തമ്പുരാട്ടിയെപ്പറ്റിയുള്ള ലേഖനവും പ്രസിദ്ധ സംഗീതജ്ഞൻ പ്രഭാകരവർമ്മയെക്കുറിച്ച് പി.ആർ. കുമാരകേരളവർമ്മ എഴുതിയ ലേഖനവും അവസരോചിതമായി. കൊടുങ്ങല്ലൂർ രാജവംശത്തെക്കുറിച്ച് കുഞ്ഞുണ്ണിരാജ എഴുതിയതും വായിച്ചു. ആ രാജവംശത്തിലെ തന്നെ പ്രശസ്തരായ വേറെയും മൺമറഞ്ഞുപോയ പ്രഗത്ഭമതികളും മഹാന്മാരുമായവരെക്കുറിച്ചും ശ്രീ. രാജ തുടർന്നെഴുതിയാൽ വളരെ നന്നാവും. "എന്റെ ഗ്രാമത്തിലെ "കൊച്ചൂട്ടമ്മാവനെ"പ്പറ്റി അനുസ്മരിച്ച് ഹരികൃഷ്ണവർമ്മ നർമ്മരസം തുളുമ്പുന്ന ശൈലിയിൽ എഴുതിയത് ശ്രദ്ധാർഹമായി.

വേണാട്, വടക്കെ മലബാറിലെ ക്ഷത്രിയ കുടുംബങ്ങൾ, ഡോ. മല്ലിനാഥനെപ്പറ്റിയുള്ള ലേഖനം, ഡോ. കെ. രാജപ്പന്റെ ഫിലോസഫർ സൈന്റിസ്റ്റിനെപ്പറ്റിയുള്ള ഇംഗ്ലീഷ് ലേഖനം തുടങ്ങിയവയെല്ലാം വിവിധതരത്തിലുള്ള അറിവുകൾ നമുക്ക് പകർന്നു തരുന്നുണ്ട്. കവിതകളും മൊത്തത്തിൽ തരക്കേടില്ല എന്നു തന്നെ പറയട്ടെ.

മകരവിളക്കിൻനാൾ ടി.വി.യിൽ മകരവിളക്ക് സംപ്രേഷണം നടന്നുകൊണ്ടിരിക്കെ ഇവിടെ കറന്റുകട്ട് മൂലം വേണ്ടവിധം കാണാൻ പറ്റിയില്ല. മകരവിളക്കിൻനാൾ കറന്റുകട്ട് വേണ്ടെന്നുവയ്ക്കാൻ ക്ഷാത്രസന്ദേശത്തിലൂടെയും നേരിട്ടും സർക്കാരിനെ ഉദ്ബോധിപ്പിക്കാൻ ക്ഷാത്രസന്ദേശം പ്രവർത്തകർ ശ്രദ്ധിയ്ക്കുമല്ലോ.

**കുട്ടിയനിയൻരാജ**
**ചെർപ്പുളശ്ശേരി**

കുട്ടിയനിയൻരാജയുടെ സെപ്റ്റംബറിലെ ക്ഷാത്രസന്ദേശത്തിലെ ഉറവകൾ നിറച്ച പൂർണ്ണകുംഭത്തിൽ നിന്നുയർന്നുവന്ന ഭാവനയുടെ മുന്നിൽ പ്രണാമം.

എന്ന്
**സൗമ്യവതി തമ്പുരാട്ടി**
വയസ്കര രാജ്ഭവൻ

*പത്രാധിപക്കുറിപ്പ് തുടർച്ച .......*

പത്യത്തിന്റെ ശ്രീകോവിലിൽ" സ്ഥാനമുറപ്പിക്കുമ്പോൾ ഇവിടെ നല്ല ഭരണം പ്രതീക്ഷിച്ചിട്ടെന്തു കാര്യം എന്ന് അനുഭവങ്ങളിലൂടെ തിരിച്ചറിഞ്ഞവരാണ് നിശ്ശബ്ദരായിരിക്കാൻ വിധിക്കപ്പെട്ട സമ്മതിദായകർ. ഇതിന് അവരെ കുറ്റം പറഞ്ഞിട്ടു കാര്യമില്ല. അൻപത്തിയഞ്ചും ചിലപ്പോൾ അറുപതും ഒക്കെയാണ് വോട്ടിംഗ് ശതമാനം. അതുതന്നെ മൂന്നും നാലും കക്ഷികൾക്കായിട്ടാവും കിട്ടുക. അതിൽ ഭൂരിപക്ഷം കിട്ടുന്നത്. ഇരുപത്തിയഞ്ചോ മുപ്പതോ ശതമാനം വോട്ടു നേടിയവരും. അപ്പോൾ ഭരിക്കുന്നവർ സംഘടിത ന്യൂനപക്ഷവും ഭരിക്കപ്പെടേണ്ടവർ അസംഘടിത ഭൂരിപക്ഷവുമാവുന്നു. ഇതാണ് യഥാർത്ഥത്തിൽ നമ്മുടെ ജനാധിപത്യത്തിന് നേരിട്ടുകൊണ്ടിരിക്കുന്ന ഭീഷണി.

സമ്മതിദാനം പൗരന്റെ മാലികാവകാശമാണ്. അത് പാഴാക്കാൻ പാടില്ല. ജസ്റ്റീസ് വി. ആർ. കൃഷ്ണയ്യർ ഈയിടെ ഒരു പ്രമുഖ പത്രത്തിൽ എഴുതിയ ലേഖനം "വേണം വോട്ടർമാർക്ക് കൂടുതൽ അവകാശങ്ങൾ" എന്ന ലേഖനം ഈ വിഷയത്തിൽ ഏറെ ശ്രദ്ധേയമായി തോന്നി. കഴിവും കാര്യശേഷിയുള്ളവരും അഴിമതിക്കും ക്രിമിനൽ കുറ്റങ്ങൾക്കും വിധേയരാകാത്തവരുമായവരെ സ്ഥാനാർത്ഥികളാക്കാൻ രാഷ്ട്രീയ പ്പാർട്ടികൾക്കു കഴിയണം. സമ്മതിദാനം പാഴാക്കാതെ നല്ലവരെന്ന് ഉത്തമ വിശ്വാസമുള്ളവർക്ക് അത് നൽകാൻ വോട്ടർമാരും ശ്രദ്ധിക്കണം.

മഹിളാരത്നങ്ങൾ

# ശ്രീദേവിവർമ്മ

**സേതുവർമ്മ**

സാമൂതിരി രാജവംശത്തിലെ പുതിയ കോവിലകം വലിയ തമ്പുരാട്ടിയായും സാമൂതിരി സ്വരൂപത്തിലെ അമ്മ സ്ഥാനി 'അമ്പാടി കോവിലക'മായും ദീർഘകാലം ജീവിച്ച് കേരളത്തിന്റെ സാമൂഹ്യ,സാംസ്കാരിക സാഹിത്യ രംഗങ്ങളിൽ തിളങ്ങിനിന്ന ഗാന്ധിയൻ ആദർശങ്ങളിൽ അടിയുറച്ച് വിശ്വസിച്ച നിസ്വാർത്ഥസേവനം മുഖമുദ്രയാക്കിയ, ആദർശവനിതയായ ശ്രീദേവിവർമ്മയെക്കുറിച്ച് മകൾ സേതുവർമ്മയുടെ സ്മരണകൾ.

സാമൂതിരി രാജകുടുംബത്തിലെ കോഴിക്കോട്ടു തിരുവണ്ണൂർ പുതിയകോവിലകം തെക്കെകെട്ട് തായ്‌വഴിയിൽ ശ്രീ കുട്ടി അനുജത്തി തമ്പുരാട്ടിയുടേയും പാലയ്ക്കൽ ഇല്ലത്ത് ശ്രീ ഗോവിന്ദൻ നമ്പൂതിരിയുടേയും മകളായി 1916 ഒക്ടോബറിൽ ജനിച്ചു. (1091കന്നിമാസത്തിൽ തിരുവോണം നക്ഷത്രം). പി.കെ.എം. രാജ (മാവേലിക്കര കൃഷ്ണവിലാസം പാലസ്) ഇളയ സഹോദരനാണ്.

**വിദ്യാഭ്യാസം:** കോവിലകത്തുതന്നെയുള്ള സ്കൂളിൽ നാലാം ക്ലാസ്സ് വരെ പഠിച്ചു. തമ്പുരാട്ടിമാർക്ക് പുറത്തുപോയി പഠിക്കാൻ അനുവാദമില്ലാത്ത കാലമായിരുന്നു അത്. എന്നാൽ പഠിക്കാൻ അതിയായ ആഗ്രഹം പ്രകടിപ്പിച്ച ശ്രീദേവിയെ വക്കീലായിരുന്ന അമ്മാവൻ പി.കെ.സി. രാജ ഇംഗ്ലീഷും ദേശമംഗലം വാരിയർ സംസ്കൃതവും പ്രത്യേകം പഠിപ്പിക്കുകയായിരുന്നു. സംസ്കൃതത്തിൽ അപാര പാണ്ഡിത്യമുണ്ടായിരുന്ന തമ്പുരാട്ടി പിൽക്കാലത്ത് സംസ്കൃത ക്ലാസും ഗീതാക്ലാസും എടുത്ത് തന്റെ അറിവ് അനേകം പേർക്ക് പകർന്നു കൊടുക്കുകയുണ്ടായി. ഇംഗ്ലീഷും മലയാളവുമായി ധാരാളം പുസ്തകങ്ങളും പത്രങ്ങളും വായിക്കുകവഴി പുറംലോകമെന്തെന്നറിയാനും സ്വയംവ്യക്തിവികാസത്തിനും അവ ഏറെ സഹായകമായി.

സ്ത്രീകൾ ബ്ലൗസ് ധരിക്കാതിരുന്ന ആ കാലത്ത് സ്വന്തം ബ്ലൗസ് തുന്നി അതു ധരിച്ച് അമ്പലത്തിൽ പ്രവേശിക്കുകയും ആയത് ഒരു കോളിളക്കത്തിനിടയാവുകയും ചെയ്തു. സ്വയം ശരിയെന്ന് തോന്നുന്ന കാര്യങ്ങൾ ചെയ്യാനുള്ള ധൈര്യവും അതിന്റെ പേരിൽ അനുഭവിക്കേണ്ടിവരുന്ന കഷ്ടതകൾ നേരിടാനുള്ള മനക്കരുത്തും ഇളംപ്രായത്തിലേ തമ്പുരാട്ടിക്കുണ്ടായിരുന്നു. ജാതി–ഉച്ചനീചത്വം കൃത്യമായി



പാലിച്ചിരുന്ന അക്കാലത്ത് ജാതിഭേദമെന്യേ മുതിർന്നവരെ ബഹുമാനിക്കണം എന്ന് കുട്ടികളെ പറഞ്ഞു മനസ്സിലാക്കിയിരുന്നു. ഒരു ഉദാഹരണം ഇതാ.

ജാതിഉച്ചനീചത്വം ഏറെ പ്രകടമായിരുന്ന ഒരു കാലത്ത് (ആയിരത്തിത്തൊള്ളായിരത്തി നാൽപ്പതുകളിൽ) കോവിലകത്ത് പ്രായമായ ഒരു ജോലിക്കാരനുണ്ടായിരുന്നു. കോവിലകത്തെ മുതിർന്നയാളുകൾ അയാളെ 'നാണു' എന്നായിരുന്നു വിളിക്കാറ്. കുട്ടികളും ഇത് അനുകരിച്ച് അയാളെ നാണു എന്നു വിളിക്കുമായിരുന്നു. പ്രായമായ ആളെ കുട്ടികൾ പേരുചൊല്ലി വിളിക്കാൻ പാടില്ല. 'നാണുമ്മാൻ' എന്നു വിളിക്കണം എന്ന് അവരെ പറഞ്ഞു പഠിപ്പിച്ചതും ഓർക്കുന്നു.

ഇന്ത്യൻ സ്വാതന്ത്ര്യസമരം ഉച്ചസ്ഥായിയിലായിരുന്ന അക്കാലത്ത് രാഷ്ട്രീയകാര്യങ്ങളിലും പൊതുകാര്യങ്ങളിലും വളരെയേറെ താല്പര്യവും അറിവും ഉണ്ടായിരുന്നു. ഗാന്ധിജിയുടെ ഒരാരാധികയായിരുന്ന തമ്പുരാട്ടി ജീവിതാവസാനം വരെ തികഞ്ഞ ഒരു ഗാന്ധിയനും കോൺഗ്രസ് പ്രവർത്തകയും ആയിരുന്നു. വിദേശവസ്ത്രം ബഹിഷ്ക്കരിക്കുകയും ചർക്കയിൽ നൂൽനൂറ്റ് ഖദർ ധരിക്കുകയും ചെയ്തിരുന്നു.

16–ാം വയസ്സിൽ വിവാഹിതയായ തമ്പുരാട്ടി നവവധുവായിരിക്കേ, സ്വാതന്ത്ര്യസമരഫണ്ടിനായി കോഴിക്കോട് ഒരു പൊതുവേദിയിലെത്തിയ ഗാന്ധിജിക്ക് നേരിട്ട് സ്വന്തം സ്വർണ്ണവളകൾ ഊരിക്കൊടുകയുണ്ടായി. പിന്നീടൊരിക്കലും അവർ വളകളണിഞ്ഞിട്ടില്ലെന്നത് പ്രത്യേകം പ്രസ്താവ്യമാണ്.

**വിവാഹം:** നമ്പൂതിരി സമുദായത്തിൽ നിന്നുമാത്രം വിവാഹം നടന്നിരുന്ന അക്കാലത്ത് ഒരു ക്ഷത്രിയനെ വിവാഹം കഴിച്ചത് ഒരപൂർവ്വ സംഭവമായിരുന്നു. കോലത്തിരി രാജവംശത്തിലെ തിരുവല്ലാ നെടുമ്പുറത്ത് കൊട്ടാരത്തിലെ ശ്രീ ബാലരാമവർമ്മയായിരുന്നു വരൻ. അഭ്യ

സ്തവിദ്യനായിരുന്ന അദ്ദേഹത്തിന്റെ സ്വാധീനം തമ്പുരാട്ടിയുടെ വ്യക്തിഗതമായ വളർച്ചയിൽ വളരെ സഹായിച്ചിരുന്നു. നല്ല വായനാശീലവും വലിയൊരു പുസ്തകശേഖരവും ഉണ്ടായിരുന്ന അദ്ദേഹത്തിന്റെ സഹവാസം തമ്പുരാട്ടിക്ക് പ്രചോദനമായിരുന്നു. പിന്നീടുള്ള പൊതുപ്രവർത്തനങ്ങളിലെല്ലാം അതു വളരെയധികം സഹായിച്ചിട്ടുണ്ട്. ഒരു പുത്രനും 3 പുത്രിമാരും ഇവർക്കുണ്ടായി.

**പൊതുപ്രവർത്തനം**: ഭർത്താവിന്റെ പിൻതുണയോടെ കോവിലകത്തിന്റെ അകത്തളങ്ങളിൽ നിന്ന് പുറത്തുവന്ന് അഞ്ചു പതിറ്റാണ്ടിലേറെ കോഴിക്കോട്ടെ സാമൂഹ്യ സാംസ്കാരിക പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുത്തിട്ടുണ്ട്.

All India Women's Conference, Guild of Service, Poor Home Society തുടങ്ങിയ സാമൂഹ്യക്ഷേമ സ്ഥാപനങ്ങളിൽ വളരെക്കാലം സജീവാഗം ആയിരിക്കുകയും പ്രസിഡന്റ്/സെക്രട്ടറി സ്ഥാനങ്ങൾ വഹിക്കുകയും ചെയ്തിട്ടുണ്ട്. ഇന്ത്യൻ തിയോസഫിക്കൽസൊസൈറ്റി, ശ്രീരാമകൃഷ്ണമിഷൻ, ശാരദാമന്ദിരം, ചിന്മയാമിഷൻ തുടങ്ങിയ സ്ഥാപനങ്ങളിലും വളരെക്കാലം പ്രവർത്തിച്ചിട്ടുണ്ട്. ചിന്മയാനന്ദസ്വാമിയുടെ അടുത്ത അനുയായിയും മിഷന്റെ പ്രവർത്തനങ്ങളിൽ സജീവ പങ്കു വഹിച്ച ഒരാളുമായിരുന്നു ശ്രീദേവിവർമ്മ. സംസ്കൃത പണ്ഡിതകൂടിയായ അവർ വളരെക്കാലം തുടർച്ചയായി ഗീതാക്ലാസ്സുകൾ എടുത്തിട്ടുണ്ട്.

കേരളത്തിലെ ക്ഷത്രിയ കുടുംബാംഗങ്ങളുടെ ഉന്നമനത്തിനായുള്ള പ്രവർത്തനങ്ങളിൽ അതീവ തല്പരയായിരുന്നു അവർ. ഉദ്ദേശം 25 വർഷം മുമ്പ് ക്ഷത്രിയസഭയുടെ കോഴിക്കോട് ശാഖയുടെ ആദ്യയോഗം അവരുടെ വീട്ടിൽ വെച്ചായിരുന്നു എന്നത് ഇവിടെ പ്രത്യേകം സ്മരണീയമാണ്.

ആയിരത്തിതൊള്ളായിരത്തി അമ്പതുകളുടെ തുടക്കത്തിൽ തിരുവണ്ണൂർ പുതിയ കോവിലകത്തെ തമ്പുരാട്ടിമാരേയും ബന്ധപ്പെട്ട മറ്റു സ്ത്രീകളേയും ഉൾപ്പെടുത്തി ഒരു മഹിളാസമാജം ആരംഭിക്കാനും അത് വളരെ ഉന്നത നിലയിൽ എത്തിക്കാനും ശ്രീദേവി വർമ്മയ്ക്ക് കഴിഞ്ഞു. കോവിലകത്തെ ഉപയോഗശൂന്യമായി കിടന്ന ഒരു സ്ഥലം അതിനായി നന്നാക്കിയെടുത്തു. അവിടെ ദിവസേന മെമ്പർമാർക്ക് ഒത്തുകൂടാനും പ്രശ്നങ്ങൾ ചർച്ച ചെയ്യാനും കളികളിലും (ടേബിൾ ടെന്നീസ്, കാരംസ് മുതലായ Indoor games) കലാസാഹിത്യപരിപാടികളിലും പങ്കുചേരാനും അവസരമുണ്ടാക്കി. മെമ്പർമാരുടെ വായനാശീലം വളർത്തിയെടുക്കാനായി നല്ലൊരു വായനാശാലയും സമാജത്തിനുണ്ടായിരുന്നു. തുന്നൽ, കൈക്കൊട്ടിക്കളി എന്നിവ പഠിപ്പിക്കുന്നതിനു പുറമെ Jam, Juice, pickles എന്നിവ ഉണ്ടാക്കാനുള്ള ക്ലാസ്സുകൾ പതിവായി നടത്തിവരികയും ചെയ്തിരുന്നു. സമാജത്തിന്റെ കീഴിൽ കുട്ടികൾക്കായി ഒരു ബാലജനസഖ്യവും രൂപീകരിച്ചിരുന്നു. ഡാൻസ്, പാട്ട് ക്ലാസ്സുകളും കുട്ടികൾക്കായി നടത്തിയിരുന്നു. സ്കൂൾ യുവജനോത്സവങ്ങളൊന്നും ഇല്ലാതിരുന്ന അക്കാലത്ത് കോവിലകത്തെ കുട്ടികൾ പൊതുവേദികളിലും മത്സരങ്ങളിലും പങ്കെടുത്തിരുന്നു എന്ന് പ്രത്യേകം എടുത്തു പറയേണ്ടതാണ്. ആകാശവാണി കോഴിക്കോട് നിലയത്തിൽ മഹിളാരംഗത്തിൽ പ്രോഗ്രാം അവതരിപ്പിക്കാൻ സ്ഥിരമായി അവസരം ലഭിച്ചിരുന്നു. കുട്ടികൾക്ക് ബാലലോകത്തിൽ പങ്കെടുക്കാനും അവസരങ്ങളുണ്ടായി. പൊതുവേദികളിലും പരിപാടികൾ അവതരിപ്പിച്ച് നല്ലൊരു പേരു നേടിയെടുക്കാൻ തിരുവണ്ണൂർ മഹിളാ സമാജത്തിനു കഴിഞ്ഞു. സമാജത്തിനായി ഉപയോഗിച്ചിരുന്ന പൊതുസ്ഥലം നന്നാക്കി ഒരു വേദിയും ഹാളും അടക്കം നല്ല നിലവാരമുള്ള ഒരു സ്ഥാപനമായി ഉയർത്താൻ മറ്റ് അംഗങ്ങളുടെ സഹായത്തോടെ തമ്പുരാട്ടിക്ക് കഴിഞ്ഞു. സമാജത്തിന്റെ കീഴിൽ സർക്കാർ സഹായത്തോടെ പാവപ്പെട്ടവർക്ക് പോഷകാഹാരം വിതരണം ചെയ്തിരുന്നു. വളരെ സ്തുത്യർഹമായ ഈ സേവനത്തിന് സർക്കാർ അംഗീകാരവും സാമ്പത്തിക സഹായവും ലഭ്യമാക്കാൻ സമാജത്തിനു കഴിഞ്ഞു. അന്നത്തെ സാഹചര്യത്തിൽ തമ്പുരാട്ടിമാരുടെയും കുട്ടികളുടെയും വ്യക്തിഗതമായ വളർച്ചയ്ക്ക് മഹിളാസമാജം വളരെ സ്വാധീനം ചെലുത്തിയിരുന്നു – പിന്നീട് വിഷമഘട്ടങ്ങളിൽ തമ്പുരാട്ടിമാർക്ക് സ്വയംപര്യാപ്തത നേടാൻ തയ്യൽ, അച്ചാർ നിർമ്മാണം മുതലായവയിലുള്ള പരിശീലനം സഹായിച്ചിരുന്നു. എന്നാൽ ഇതെല്ലാം പ്രാവർത്തികമാക്കാൻ അന്നത്തെക്കാലത്ത് വളരെയധികം പ്രയത്നിക്കേണ്ടിവന്നു എന്ന് മാത്രമല്ല, പല ഭാഗത്തുനിന്നും എതിർപ്പുകൾ സഹിക്കേണ്ടിയും വന്നു. പിന്നീട് സാമൂഹ്യദ്രോഹികൾ സമാജം കെട്ടിടം കയ്യേറുകയും സമാജത്തിന് അവിടെനിന്ന് മാറേണ്ട സാഹചര്യം ഉണ്ടാവുകയും ചെയ്തു. എതിർപ്പുകളെ ചെറുത്തു നിന്ന് ശ്രീദേവിവർമ്മ സ്വന്തം വീട്ടിൽത്തന്നെ കുറെക്കാലം സമാജം നടത്തിക്കൊണ്ടുപോവുകയുണ്ടായി. ഇന്നും നാമമാത്രമായി സമാജം മാസത്തിലൊരിക്കൽ മെമ്പർമാരുടെ വീടുകളിലായി ഒന്നിച്ചു കൂടാറുണ്ട്.

**കലാസാഹിത്യപ്രതിഭ:** കോവിലകം ചിട്ടയനുസരിച്ച് കുഞ്ഞുന്നാളിൽ കർണ്ണാടക സംഗീതം അഭ്യസിച്ചിരുന്ന തമ്പുരാട്ടി അഷ്ടപതിഗാനങ്ങളും ഭക്തിഗാനങ്ങളും പാടുമായിരുന്നു. സംഗീതത്തിലുള്ള ജ്ഞാനം അംഗീകരിച്ച് കോഴിക്കോട് ആകാശവാണി നിലയം Audition Committee യിൽ അംഗമായി തമ്പുരാട്ടിയെ തിരഞ്ഞെടുക്കുകയും വളരെക്കാലം A.I.R ൽ സ്ഥിരം ആയി പ്രഭാഷണങ്ങൾ നടത്താറുമുണ്ടായിരുന്നു. പിന്നീട് A.I.R. ന്റെ പ്രഭാത

*തുടർച്ച 6–ാം പേജിൽ*

(ശാസ്ത്രലേഖന പരമ്പര- XII )

# Consciousness and Modern Science

**Dr. K.P. Rajappan**

The leading modern scientists have come to a general conclusion that reality, which underlines the worlds of both sense and science and in which both are imbedded, is essentially the subjective mind. Eddington goes a step further and specifically calls it "the mind stuff which is not altogether foreign to our conscious ness, but is essentially continous with it." Explaining this concept further, Eddington writes, "All through the physical world runs that unknown content, which must surely be the stuff of our consciousness. Here is a hint of aspects deep within the world of physicals and yet unattainable by methods of physics." Osborn wrote: "In the ultimate analysis, all forms, bodies and mechani-sms are modes of consciousness."

The study of consciousness received keen attention from the rsis of India over 4000 years ago. They seemed to have undertaken their studies and very deep investigations in a scientific spirit with the object of arriving at the truth about Man and Nature.

The Aitareya Upanisad establishes the spiritual character of the Absolute through a discussion of the nature of the Self of man and proclaims this truth in one of the four Mahāvākyas Prajñānaṁ Brahma - Brahman is pure conscious-ness.

The study of consciousness has been taken up in all earnestness in the west in recent times not only by psychologists and psychiatrists but also by physicists and biologists. In the last decade, a number of monographs and reports have been appearing on themes like states of consciousness, nature of human awareness, atomic physics and eastern mysticism, etc. Thus correlation of the ancient findings with modern science has already started.

Prof. Paul Davies of London Univer sity, one of England's leading theoreticians and easily the most intriguing explicator of complex physical concepts says:

The arguments deployed in the previous two chapters suggest that the mind, while not a 'thing' in the usual sense of an entity located at a place with a certain constitution, nevertheless has real existence as an abstract 'high-level' concept in nature's hierarchy of structure. The relation between body and mind, that ancient philosophical enigma, is like the relation between hardware and software in computing. But the connection is tighter than it is in routine computer programming, in the sense that the software (the 'program') is coupled to, or interwoven with, the hardware in what Hofstadter has called a 'Tangled Hierarchy; or 'Strange Loop'. This mosaic of self-reference is the essential feature of consciousness.

The urgent need for the study of consciousness has apparently become very important because of the increasing recognition that the present crisis in modern society can be tackled only through a change in the consciousness and not any more through scientific or technological changes in the outer physical world. John White sums up the future thus:

In the years ahead exploration of the self will be integrated and therefore interdisciplinary. They will bring together physicists, psychical researchers, psycho-physiologists, religious leaders and workers from other professions...

If borders between self and environ ment can be made to disappear this is likely to have profound effect on man's attitude to his environment, both social and physical. If the self is experienced as actually embracing other people, self-consciousness becomes social conscious ness.

The ideas expressed by the 20th century scientists match in spirit, if not in letter, the profound sayings of the great rsis of the UpaniÀad-s. One of the oldest UpaniÀads dating back to over 3000 years conveys the same idea as:

He who sees all beings in his own self and his own self in all beings, he does not feel any revulsion to any being. When all beings have, verily, become one with his own self, what delusion and what sorrow can there be to this seer who has realized this fundamental oneness?

The spiritual realism which transcends all separatist thinking, definitely holds matter, life and mind, which constitute the three broad aspects of the world process, are entirely a process of spirit (energy). Seeing things in this vision, the Upanisad says:"All this is verily Brahman." It is seen above that some of the eminent modern scientists also testify to the same spiritual vision. Walker's words are significant in this situation:

Consciousness may be associated with all quantum mechanical processes... Since everything that occurs is ultimately the result of one or more quantum mechanical events; the universe it 'inhabited' by an almost unlimited number of rather discrete conscious, usually non-thinking entities that are responsible for the detailed working of the universe.

Earlier it was mentioned that according to the Hindu scriptures the universal interwovenness always includes the human observer and his or her consciousness. This is very true in atomic physics where the question of consciousness arises in connection with the observation of atomic phenomena. This phenomena according to quantum theory can be understood only as links in a chain of processes, the extreme end of which is the human observer.

Wigner clarifies this concept with the words: "It was not possible to formulate the laws of quantum theory in a fully consistent way without reference to consciousness." The present pragmatic formation of quantum theory which the modern scientists use may not refer to consciousness explicitly, but scientists like Wigner, however, have argued that human consciousness may be an essential part of future theories of matter.

⌘



# നല്ല കുടുംബം – നാടിനൈശ്വര്യം

**പ്രൊഫ. അമ്പലപ്പുഴ രാമവർമ്മ**

1. **വി**വാഹകാര്യത്തിൽ മനഃപൊരുത്തം
പ്രധാനമാക്കേണ, മതല്ലയെങ്കിൽ
കുടുംബബന്ധം തുടരില്ല നീണാൾ
വധൂവരന്മാർ ഹതഭാഗ്യരാകും.

2. അകൈതവം സ്നേഹമൊരാളിൽ വന്നാൽ
അതിന്നു നേരില്ല ജഗത്തിലൊന്നും
വിവാഹ ബന്ധത്തിനു മാനദണ്ഡം
പരസ്പരസ്നേഹമതാണു നൂനം.

3. നിർബന്ധമൂലം തുനിയും വിവാഹം
വധൂവരന്മാർക്കതിദുഃഖഭാരം
ആ ജീവനാന്തം ദൃഢബന്ധമേകാൻ
സ്നേഹത്തിനത്രേ കഴിവുള്ളു, പാർത്താൽ

4. പരസ്പരം ധാരണയോടു നീങ്ങാൻ
മനസ്സുറച്ചാലതു ഭാഗ്യമാകും
മറിച്ച് ദുർവ്വാശിപിടിച്ചുനിന്നാൽ
തകർന്നിടും നല്ലൊരു ജീവിതം, കേൾ.

5. ദാമ്പത്യബന്ധം തകരാതിരിക്കാൻ
ശ്രദ്ധിക്കണം, ഭാവികുടുംബനാഥർ
അന്യോന്യവിദ്വേഷമെഴും വിധത്തിൽ
ഭാഷിക്ക നന്ന,ല്ലിരുവർക്കുമോർത്താൽ.

6. വിവാദമെല്ലാ മൊഴിവാക്കിടേണം
ധനേച്ഛയും തീരെ വെടിഞ്ഞിടേണം
സന്തോഷവും ദുഃഖവുമൊപ്പമായ്ത്താൻ
കൈക്കൊണ്ടിടേണം, ശുഭചിന്തയോടെ.

7. പരസ്പരം ധാരണ തന്നെ പോരാ
വിശ്വാസവും വേണ, മകക്കുരുന്നിൽ
ഈവണ്ണമായാൽ ഭവനം സുശോഭം
അല്ലായ്കിലോ നിത്യവിഷാദമൂകം.

8. ഗാർഹസ്ഥ്യജീവിതം നമ്മെ
കർത്തവ്യോന്മുഖരാക്കണം
ഏറെക്കാര്യങ്ങളുണ്ടല്ലോ
ഗൃഹസ്ഥന്മാർക്കു ചെയ്തിടാൻ.

9. വിദ്യ നല്കി വളർത്തേണം
സന്താനങ്ങളെ വേണ്ടപോൽ
അവർ തൻഭാവിയാണോർക്ക
കുടുംബത്തിന്റെ ഭാവിയും.

10. കുടുംബങ്ങൾ ചേർന്നുവേണം
നാടിന്നൈശ്വര്യമേകുവാൻ
സാമൂഹ്യബോധമുള്ളോരീ–
ത്തത്ത്വം നന്നായ് ഗ്രഹിക്കണം.

---

*ശ്രീദേവിവർമ്മ.....*

സംപ്രേഷണത്തിൽ ഇന്നത്തെ ചിന്താവിഷയം എന്ന പരിപാടി സ്ഥിരമായി അവതരിപ്പിക്കാറുണ്ടായിരുന്നു.

നല്ലൊരു അക്ഷരശ്ലോക വിദഗ്ദ്ധയായ ശ്രീദേവിവർമ്മ 85 വയസ്സുവരെ കോഴിക്കോട്ടെ അക്ഷരശ്ലോക സദസ്സുകളിൽ നിറഞ്ഞുനിന്നിരുന്നു.

വലിയ ഈശ്വരഭക്തയായ തമ്പുരാട്ടി ധാരാളം ലേഖനങ്ങളും, കവിതകളും, ഭക്തിഗീതങ്ങളും എഴുതുകയും മാതൃഭൂമി, ഭക്തപ്രിയ, ശ്രീഗുരുവായൂരപ്പൻ തുടങ്ങിയ പ്രസിദ്ധീകരണങ്ങളിൽ അവ സ്ഥിരമായി പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. ക്ഷാത്രസന്ദേശത്തിന്റെ പൂർവലക്കങ്ങളിലും തമ്പുരാട്ടിയുടെ ഭക്തിനിർഭരമായ കവിതകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. "ഭക്തിപുഷ്പാഞ്ജലി' എന്ന പേരിൽ ഭക്തിഗീതങ്ങളുടെ ഒരു സമാഹാരവും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

സംസ്കൃതം, ഇംഗ്ലീഷ്, മലയാളം ഭാഷകൾക്ക് പുറമെ ഹിന്ദി, തമിഴ് ഭാഷകളും തമ്പുരാട്ടിക്കു വശമായിരുന്നു. സാമൂഹ്യപ്രവർത്തനം സംബന്ധിച്ചും ചിന്മയമിഷൻ പ്രവർത്തനം സംബന്ധിച്ചും ഇന്ത്യ മുഴുവൻ സഞ്ചരിച്ചിട്ടുണ്ട്.

സ്വാതന്ത്ര്യസമര സംരംഭങ്ങളിൽ വളരെ സജീവപ്രവർത്തക ആയിരുന്ന ശ്രീദേവിവർമ്മ ഒരിക്കലും അതിന്റെ പ്രതിഫലം വാങ്ങിയിട്ടില്ല. കോഴിക്കോട്ടെ പല സംഘടനകളും (എൽ.ഐ.സി. റോട്ടറി ക്ലബ്ബ് തുടങ്ങി ഒട്ടനവധി) 'സ്വാതന്ത്ര്യസമരസേനാനി' എന്ന് ആദരിച്ച് സ്വീകരണങ്ങൾ നൽകിയിരുന്നു. പക്ഷെ ഒരിക്കലും സ്വാതന്ത്ര്യസമര പെൻഷനു വേണ്ടി അപേക്ഷിക്കുകയൊ അതിനായി ശ്രമിക്കുകയൊ ചെയ്തിട്ടില്ല. സേവനം നിസ്വാർത്ഥമായിരിക്കണം എന്ന ചിന്താഗതിയായിരുന്നു, തമ്പുരാട്ടിക്ക്. വളരെ അലിവുള്ള ഒരു മനസ്സായിരുന്നു അവരുടേത്. കഷ്ടപ്പെടുന്നവർക്ക് തന്നാലാവുന്ന സഹായം എന്നും ചെയ്തിരുന്നു. എല്ലാവരും നന്നായിരിക്കണം, സന്തോഷമായിരിക്കണം എന്ന ചിന്താഗതയും ആയിരുന്നു അവർക്ക്. എല്ലാ ദിവസവും പ്രാർത്ഥനയുടെ അവസാനം 'ലോകാ സമസ്താ സുഖിനൊ ഭവന്തു' എന്ന് പറയാറുള്ളതും ഇവിടെ ഓർക്കുന്നു. 2005 മെയ് 30 ന് ശ്രീദേവിവർമ്മ തീപ്പെട്ടു. ⌘

# കേഴുക മലയാള ഭാഷേ നീ...

പ്രൊഫ. ചന്ദ്രാവലി തമ്പുരാൻ

ഒരു കൊച്ചീരാജാവിന്ന് ഇംഗ്ലീഷു പഠിയ്ക്കുവാൻ ആഗ്രഹം. “എ–ബി–സി–ഡി” യ്ക്കുശേഷം വാക്കുകൾ പഠിയ്ക്കുവാൻ തുടങ്ങി. അന്നത്തെ രീതിയനുസരിച്ച് അദ്ധ്യാപകൻ സി എ റ്റി ക്ആറ്റ് എന്ന് പഠിപ്പിച്ചു. രാജാവ് ക്യാറ്റ് എന്ന് ‘യ’ കാരം ഊന്നിപ്പറഞ്ഞപ്പോൾ ഉച്ചാരണം ശരിയായില്ലെന്നായി അദ്ധ്യാപകൻ. അദ്ദേഹം കാറ്റ് എന്നാക്കി ഉച്ചാരണം. അതും ശരിയായില്ലെന്ന് അദ്ധ്യാപകൻ പറഞ്ഞത് രാജാവിന്നിഷ്ടപ്പെട്ടില്ല. “ക്യാറ്റും അല്ല കാറ്റും അല്ലെങ്കിൽ പിന്നെങ്ങനെ ഉച്ചരിയ്ക്കാനാണ്? ഈ ഇംഗ്ലീഷൊരു വല്ലാത്ത ഭാഷ തന്നെ. സി–എ–റ്റി എന്നെഴുതുക, കാറ്റ് എന്ന് ഒന്നുമല്ലാത്ത രീതിയിൽ ഉച്ചരിയ്ക്കുക, അതിന്നർത്ഥമോ പൂച്ച എന്നും. മലയാളം തന്ന്യാനല്ലത്. പൂച്ച എന്നെഴുതുന്നു, അതു തന്നെ വായിക്കുന്നു. അതിന്നർത്ഥവും പൂച്ച തന്നെ!

❖ ❖ ❖ ❖ ❖

ഒരു കൊച്ചീരാജാവിനെ കളിയാക്കുന്ന ഈ കഥയിലെ സംഭാവ്യത നമുക്ക് പരിശോധിയ്ക്കേണ്ടതില്ലെങ്കിലും ഇംഗ്ലീഷും മലയാളവും തമ്മിലെ ചില അടിസ്ഥാന വ്യത്യാസങ്ങളിലേയ്ക്ക് അദ്ദേഹത്തിന്റെ അഭിപ്രായപ്രകടനം വിരൽ ചൂണ്ടുന്നു. ആദ്യ അക്ഷരമായ ‘എ’ ഉച്ചാരണത്തിൽ ‘അ’ (an, ant) ആണ്. ‘സി’ പലപ്പോഴും ’ക’കാരമാണ്, (cat, call) ചിലപ്പോൾ ‘സ’കാരവും (cell, centurary) ‘ഫ’കാരത്തിന് f ഉം Ph ഉം കാണാം. (fan, physics) ‘ജി’ ഗ യും ‘ജ’യും ആകുന്നു. (God, gypsy) ചില വാക്കുകളിൽ അക്ഷരങ്ങൾ നിശ്ശബ്ദരാണ്. (Knife, Psychology) ഇവയെല്ലാം (ഇനിയും നിരവധി!) എഴുതുന്നതും വായിയ്ക്കുന്നതും തമ്മിലെ അന്തരങ്ങൾ സ്ഥിരീകരിയ്ക്കുന്നു. മലയാളത്തിൽ ഇല്ലാത്തതും!

എഴുതിയത് വായിയ്ക്കുക, വായിയ്ക്കേണ്ടത് എഴുതുക– ഇതാണ് മലയാളത്തിലെ ഭാഷാനിയമം. പക്ഷേ ആ നിയമത്തെ അസാധുവാക്കുന്നു അഭിനവഭാഷാപണ്ഡിതന്മാർ. മലയാളഭാഷയിലെ തെറ്റുകൾ ഹരിശ്രീ കുറിയ്ക്കുമ്പോൾ തന്നെ ആരംഭിക്കുന്നു. ഹരിഃയിലെ വിസർഗ്ഗം ഉച്ചരിയ്ക്കാത്തത് സാരമില്ലെന്നു വെയ്ക്കാം; അത് സംസ്കൃതത്തിന്റേതാണല്ലോ. പക്ഷേ ഗണപതിയ്ക്കൊരു ‘ദീർഘ’ നമസ്ക്കാരം അനാവശ്യമാകുന്നു. പലരും ഗണപതായെ നമഃ എന്നാണ് പറയുന്നതും എഴുതുന്നതും. ഋ, ൠ ,ഌ, ൡ എന്നീ അക്ഷരങ്ങൾ ഏറെക്കുറെ ഉപേക്ഷിയ്ക്കപ്പെട്ട മട്ടിലാണ്. ക, ഖ, ഗ, ഘ, ങ. അനാവശ്യമായ ഒരു ഇകാരം ചേർത്ത് (ക, ഇഖ ഗ– ഇഘ – ങ) പഠിപ്പിയ്ക്കുമ്പോൾ തെറ്റുകളുടെ ഒരു ഘോഷയാത്ര തുടങ്ങുന്നു. ‘ഫ’ യും ‘ഭ’യും പലർക്കും ‘F’ കാരമാണ്. ഖ–ഘ, ഛ–ഝ, ട–ഢ, ഥ–ധ, ഫ–ഭ എന്നിവ തമ്മിൽത്തമ്മിലുള്ള ഉച്ചാരണവ്യത്യാസം അറിയുന്നവർ തന്നെ വിരളം. അവ ഒരേപോലെ ഉച്ചരിയ്ക്കപ്പെടുന്നതിനാൽ സൗകര്യാർത്ഥം ഒന്നുമതി എന്നുപോലും വാദിയ്ക്കുന്നു ചില ഭാഷാപണ്ഡിതന്മാർ ! അക്ഷരങ്ങൾ ശുദ്ധമായി, വ്യക്ത മായി ഉച്ചരിയ്ക്കപ്പെടണമെന്ന് നിഷ്ക്കർഷിയ്ക്കുന്നതിനു പകരം അവയെ നിഷ്ക്കാസനം ചെയ്യുവാൻ ശുപാർശ ചെയ്യുന്നവർ ഭാഷയെ പോഷിപ്പിയ്ക്കുകയല്ലാ, ശോഷിപ്പിയ്ക്കുകയാണ് ചെയ്യുന്നത്.

ഭാഷയുടെ സംശുദ്ധിയ്ക്ക് ചുമതലപ്പെട്ടവർ ഭാഷാ പണ്ഡിതന്മാരും, മാദ്ധ്യമങ്ങളുമാണ്. ആദ്യമായി അതിന്റെ പ്രാധാന്യത്തെ, പ്രസക്തിയെക്കുറിച്ച് ബോധം വേണം. ഭാഷയുടെ പവിത്രത കാത്തു സൂക്ഷിയ്ക്കേണ്ടതാണ് എന്ന വിശ്വാസം വേണം, അതിന്ന് നിഷ്ക്കർഷ വേണം. ഇന്ന് ‘വിധ്യാഭ്യാസ’ രംഗത്തെ പല ‘അദ്യാപകർ’ക്കും ഉച്ചാരണത്തിന് നിഷ്ക്കർഷയില്ലെന്നു മാത്രമല്ല, അവർക്കതിനെക്കുറിച്ച് അറിവോ ബോധമോ പോലും ഇല്ല. ഗ–ജ–ഡ–ദ–ബ എന്നീ അക്ഷരങ്ങളുടെ ശരിയായ ഉച്ചാരണം പഴയ വേദജ്ഞർക്കൊഴികെ മറ്റാർക്കും അറിയുകപോലും ഇല്ല. ശുദ്ധമായ ഭാഷ ആഭിജാത്യത്തിന്റേയും, പാണ്ഡിത്യത്തിന്റേയും ലക്ഷണമായിരുന്ന ഒരു കാലമുണ്ടായിരുന്നു. അന്നൊക്കെ ആളുകൾ അതിൽ നിഷ്ക്കർഷ പാലിച്ചിരുന്നു. ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ മറ്റൊരു വശമെന്ന നിലയിൽ ഉച്ചാരണം തീരെ മോശമായിരിക്കുന്നു. ഇന്നിപ്പോൾ ‘പാഠം’ ‘പാട’വും ‘മദ്ധ്യം’ ‘മദ്യ’വുമായി മാറിയത് ഭാഷയുടെ ച്യുതിയുടെ രണ്ടുദാഹരണങ്ങൾ മാത്രം. ‘ഠ’ കാരം ഉച്ചരിക്കുന്നവർ വെറും ‘സ്പെസിമെൻസ്’എന്നു പയാം. ‘ഇന്ദിര’ ‘ഇന്തിര’യും ‘നന്ദിനി’ നന്തിനി/നന്നിനിയുമൊക്കെയാണ്. ‘അഞ്ജലി’ ‘അഞ്ചെലി’യും ‘മഞ്ജു’ ’മഞ്ചു’വുമാമാണ് എഴുത്തിലും ഉച്ചാരണത്തിലും. ‘അണ്ടി’യിലേയും ‘അണ്ഡ’ത്തിലേയും രണ്ടാമക്ഷരം ഒരേപോലെയാണ് പലരും ഉച്ചരിക്കുന്നത്. അപ്രകാരമായിരിക്കണം ‘ചണ്ഡി’ ‘ചണ്ടി’യായി മാറിയതെന്നു തോന്നുന്നു. അംബയും പമ്പയും രണ്ടുതരത്തിൽ

ത്തന്നെ ഉച്ചരിയ്ക്കപ്പെടണം. മിക്ക പേർക്കും 'ഗംഗ' 'ഗങ'യും 'ഭംഗി' 'ഭങി'യുമാണ്. അങ്കവും അംഗവും വ്യത്യാസമായി ഉച്ചരിച്ചില്ലെങ്കിൽ അവയെ തിരിച്ചറിയുന്നതെങ്ങിനെയാണ്?

'ന'കാരത്തിലും പല വൈകല്യങ്ങളുണ്ട്. നന ഒരുപോലെയാണെഴുതുന്നതെങ്കിലും അല്പം വ്യത്യസ്തമായി ഉച്ചരിയ്ക്കപ്പെടുന്നത് മലയാളത്തിന്റെ പ്രത്യേകതയാണ്. ആദ്യത്തെത് 'ന' യും രണ്ടാമത്തേത് 'ന'യും ആണെന്നാണ് പൊതു നിയമം. പക്ഷേ കൂട്ടക്ഷരത്തിൽ വരുമ്പോൾ 'ന' യാണ് ശരി. സ്വപ്നം, ശത്രുഘ്നൻ, അഗ്നി എന്നിവയിൽ രണ്ടാമത്തെ 'ന' ഉച്ചരിയ്ക്കുന്നത് തെറ്റായ രീതിയാണ്. (സ്വപ്നം, ശത്രുഘ്നൻ, അഗ്നി എന്നാണ് ശരി) 'ന' കാരത്തിൽ തുടങ്ങുന്ന വാക്കുകൾക്കു മുമ്പിൽ വേറെ അക്ഷരം വന്നാലും 'ന' കാരം നിലനിർത്തണം. അനീതി, അനാഥൻ തുടങ്ങിയവ ന കാരമായി ഉച്ചരിക്കുന്നത് ശരിയല്ല. ആവർത്തിക്കപ്പെടുന്ന തെറ്റ് കാലക്രമത്തിൽ ശരിയായി മാറുന്നു എന്നതിന്റെ പ്രത്യക്ഷോദാഹരണമാണ് അനീതി, അനാഥൻ തുടങ്ങിയ ഉച്ചാരണങ്ങൾ.

സംസ്കൃതത്തിൽ 'റ' കാരമില്ല, 'ര' കാരമെ ഉള്ളു. അതിനാൽ സംസ്കൃതത്തിൽ നിന്നും മലയാളത്തിലേയ്ക്കെടുത്തിട്ടുള്ള പദങ്ങളെ 'റ' കാരമാക്കരുത്. ചന്ദ്രനെ ചന്ത്റനും ഇന്ദ്രനെ ഇന്ത്റനും ആക്കരുത്. വര്‍ഷം, ദര്‍ശനം, സ്പര്‍ശം തുടങ്ങിയ 'റ' കാരമാക്കി വറ്ഷവും ദറ്ശനവും സ്പറ്ശവും ആയിരിക്കുന്നു, കർശനം കറ്ശനവും. 'ഋ'കാരവും 'ര' കാരവും തമ്മിലുള്ള വ്യത്യാസവും പലർക്കും പ്രസക്തമല്ല. സൃഷ്ടിയും, സ്രഷ്ടാവും, ഹൃസ്വവും ഹ്രസ്വവും ഉദാഹരണങ്ങൾ. പല ജ്യോതിഷ പണ്ഡിതന്മാർ പോലും ഉത്തൃട്ടാതി എന്ന് തെറ്റായി എഴുതിക്കാണുന്നു.

കൂട്ടക്ഷരം വരുമ്പോൾ ആദ്യത്തെ അക്ഷരത്തിന്നാണ് കൂടുതൽ ഊന്നൽ വേണ്ടത്. പലപ്പോഴും മറിച്ചാണ് കാണുന്നത്. ലക്ഷ്മി പലർക്കും ലഷ്മിയാണ്; ക്ഷമ 'ഷമ'യും. ഭക്തി, മുക്തി, ശക്തി മുതലായവയിലെ 'ക'കാരം 'തി'യിൽ അപ്രത്യക്ഷമാകുന്നു, പ്രാപ്തിയിലെ 'പ'കാരവും. വൃശ്ചികം, നിശ്ചയം തുടങ്ങിയവ 'ശ'കാരത്തിൽ നിന്നും മുക്തമാണ്; അവ 'വൃച്ഛിക'വും 'നിഛയ' വുമാണ് പല പണ്ഡിതന്മാർക്കു പോലും. അതേസമയം അച്ഛൻ അച്ചനും. വഹ്നി, ബ്രാഹ്മണൻ തുടങ്ങിയ 'ഹ' യുടെ കൂട്ടക്ഷരങ്ങൾ എത്രപേർ ശരിയായി ഉച്ചരിയ്ക്കുന്നു?! 'വന്നി'യും 'ഭ്രാമ്മണ'നുമൊക്കെയെ കേൾക്കാറുള്ളു. 'ജ്ഞാനം' 'ഞാന' വും.

പല തെറ്റുകളും ആവർത്തനത്തിലൂടെ സ്ഥിരീകരിയ്ക്കപ്പെട്ടിരിയ്ക്കുകയാണ്. തെറ്റ് ശരിയും, അല്ലെങ്കിൽ നേരെ മറിച്ചും ആയി മാറിയിരിക്കുന്നു. തടയായി സ്ഥിതി ചെയ്യുന്നതെന്നർത്ഥം വരുന്ന തടസ്ഥം എന്ന വാക്കിലെ (ഉച്ചരിയ്ക്കുവാൻ പ്രയാസമുള്ളതുകൊണ്ടോ എന്തോ) 'ഥ'കാരം ലോപിച്ച് തടസ്സമായി മാറിയിരിക്കുന്നു എന്ന് പണ്ഡിതന്മാർ പോലും മനസ്സിലാക്കുന്നില്ല. സർവ സാധാരണമായ മറ്റൊരു തെറ്റാണ് 'പിന്നോക്കം'. പിന്നിലേയ്ക്ക് ആക്കം ഉള്ളത് പിന്നാക്കമാണ്. പിന്നോക്കമല്ലാ. ബംഗാളികൾ 'അ' ഓ ആക്കുന്നതുപോലെ സംഭവിച്ചതാണോ ഇത്? ഞാനെഴുതിയ ചില മാസികകളിൽ തടസ്ഥവും പിന്നാക്കവും, തടസവും പിന്നോക്കവുമായി തിരുത്തപ്പെട്ടതുകണ്ടപ്പോൾ, ഒരു റേഡിയോ പ്രഭാഷണത്തിൽ നന്ദി എന്നു പറഞ്ഞത് 'തന്നി' എന്നാക്കിത്തിരുത്തുവാൻ അധികൃതർ ആവശ്യപ്പെട്ട സംഭവം ഓർമ്മ വന്നു. മലയാളത്തിൽ എകാരമാക്കുവാനാണ് പ്രവണത. രമയും ലക്ഷ്മിയും മലയാളികൾ ഇംഗ്ലീഷിൽ എഴുതുമ്പോൾ 'ല' ഉപയോഗിക്കുന്നു. മാത്രമല്ലാ ഒന്ന്, രണ്ട് തുടങ്ങിയ അക്കങ്ങൾ ഉച്ചരിയ്ക്കുന്നതും ഇ കാരം ചേർത്താണ് പലപ്പോഴും ഒന്നെ, രണ്ടെ, ഇരുപത്തേഴെ, അമ്പതെ... എന്നപോലെ.

വാക്കുകൾ ചേർത്തെഴുതുമ്പോൾ ഇരട്ടിപ്പിയ്ക്കണമെന്നതും അപ്രത്യക്ഷമായിക്കൊണ്ടിരിയ്ക്കുന്നോ? റോഡിലുടനീളം കാണാം വാഹനപുക പരിശോധന കേന്ദ്രം എന്ന്. വാഹനപ്പുകയല്ലെ ശരി? ചെമ്മണ്ണൂർ അല്ലെ വേണ്ടത്? പച്ചപ്പരവതാനി എന്നു വേണ്ടെ എഴുതാൻ?

'യ' കാരം ഔദ്യോഗികമായി ത്തന്നെ നിഷ്ക്കാസനം ചെയ്യപ്പെട്ടുകൊണ്ടിരിയ്ക്കുന്നോ? എന്റെ കുട്ടിക്കാലത്ത് ഒയ്മ്പത്, അയ്മ്പത് എന്നാണ് പറഞ്ഞിരുന്നത്. നോയമ്പ് പലർക്കും നോമ്പാണ്. 'ഇ'കാരത്തിനുശേഷമുള്ള 'ക'യ്ക്ക് യ കാരം വേണ്ടാപോലും! ഇരിയ്ക്കുന്നു എന്നതിന് ഇരിക്കുന്നു എന്നെഴുതിയാൽ മതി എന്നായാൽ എഴുതുന്നതു വായിയ്ക്കുക, വായിയ്ക്കേണ്ടത് എഴുതുക എന്ന മലയാളഭാഷയുടെ സ്വഭാവത്തിന് നിരക്കുകയില്ല. അങ്ങിനെയെങ്കിൽ വിളിക്കുന്നു, കളിക്കളം എന്നിവയില 'ക്ക'യുടെ ഉച്ചാരണ വ്യത്യാസം എങ്ങിനെ സ്പഷ്ടമാകും? വിളിക്കുന്നു'യ'കാരം ചേർത്ത് (വിളിയ്ക്കുന്നു) എന്ന് വേണമല്ലൊ ഉച്ചരിയ്ക്കുവാൻ. മിക്കവാറും പലർക്കും ഉച്ചാരണത്തിൽ മിയ്ക്കവാറും ആയി മാറിയിരിയ്ക്കുന്നത് ഈ വ്യത്യാസം വ്യക്തമാക്കാത്തതിനാലല്ലെ? ചോറ്റാനിയ്ക്കരയും വെള്ളാനിക്കരയും വ്യത്യസ്തമായി എഴുതിയാലല്ലെ അവയുടെ ഉച്ചാരണത്തിലെ വ്യത്യാസവും വ്യക്തമാകൂ? അവിടേയ്ക്ക്, വെക്കുക തുടങ്ങി നിരവധി പദങ്ങളിൽ 'യ' എഴുതുന്നില്ല, പലരും ഉച്ചരിയ്ക്കുന്നുമില്ല. പാവം 'യ' ആ അക്ഷരത്തോട് എന്തിനീ ചിറ്റമ്മ നയം?

മലയാളഭാഷ അതിദാരുണമായിത്തന്നെ വികലമായിക്കൊണ്ടിരി

യ്ക്കുകയാണ്. എഴുതുന്നതിലും ഉച്ചാരണത്തിലും ഉള്ള ചില വൈകല്യങ്ങൾ മാത്രമാണ് മേൽ ഉദ്ധരിയ്ക്കപ്പെട്ടിട്ടുള്ളത്. ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ പ്രിയവും പ്രചാരവും 'മലയാല'ത്തെ 'കൊരച്ചു കൊരച്ചു' ക്ഷീണിപ്പിച്ചുകൊണ്ടിരിക്കുന്നു. ഇംഗ്ലീഷ് വിദ്യാഭ്യാസവിചക്ഷണർ എന്തും പറഞ്ഞോട്ടെ. മലയാള ഭാഷാപണ്ഡിതന്മാരും, ഭാഷാസ്നേഹികളും മാദ്ധ്യമങ്ങളും ഇക്കാര്യത്തിൽ ശ്രദ്ധിയ്ക്കുവാൻ ബാദ്ധ്യസ്ഥരാണ്. ഭാഷയുടെ ശുദ്ധമായ നിലനില്പിന് അവർ പ്രതിബദ്ധരാണ്. ഭാഷാപണ്ഡിതന്മാർ, 'ബാശാപണ്ടിത'ന്മാരായി മാറിയിരിയ്ക്കുന്നു. മലയാളത്തിൽ 'ആന്റി'മാർ (ആന്റി–എതിർ) വളർന്നുകൊണ്ടെ ഇരിയ്ക്കുന്നു. മാദ്ധ്യമങ്ങളുടെ നിലപാടാണ് ഏറ്റവും ശോചനീയം. ശുദ്ധിയില്ലാത്ത ഉച്ചാരണവും അക്ഷരത്തെറ്റോടുകൂടിയ തലക്കെട്ടും നിലവാരം കുറഞ്ഞ ഭാഷയും ആണ് അവ പ്രതിനിധാനം ചെയ്യുന്നത്. ബി.ബി.സി.മുതലായ ചാനലുകൾ ഉച്ചാരണത്തിന്ന് മാതൃകയയി വർത്തിയ്ക്കുമ്പോൾ മലയാളം ചാനലുകൾ നിലവാരം കുറഞ്ഞ ഭാഷയാണ് സ്വീകരിച്ചിരിയ്ക്കുന്നത്. അക്കാര്യത്തിൽ പത്രവും, റേഡിയോ–ടെലിവിഷൻ എന്നിവയും ആനുകാലിക പ്രസിദ്ധീകരണങ്ങളും ഭിന്നമല്ല. വേദോച്ചാരണത്തിൽ മലയാള ബ്രാഹ്മണർ ഒന്നാംസ്ഥാനത്തുവർത്തിയ്ക്കുമ്പോൾ, നമ്മുടെ മലയാള ഭാഷ അത്യന്തം താഴ്ന്ന നിലവാരമാണ് പുലർത്തുന്നതെന്നത് തികച്ചും വിരോധാഭാസമല്ലെ? മാതൃഭാഷയോടുള്ള അവജ്ഞയും, അവഗണനയും, അനാദരവുമാണ് ഇപ്രകാരമുള്ള ഭാഷാവൈകല്യത്തിന് നിദാനം. സർവസാധാരണമായ മൂല്യച്യുതിയാണ് മലയാളഭാഷാ നിലവാരത്തെയും ബാധിച്ചിരിക്കുന്നതെന്ന് വേണമെങ്കിൽ സമാധാനിയ്ക്കാം. അല്ലെങ്കിൽ കമ്പ്യൂട്ടർ യുഗത്തിൽ ഭാഷാശുദ്ധിയ്ക്കെന്തു പ്രസക്തി എന്നും. ●

# തുലാപുരുഷദാനം

**ആർ. ശശിധരവർമ്മ, മണ്ണൂർമഠം കൊട്ടാരം, മാവേലിക്കര**
**(ശ്രീവത്സം, പാലിയക്കര കിഴക്കെ കൊട്ടാരം, തിരുവല്ല)**

സംസ്കൃതകൃതികളിൽ പറഞ്ഞിട്ടുള്ള പതിനാറു മഹാദാനങ്ങളിൽപ്പെട്ട ഒന്നു മാത്രമാണ് തുലാപുരുഷദാനം. പതിനെട്ടു പുരാണങ്ങളിൽ ഒന്നായ പത്മപുരാണത്തിൽ ഈ ദാനത്തെപ്പറ്റി സുദീർഘമായി വിവരിച്ചിട്ടുണ്ട്. തുലാപുരുഷദാനം എന്ന വാക്ക് മൂന്നു സംസ്കൃതപദങ്ങളൊന്നായി ചേർന്നുണ്ടായതാണ്. തുലാ=ത്രാസ്, പുരുഷ=മനുഷ്യൻ, ദാനം=സംഭാവന – പ്രത്യേകമായും മതാചാരങ്ങളോടുകൂടിയ സംഭാവനകൾ. ഇതിലെ പ്രധാന ഇനം ദാനം നൽകുന്ന വ്യക്തിയുടെ രൂപത്തിലും തൂക്കത്തിലുമുള്ള സ്വർണ്ണം ദാനം ചെയ്യുക എന്നതാണ്. എന്നാൽ തുലാഭാരം നടത്തുന്ന ദിവസത്തെ തൂക്കത്തിലുള്ള സ്വർണ്ണരൂപം ഉണ്ടാക്കുവാൻ അസാധ്യമായതിനാൽ തുലാഭാരം നടത്തുന്ന ആളുടെതന്നെ സങ്കല്പത്തിൽ സ്വർണ്ണം കൊണ്ടുള്ള ഒരു മനുഷ്യരൂപം ഒരു സ്വർണ്ണതളികയിൽ വെച്ച് അത് മുഴുവൻ ദാനം നൽകുകയാണ് പതിവുണ്ടായിരുന്നത്. ഇതിനു സ്വർണ്ണം തന്നെ വേണമെന്നില്ല. പക്ഷെ വെറും ഒരു മതപരമായ ചടങ്ങ് എന്നതിൽ കവിഞ്ഞ് ആർഭാടങ്ങളിലും ആഘോഷങ്ങളിലും പ്രാധാന്യം കണ്ടെത്തുന്ന ജനവിശ്വാസത്തെ നിലനിർത്തുവാൻ ഉള്ള ഒരു ഉപാധിയായി ജീവിതത്തിൽ ഒരിക്കലെങ്കിലും നിർവ്വഹിക്കുന്ന കർത്തവ്യമെന്ന നിലക്ക് മഹാരാജാക്കന്മാർ സ്വർണ്ണം തന്നെയാണ് ഇതിനുപയോഗിച്ചിരുന്നത്. വളരെ അധികം പണച്ചിലവുള്ള ഒരു ദാനകർമ്മമാണ് 'തുലാപുരുഷദാനം'.

ചേരമാൻപെരുമാൾ കേരളം നാലുപേർക്കായി ഭാഗിച്ച് ഭരണമേല്പിച്ചപ്പോൾ തിരുവിതാംകൂർ മഹാരാജാവിന് കിരീടം നൽകിക്കൊണ്ട് ഉപദേശിച്ച കൂട്ടത്തിൽ അദ്ദേഹവും പിൻഗാമികളും ഹിരണ്യഗർഭദാനം, തുലാപുരുഷദാനം തുടങ്ങിയ പതിനാറ് മഹാദാനങ്ങളും നടത്തണമെന്ന് നിർദ്ദേശിക്കുക കൂടി ചെയ്തിരുന്നുവത്രെ. മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ കാലം മുതൽ ഈ ചടങ്ങ് മുടക്കം കൂടാതെ തന്നെ നടത്തി പോന്നിട്ടുണ്ട്. തിരുവിതാംകൂർ മഹാരാജാക്കന്മാർ ഈ ദാനകർമ്മം നിർവ്വഹിച്ചിരുന്നത് ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിൽ വെച്ചായിരുന്നു.

തുലാപുരുഷദാനത്തിന്റെ പ്രാരംഭമായി എട്ടു ദിവസത്തെ മതപരമായ ചടങ്ങുകൾ നടത്താറുണ്ട്. അവസാനദിവസം ആണ് തുലാപുരുഷദാനം.

ഒന്നാം ദിവസം മഹാരാജാവ് ഭദ്രദീപമണ്ഡപത്തിൽ വന്ന് പ്രധാന പുരോഹിതൻ സ്വർണ്ണ തളികയിൽ വച്ചിട്ടുള്ള പത്ത് സ്വർണ്ണ പ്രതിമകളെ അഭിഷേകം നടത്തി തീരുന്നതുവരെ ഇരുന്നശേഷം പന്ത്രണ്ട് ബ്രാഹ്മണർക്ക് ഭക്ഷണവും ദക്ഷിണയും നൽകുന്നു. തുലാപുരുഷദാനം നിർവ്വഹിക്കാനുള്ള അനുവാദത്തിനായി ഇപ്രകാരം ചോദിക്കുന്നു "അഹം തുലാപുരുഷദാനം കർത്തും ഇഛാമി" മറുപടിയായി "ക്രിയതാം" എന്നു പറയുന്നു. അതിനുശേഷം പൂജാദികൾക്കുള്ള പുരോഹിതന്മാരെ നിശ്ചയിക്കുന്നതിനായി അമ്പലത്തിന്റെ അകത്ത് പ്രവേശിക്കുകയും അവിടെ വച്ച് മുഖ്യപുരോഹിതന്മാരായ ആചാര്യന്മാർ, ഒരു ബ്രാഹ്മണൻ, ഒരു സദസ്യൻ, എട്ടു ഋത്വിക്കുകൾ, എട്ട് ജപകർ (വേദപാരായണം ചെയ്യുന്നവർ) എട്ട് പാഠകന്മാർ (പുരാണങ്ങൾ വായിക്കുന്നവർ) എന്നിങ്ങനെയായി ഇരുപത്തിയേഴ് പുരോഹിതന്മാരെ നിശ്ചയിക്കുന്നു.

രണ്ടാം ദിവസം മഹാരാജാവിനെ അത്തി, പേരാൽ, വടവൃക്ഷം

എന്നിവയുടെ തൊലി ഇട്ടു തിളപ്പിച്ച–പൂജാദികർമ്മങ്ങൾ നടത്തിയ–ജലം കൊണ്ട് അഭിഷേകം ചെയ്യുന്നു.

മൂന്നും നാലും അഞ്ചും ദിവസങ്ങളിൽ പ്രതിമകളുടെ പൂജ മാത്രമേ ഉള്ളൂ. ആറാം ദിവസം തുലാപുരുഷദാനം നിർവ്വഹിക്കാനുള്ള മണ്ഡപത്തെ അഭിഷേകം ചെയ്യുകയും വാസ്തുബലി നടത്തുകയും ചെയ്യുന്നു.

എ.ഡി. 1876–ൽ ആയില്യം തിരുനാൾ രാമവർമ്മ മഹാരാജാവ് നടത്തിയ തുലാപുരുഷദാനത്തിനു വേണ്ടി ശ്രീപത്മനാഭസ്വാമി ക്ഷേത്രവളപ്പിന്റെ തെക്ക് കിഴക്കേമൂലയിലാണ് മണ്ഡപം പണി തീർത്തിരുന്നത്. നാൽപ്പത്തിനാല് അടി നീളവും നാൽപ്പത് അടി വീതിയുമുള്ള ഓല മേഞ്ഞ ഒരു മണ്ഡപമായിരുന്നു അത്. ഇതിന്റെ മദ്ധ്യത്തിൽ ഒരടി ഉയർത്തി ഇരുപത്തിരണ്ട് അടിനീളവും പതിനഞ്ച് അടി വീതിയും ഉള്ള ഒരു വേദിയും ഉണ്ടാക്കിയിരുന്നു. ഈ വേദിയിലാണ് തുലാപുരുഷദാനം നിർവ്വഹിക്കാനുള്ള ത്രാസ് വയ്ക്കുന്നത്.

ഏഴാം ദിവസം ക്ഷേത്രദർശനത്തിനു ശേഷം മഹാരാജാവ് പ്രധാനപുരോഹിതനായ ആചാര്യനും മറ്റു പുരോഹിതന്മാരുമായി തുലാമണ്ഡപത്തിൽ ഉപവിഷ്ടനാകുന്നു. പ്രതിമകളുടെ പൂജകൾക്കുശേഷം അദ്ദേഹം കൊട്ടാരത്തിലേയ്ക്ക് മടങ്ങുന്നു. ഇതിനുശേഷം പ്രധാന ആചാര്യൻ മണ്ഡപം ശുദ്ധി കർമ്മം ചെയ്ത് മണ്ഡപത്തിന്റെ നാലു പ്രവേശന സ്ഥലങ്ങളിലും മഹാവിഷ്ണുവിന്റെ അടയാളങ്ങളായ ശംഖ്, ചക്രം, ഗദ, പത്മം എന്നിവ അടയാളപ്പെടുത്തിയിട്ടുള്ള അത്തി, ഇത്തി, പേരാൽ, അരയാൽ എന്നിവ കൊണ്ടുണ്ടാക്കിയ നാലു തൂണുകൾ സ്ഥാപിക്കുകയും തോരണങ്ങൾ കെട്ടി അലങ്കരിക്കുകയും പിന്നീട് മുഖ്യപുരോഹിതന്റെ സഹായികളായ ബ്രാഹ്മണർ മന്ത്രങ്ങളും പൂജകളും നടത്തി നൂറ്റി ഇരുപതു കുടം ജലം മണ്ഡപത്തിൽ തളിച്ചതിനുശേഷം മുഖ്യപുരോഹിതൻ മണ്ഡപത്തിൽ വച്ച് ലക്ഷ്മിപൂജ നടത്തുന്നു. ഇതിനുശേഷം ത്രാസും എഴുകയും വാദ്യമേളങ്ങളോടുകൂടി മണ്ഡപത്തിൽ സ്ഥാപിക്കുന്നു. തുലാപ്രതിമ ഉൾപ്പെടെ തൊണ്ണൂറ്റിമൂന്ന് സ്വർണ്ണ പ്രതിമകളിൽ കുറെയെണ്ണം എഴുകയിലും ബാക്കി ത്രാസിലും സ്ഥാപിക്കുന്നു. തുലാപുരുഷപ്രതിമ ത്രാസിന്റെ മദ്ധ്യത്തിൽ ആയിരിക്കും. സ്വർണ്ണപാത്രത്തിൽ വെള്ളം നിറച്ച് അവ പട്ടു കൊണ്ട് മൂടി ത്രാസിന്റെ അടിയിൽ വെയ്ക്കുന്നു. എട്ടു ജപപാലകർ നാലു വേദങ്ങളും അടുത്തു നിന്നു പാരായണം ചെയ്യുന്നു. എട്ടു പാഠകർ രാമായണം, മഹാഭാരതം എന്നീ പുരാണങ്ങളും ഭഗവത് ഗീതയും പാരായണം നടത്തും. മഹാരാജാവിന്റെ സാന്നിദ്ധ്യത്തിൽ ത്രാസിനും എഴുകയ്ക്കും പ്രധാന പുരോഹിതൻ പൂജാകർമ്മം നടത്തുന്നു. മഹാരാജാവ് കൊട്ടാരത്തിൽ നിന്നും തിരിച്ചു വന്ന് പന്ത്രണ്ടു ബ്രാഹ്മണർക്കു ദക്ഷിണയും ഭക്ഷണവും നൽകിയതിനു ശേഷം എട്ടു ദിക്പാലകർക്ക് മുഖ്യപുരോഹിതൻ പൂജകൾ നടത്തും. ഇതിനുശേഷം മഹാരാജാവ് ഈ ദേവതകൾക്കും ത്രാസിനും പുഷ്പാർച്ചന നടത്തും. ഇതോടുകൂടി ഏഴാം ദിവസത്തെ ചടങ്ങുകൾ തീരും.

എട്ടാം ദിവസം ക്ഷേത്രദർശനം കഴിഞ്ഞെത്തുന്ന മഹാരാജാവിനെ മണ്ഡപത്തിന്റെ തെക്കു കിഴക്കെ മൂലയിൽ വച്ച് പുണ്യാഹം തളിക്കുന്നു. പിന്നീട് ആഭരണങ്ങൾ അണിഞ്ഞു വലതു കൈയ്യിൽ വാളും ഇടതു കൈയ്യിൽ പുലിത്തോലു കൊണ്ടു മൂടിയ പരിചയും വളഞ്ഞ ഒരു ഖഡ്ഗവുമായി ക്ഷേത്രത്തിലേക്ക് എഴുന്നള്ളി സ്വർണ്ണകൊടി മരത്തിനു ചുവട്ടിൽ ഒരു ആനയെ നടക്കിരുത്തുന്നു. പിന്നീട് ഈ വേഷങ്ങൾ മാറി വലതു കൈയ്യിൽ യമന്റെയും ഇടതു കൈയ്യിൽ സൂര്യന്റെയും പ്രതിമകൾ വഹിച്ചുകൊണ്ട് ത്രാസിൽ കിഴക്കോട്ടു തിരിഞ്ഞ് പ്ലാവ് തടികൊണ്ടുണ്ടാക്കിയ (പട്ടിൽ പൊതിഞ്ഞ) ത്രാസിൽ വെച്ചിരിക്കുന്ന ഇരിപ്പിടത്തിൽ ഇരിക്കുന്നു. അപ്പോൾ വാളും പരിചയും മടിയിലാണ്. വേദമന്ത്രോച്ചാരണങ്ങളോടുകൂടി മറ്റേ തട്ട് നിലം പറ്റി കിടക്കത്തക്കവണ്ണം തുലാപുരുഷദാനത്തിനു വേണ്ടി പ്രത്യേകം ഉണ്ടാക്കിയ സ്വർണ്ണനാണയങ്ങൾ കൊണ്ട് നിറയ്ക്കുന്നു. അതിനുശേഷം മഹാരാജാവിനെ മണ്ഡപത്തിന്റെ വടക്കുകിഴക്കു ഭാഗത്തു വച്ച് കലശംകൊണ്ട് അഭിഷേകം ചെയ്യുന്നു. പുണ്യാഹം തളിക്കപ്പെട്ട ശേഷം മഹാരാജാവ് പ്രധാന പുരോഹിതനേയും മറ്റു ബ്രാഹ്മണരേയും നമസ്ക്കരിച്ച് അനുഗ്രഹം വാങ്ങുന്നു. പിന്നീട് തുലാമണ്ഡപത്തിൽ നിന്നും ഇറങ്ങി ക്ഷേത്രപ്രദക്ഷിണം ചെയ്തത് കൊട്ടാരത്തിലേക്ക് തിരിച്ചു പോകുന്നു. ഇതോടുകൂടി തുലാപുരുഷദാനാഘോഷങ്ങൾ അവസാനിക്കുന്നു.


തുലാപുരുഷദാനത്തിനു വേണ്ടി ത്രാസിൽ ഇടുന്ന സ്വർണ്ണ നാണയങ്ങളുടെ നാലിൽ ഒരുഭാഗം ഈ കർമ്മങ്ങൾ നടത്തുന്ന പുരോഹിതന്മാർക്കുള്ളതാണ്. ബാക്കി നാലിൽ മൂന്നു ഭാഗം ബ്രാഹ്മണർക്കായി ദാനം ചെയ്യുന്നു. ●

## മേജർ പ്രജിത് വർമ്മ



രാഷ്ട്രപതിയുടെ സേനാമെഡലിന് (ഗാലന്ററി അവാർഡ്) അർഹനായ മേജർ പ്രജിത് വർമ്മയെ പരിചയപ്പെടുത്തുന്നു. കിളിമാനൂർ കൊട്ടാരത്തിൽ അന്തരിച്ച പ്രതാപവർമ്മയുടെയും മാവേലിക്കര വലിയ കൊട്ടാരത്തിൽ ലക്ഷ്മിവർമ്മയുടെയും (വിജയാബാങ്ക്, കൊച്ചി) മൂത്തപുത്രനാണ് പ്രജിത്. 1998-ൽ സൈനിക സ്കൂളിൽ നിന്നും പാസ്സായി. നാഷണൽ ഡിഫൻസ് അക്കാദമിയിൽ നിന്നും 2001-ലും ഇന്ത്യൻ മിലിട്ടറി അക്കാദമിയിൽ നിന്ന് 2002-ലും പാസ്സ് ഔട്ടായി. 2006 റിപ്പബ്ലിക്ക് ദിനത്തിലാണ് രാഷ്ട്രപതിയുടെ ഗാലന്ററി അവാർഡ് ലഭിച്ചത്. പീഡിയാട്രിക് സർജൻ ഡോ. ആർ.ആർ. വർമ്മയുടെയും (മാവേലിക്കര) ഉമാവർമ്മയുടെയും (കിളിമാനൂർ) പുത്രി അപർണ്ണയാണ് ഭാര്യ.

# യാത്ര



**കെ.എൻ.എസ്. വർമ്മ**

പൊങ്ങിയും താന്നും പിന്നെ പൊങ്ങിയും ചെളിവെള്ളം
തിങ്ങിടും ചതിക്കുണ്ടിലിറങ്ങിക്കയറിയും
ആടിയുമുലഞ്ഞുമെൻ വാഹനം പതുക്കനെ
റോഡിലൂടിഴഞ്ഞുപോയ് കിതപ്പും മുരടുമായ്
"ഇല്ലില്ല തീർന്നില്ലിനി ഒന്നരകിലോമീറ്റർ
ചെല്ലണമുറപ്പായി നേർവഴിപൂകാൻ" പോലും!
പാതവക്കത്തെ മരച്ചോട്ടിൽ നിന്നാരോചൊല്ലി
യാതന സഹിക്കേണം ദുസ്സഹം ക്ലേശം കഷ്ടം!
അല്പമൊന്നിളച്ചിട്ടു പോയിടാം മുമ്പോട്ടിനി
നിർത്തി ഞാൻ തണൽ പറ്റിയിത്തിരിക്കുളിർ തേടി
മധുരം നുണഞ്ഞു ഞാൻ ഇളനീർക്കുടമൊന്നിൻ
കഥയും നേരംപോക്കും പറഞ്ഞങ്ങിരുന്നുപോയ്
നിത്യമെൻസഹചാരി പത്നിയും സഹോദരി-
യത്യഗാധമാമേതോ ചർച്ചയിൽ ലയിച്ചുവോ?
സാരികൾ കൂടിച്ചേർന്നാലീഷലില്ലതിനേതും
സാരിയെ ചുറ്റിപ്പറ്റിയായിടാം സംവാദങ്ങൾ
മംഗലഗാത്രി തന്റെ കല്യാണ വിശേഷങ്ങൾ
മങ്കമാർ കൂടിച്ചൊല്ലി നിർവൃതികൊള്ളുന്നേരം
കുശുമ്പും കുന്നായ്മയും നുണയും പരിഹാസ-
ച്ചിരിയും അലുക്കിട്ട പഴഞ്ചൻ കഥകളും
പവിഴം മുറ്റും ചുറ്റു പാടശേഖരങ്ങളും
നടനം ചെയ്യും സ്വർണ്ണക്കതിരിൻ കുലകളും
അലസം വീശുമിളം തെന്നലിൻ സുഗന്ധവും
വഴിയിൽ നീളെ പൂത്തുവിടരും സുമങ്ങളും
മനസ്സിൽ തിങ്ങിപ്പൊങ്ങും സുന്ദരസ്വപ്നങ്ങളും
അകമേ തീർത്തു സ്വർഗ്ഗം, നിമിഷം കൊഴിഞ്ഞു പോയ്
ചെമ്മണൽ നിരത്തിലുടഞ്ജസാ നീങ്ങി വീണ്ടും
രമ്യമാം ഗ്രാമം ഹൃത്തിൽ വർണ്ണങ്ങൾ എഴുതുമ്പോൾ
നേർവഴിയെത്തീ, വേഗം പട്ടണക്കവാടവും
പാവനം പുരാതനം ശ്രേഷ്ഠമാ സരസ്വതീ
ക്ഷേത്രവും പുണ്യാത്മാവാം സ്നേഹഗായകൻ ക്രിസ്തു
ക്ഷേത്രവും ഉദ്യോഗസ്ഥ മന്ദിരം, കർമ്മക്ഷേത്രം
നിരയിൽ നിറക്കൂട്ടിൻ നിർവൃതി ചാലിച്ചെഴും
മികവിൽ പണി തീർത്ത സുന്ദരഹർമ്മ്യങ്ങളും
സരസം കണ്ടും, നർമ്മം വിതറി ചിരിച്ചുംകൊ
ണ്ടരിയ മോദത്തോടെ നഗരം കടന്നെത്തി
ശുദ്ധമാം നീലാകാശപന്തലിലെരിയുന്ന
മദ്ധ്യാഹ്ന സൂര്യൻ കത്തിയുരുകും വേനൽക്കാലം
ദൂരെയാ കാനൽജലപാതയിൽ നിശ്ശബ്ദമായ്
ശ്വേതവർണ്ണമാമെന്റെ വാഹനം തുഴഞ്ഞേറി
ചില്ലുജാലകത്തിന്റെയുള്ളിലെ കൊടുംശീതം
ഫുല്ലമാം മുല്ലപ്പൂവിൻ മാദക സൗരഭ്യവും
കണ്ണിലാലസ്യത്തിന്റെ കനവും ഒന്നിച്ചാർത്തു
പർണ്ണശാലകൾ തീർത്തെൻ സിരയിലാവോളവും
ഭാഷണം നിലച്ചൊട്ടുമൂകയായ് സഭാതലം
ശേഷിപ്പോർ കൂടെയെൻ, കൺപീലിയുമടഞ്ഞിതോ
കണ്ണൊന്നു ചിമ്മി പാതിയുറക്കം കെടുത്തുമാ
ദണ്ഡനക്രിയ ചെയ്യും ശുഭ്രനാരിയെ കണ്ടു!
ദുഃഖിത പ്രിയതോഴി, സോദരി, സഹോദരർ,
ഉറ്റബന്ധുക്കൾ പിന്നെ സൗഹൃദം കാക്കുന്നോരും
പരതീ പലവട്ടം ഒറ്റയാളിനെ നോക്കി
ഗുരുവെ കണ്ടില്ല ഞാനേഴുനാൾ കഴിഞ്ഞിട്ടും!
ചിന്തയിൽ വിലപിച്ചു കൊണ്ടന്തരംഗം നീറി
വെന്തിടും നേരം ചൊല്ലി "മരമോ മരാശാരി" ⌘

# സ്മരണാഞ്ജലി

**സൗമ്യവതി തമ്പുരാട്ടി,**
**വയസ്ക്കര രാജ്ഭവൻ, കോട്ടയം**

കായലും തോടും കടന്നു ചെന്നെത്തുമ്പോൾ
കാത്തു നിന്നീടുന്ന സോദരനും
കൂടെ പത്നിയും ചിറകിലൊളിപ്പിച്ച
കൂട്ടം പിരിയാത്ത കുഞ്ഞുങ്ങളും
എല്ലാം ഓർമ്മയിൽ മാത്രമായി ഇനി
എല്ലാം നൊമ്പരപ്പൂക്കൾ മാത്രം
ഓണപ്പുടവയും വിഷുക്കൈനീട്ടവും
ഒത്തിരി ഒത്തിരി ഓർമ്മകളുമായ്
ഒന്നിങ്ങു വന്നെങ്കിലോർത്തുപോയ് ഒപ്പമായ്
ഇന്നെന്റെ കൺകൾ നനഞ്ഞുപോയി
കരളിൻ താളത്തിനർത്ഥമറിഞ്ഞു നീ
വിരൽ തുമ്പുതൊട്ടു നടന്നപ്പോൾ
സ്പർശനം നൂറുനൂറായിരം മുൻജന്മ
ഘർഷണമാണെന്നറിഞ്ഞതില്ല
മുറ്റത്തെച്ചെപ്പിൽ നിന്നാരോ അടർത്തിയ-
ങ്ങൊറ്റയ്ക്കു കൊണ്ടുപോയ് ദൂരെദൂരെ
ചുറ്റകം തന്നിലിന്നു മറഞ്ഞിരു-
ന്നൊറ്റയ്ക്കു തേങ്ങുന്നെൻ ചുണ്ടിണയും
ജന്മം തരുന്നവർക്കൊപ്പമായെത്തുന്ന
നന്മതൻ മന്ത്രങ്ങൾ സോദരന്മാർ
ഉന്മൂലനാശം ഭവിയ്ക്കാത്ത രത്നങ്ങൾ
ചിന്മയരൂപങ്ങളാ പ്രഭകൾ
എല്ലാം ഓർമ്മയിൽ മാത്രമായി ഇന്നു
എല്ലാം സ്വപ്നമയൂഖങ്ങളായ്

ഗുരുപവനപുരേ...

# അനുഭൂതി അനുഭവപ്പെട്ട അനർഘനിമിഷങ്ങൾ (തുടർച്ച)



**പി. കുഞ്ഞൻരാജ**

ആറാട്ട്, പള്ളിവേട്ട ദിവസങ്ങളിൽ ഭഗവാനെ പുറത്തേക്കു എഴുന്നള്ളിക്കുന്നതിന് മുമ്പ് കൊടിമരച്ചുവട്ടിൽ പഴക്കാമണ്ഡപത്തിൽ എഴുന്നള്ളിച്ച് വച്ച് അവിടെതന്നെയാണ് ദീപാരാധന നടത്താറുള്ളത്. ഭഗവാനെ പുറത്തേക്കു എഴുന്നള്ളിക്കുമ്പോൾ ഞങ്ങൾക്ക് ഞങ്ങളുടെ വീടിന്റെ മുമ്പിൽ നിന്നു തന്നെ ദർശനത്തിന് സാധിച്ചിരുന്നത് ഒരു പ്രത്യേക അനുഭവമാണ്.

ഇനി മണ്ഡലക്കാലത്തെ ഏകാദശി വിളക്കുമായി ബന്ധപ്പെട്ട ചില സംഭവങ്ങളെപ്പറ്റി പ്രതിപാദിക്കാം. ഇതിൽ രാത്രിയിലെ വിളക്കെഴുന്നള്ളിപ്പും തുടർന്നുള്ള എടക്ക പ്രദക്ഷിണവുമാണ് ഏറെ പ്രധാനം. ഇതിന്റെ സവിശേഷത ഇടക്കയും നാദസ്വരവും ചേർന്ന ശ്രുതി മധുരമായ ഒരു നാദലഹരി തന്നെയാണ്. ഈ പ്രദക്ഷിണ സമയത്ത് നാലു ഭാഗത്തുമുള്ള എല്ലാവിളക്കുകളും തെളിയിക്കും. രാത്രി 11 മണിയോടു കൂടി നടക്കുന്ന എല്ലാ ദൃശ്യശ്രവ്യപരിപാടികളും ഒന്നിച്ചു ചേരുമ്പോൾ ഉണ്ടാകുന്ന അനുഭൂതിദായകമായ ഈ ചടങ്ങ് ഈ യാമത്തിന്റെ ഒരു സവിശേഷതകൂടിയാണ്.

ഇതിനിടയിൽ ഞാൻ അന്നു ജോലി ചെയ്തിരുന്ന തൃശ്ശൂർ ചെറുകിടകർഷക ഏജൻസിൽ കേന്ദ്ര ഗവർമെന്റിൽ നിന്ന് ഒരു ഉദ്യോഗസ്ഥൻ നിരീക്ഷണത്തിനും നിർദ്ദേശത്തിനും മറ്റുമായി വന്നു. പ്രസ്തുത ഏജൻസി പൂർണ്ണമായി ഒരു കേന്ദ്രസർക്കാർ പദ്ധതിയായതുകൊണ്ടാണ് ഈ ഉദ്യോഗസ്ഥൻ വന്നത്. അദ്ദേഹം തന്റെ ഗുരുവായൂർ ദർശനത്തിനുള്ള ആഗ്രഹം പ്രകടിപ്പിച്ചപ്പോൾ ഞാൻ അതു സന്തോഷത്തോടു കൂടെ ഏറ്റെടുത്തു. ഞങ്ങൾ രണ്ടുപേരും കൂടെ വൈകുന്നേരും ഗുരുവായൂരിൽ പോയി ദീപാരാധന സമയത്തു ദർശനം നടത്തി. അപ്പോൾ തന്നെ അദ്ദേഹത്തിന് അത്ഭുതമായി. ഇതിലും അത്ഭുതകരമായ സംഭവം കാണിച്ചുതരാം എന്ന് ഞാൻ പറഞ്ഞു. രാത്രി 10 മണിക്കു താങ്കൾ താമസിക്കുന്ന സ്ഥലത്തു ഞാൻ വരാം എന്നു പറഞ്ഞപ്രകാരം ഞാൻ അദ്ദേഹത്തെ കൂട്ടിക്കൊണ്ടുപോയി മേൽപ്രസ്താവിച്ച വിളക്കെഴുന്നള്ളിപ്പിൽ പങ്കെടുത്തു. ചില പ്രത്യേക സന്ദർഭങ്ങളിൽ ആലവട്ടം പിടിക്കുകയും വെഞ്ചാമരം വീശുകയും പതിവുള്ള ആ സമയത്തു തന്നെ ഞാൻ അദ്ദേഹത്തിന് ഇതെല്ലാം വിശദീകരിച്ചു കൊടുത്തു. അദ്ദേഹം ഇതെല്ലാം കണ്ട് അത്ഭുതത്തോടെ ഇതു ലോകത്തിലെ സ്വർഗ്ഗമാണെന്നും ഇത്തരമൊരു പരിപാടി വടക്കെ ഇന്ത്യയിലൊന്നും ഇല്ലെന്നും പറഞ്ഞു. ഞാൻ ഉദ്ദേശിച്ച കാര്യം സാധിച്ചതിൽ എനിക്കും വളരെ സന്തോഷമായി. നവമി വിളക്കിന്റെ സവിശേഷത വിളക്കുകളെല്ലാം തെളിയിക്കുന്നത് നെയ്യ് കൊണ്ടാണ്. നറുനെയ്യ് ഒഴിച്ചു കത്തിക്കുമ്പോൾ ഉണ്ടാകുന്ന പ്രത്യേക ദിവ്യപ്രകാശം കാണേണ്ടതുതന്നെയാണ്. പ്രസ്തുത വിളക്ക് എന്റെ സുഹൃത്ത് കൊളടി ഗോവിന്ദൻകുട്ടി അവർകളുടെ വകയായതുകൊണ്ട് ഞാൻ അതിൽ പ്രത്യേകമായും പങ്കെടുക്കാറുണ്ട്. ഏകാദശി വിളക്കിനു വിശേഷിച്ചൊന്നുമില്ല. പക്ഷെ, ഞാൻ ആ ദിവസം എങ്ങനെയെങ്കിലും അകത്തുകടന്നു ദർശനം നടത്തും. അന്ന് തൊഴുന്നതിന്റെ പ്രാധാന്യം എല്ലാവർക്കും അറിയാവുന്നതുകൊണ്ട് അതിനെപ്പറ്റി ഒന്നും എഴുതുന്നില്ല. ഏകാദശി വിളക്കുകാലത്താണ് സംഗീതാചാര്യൻ ചെമ്പൈ വൈദ്യനാഥഭാഗവതർ അവർകളെ അനുസ്മരിച്ചു നടത്തുന്ന സംഗീത വിരുന്ന്. തെക്കേ ഇന്ത്യയിലെതന്നെ പ്രസിദ്ധമായ ഒരു സംഗീത പരിപാടിയാണ് ഇത്. അതുകൊണ്ട് ഈ പരിപാടിയിൽ സാദ്ധ്യമാകുമ്പോഴെല്ലാം ഞാൻ പങ്കെടുക്കാറുണ്ട്. സംഗീതമെന്നാൽ ഭക്തിയുടെ ഒരു പര്യായം തന്നെയാണ്, അതിനാൽ തന്നെ ഇതും അനുഭൂതിദായകമായ അനർഘനിമിഷങ്ങളാണ്.

ഇനി വൈശാഖ പുണ്യമാസത്തിലെ പ്രധാന്യത്തെപ്പറ്റി പ്രതിപാദിക്കാം. ഈ കാലയളവിലെ ദർശനം പുണ്യദർശനം ആണെന്നതാണ് പരക്കെയുള്ള വിശ്വാസം. വിശേഷ ദിവസങ്ങൾ ബലരാമന്റെ പിറന്നാളായ അക്ഷതൃതീയ മാത്രമാണ്. ഈ മാസത്തിൽ 4 ഭാഗവതസപ്താഹം തുടർച്ചയായി നടക്കുന്നുവെന്നുള്ളതാണ് ശ്രദ്ധേയമായ കാര്യം.

ഇനി ഈ ലേഖനത്തിലെ ഏറ്റവും പ്രാധാന്യമുള്ള വിഷയമാണ് പ്രതിപാദിക്കാൻ പോകുന്നത്. എനിക്ക് വർഷങ്ങൾക്കുമുമ്പ് ഒരു അസഹ്യമായ വിഷമം അനുഭവപ്പെട്ടു. ഇതിനെ അതിജീവിക്കാൻ പലേ ഉപാധികളുടെയും കൂട്ടത്തിൽ ഞാൻ വിശ്വസിക്കുന്ന പ്രാർത്ഥനയും ഉൾപ്പെട്ടിരുന്നു. ബാല്യകാലത്ത് ഒരു ഇംഗ്ലീഷ് പദ്യത്തിലെ പ്രാർത്ഥനകളുടെ പ്രാധാന്യത്തെപ്പറ്റി പഠിച്ചത് ഈ

സമയത്തു ഞാൻ സ്മരിക്കുകയാണ്. അതിന്റെ മലയാള വിവർ ത്തനം ഏകദേശം ഇങ്ങിനെയാണ്. "ലോകം സ്വപ്നം കാണുന്നതിനേക്കാൾ വള രെക്കൂടുതൽ കാര്യങ്ങൾ പ്രാർത്ഥന കൊണ്ട് ലഭ്യമാകും." അങ്ങിനെ പ്രാർത്ഥിച്ചുകൊണ്ടിരിക്കുമ്പോൾ ഒരു ദിവസം യാദൃശ്ചികമായി സംപൂജ്യ ശ്രീശങ്കരാചാര്യ സ്വാമികൾ രചിച്ച 'ഭുജംഗപ്രയാഗ'ത്തിലെ രണ്ടുവരികൾ എന്റെ മനസ്സിൽ ഓർമ്മയിൽ വന്നു. ഇത് എല്ലാവർക്കും അറിയാവുന്ന കാര്യമാണെങ്കിലും എന്റെ അഭി പ്രായം ഇങ്ങനെയാണ്. തികച്ചും നൂറ് ശതമാനം അർത്ഥപൂർണ്ണവും ശക്തിയേറിയതും വ്യക്തമായതുമായ ഈ പദ്യശകലം രചിക്കുവാൻ സംപൂജ്യ ശങ്കരസ്വാമികൾക്കു മാത്രമേ സാധ്യമാകു എന്നു ഞാൻ വിശ്വസിക്കുന്നു.

താഴെ ചേർക്കുന്ന പദ്യ ശകലം വായിച്ചാൽ നിങ്ങൾക്കും അതു ബോദ്ധ്യമാകും.

*ഭുജം ഗേ ശയനം ഭജേപത്മനാഭം*

*ഹരേതന്യദൈവം നമന്യേ നമന്യേ*

ഞാൻ മനസ്സിലാക്കുന്ന അർത്ഥം ഇങ്ങിനെയാണ്. "അനന്ത ന്നുമേൽ ശയിക്കുന്ന ശ്രീപത്മനാഭ സ്വാമിയെയല്ലാതെ മറ്റൊരു ദൈവത്തെ എനിക്കു ഭജിക്കുവാൻ ഇല്ലേ ഇല്ല". നമന്യേ നമന്യേ എന്ന് രണ്ടു പ്രാവശ്യം ആവർത്തിച്ചത് ഉദ്ദേ ശിക്കുന്ന കാര്യം എന്റെ ശക്തി കൂട്ടാ നാണ്. അതുകൊണ്ടാണ് ഞാനും ഇല്ലേ ഇല്ല എന്നു രണ്ടു പ്രാവശ്യം പ്രതിപാദിച്ചത്. ഇപ്പോൾ ആദ്യം എഴുതിയ വസ്തുത നിങ്ങൾക്കു ബോദ്ധ്യപ്പെട്ടിരിക്കുമെന്ന് വിശ്വസി ക്കുന്നു. ഞാൻ ഒരു കാര്യം പറയു വാൻ വിട്ടുപോയത് ഇപ്പോൾ എഴു തുകയാണ്. എനിക്ക് ഈ ഈരടിക ളുടെ അർത്ഥം ബോദ്ധ്യമായതു മുതൽ ഞാൻ ഇതിനെ എന്റെ ഇഷ്ട മന്ത്രമായി സ്വീകരിച്ചു. സൗകര്യം കിട്ടുമ്പോഴെല്ലാം ഇതു ജപിക്കുമായി രുന്നു. ഇതും ഇപ്പോഴും തുടരുന്നു മുണ്ട്.

മറ്റൊരു സുപ്രധാന സംഭവം. ഇത് എല്ലാവർക്കും അറിയാവുന്ന കഥയാണെങ്കിലും എന്നെ സംബന്ധി ച്ചിടത്തോളം ഒരു പ്രധാന സംഭവമാ യതു കൊണ്ട് പ്രത്യേകം എടുത്തു പറയാനുണ്ട്. ബാല്യകാലത്തു കേട്ട കഥയാണിത്. സംപൂജ്യ വില്വമംഗലം സ്വാമിയാർ അവർകൾക്കു ഗുരുവാ യൂരപ്പൻ നേരിൽ ദർശനം കൊടുക്കാ റുണ്ട്. ഒരു ദിവസം ഉണ്ണികൃഷ്ണ നായി ദർശനം കൊടുക്കുകയും ഒരു വികൃതി കാണിക്കുകയും ചെയ്ത പ്പോൾ സ്വാമിയാർക്ക് അല്പം ദേഷ്യം വന്നു. കൈകൊണ്ട് മാറു വാൻ ആംഗ്യം കാണിച്ചു. ഇത് ഉണ്ണി ക്കൃഷ്ണനും അല്പം വിഷമമായതു കൊണ്ട് സ്വാമിയാർ അവർകളോട് 'ഇനി എന്നെ കാണണമെങ്കിൽ അന ന്തൻ കാട്ടിൽ വരണമെന്ന് പറഞ്ഞ് പ്രതികരിച്ചു. ഇതുകേട്ട് സ്വാമിയാർ അതീവദുഃഖിതനായെങ്കിലും അദ്ദേഹം ഉടനെതന്നെ അനന്തൻ കാട് തേടി പുറപ്പെട്ടു. വളരെ വിഷ മിച്ച് പ്രസ്തുത കാട് കണ്ടു പിടിക്കു കയും അവിടെ ശ്രീ പത്മനാഭസ്വാ മിയെ ദർശിക്കുകയും ചെയ്തു. ഇതു തെളിയിക്കുന്നത് ഗുരുവായൂര പ്പൻ തന്നെയാണ് പത്മനാഭസ്വാമി എന്നാണല്ലോ.

ഞാൻ തിരുവനന്തപുര ത്തേക്കു താമസം മാറ്റിയപ്പോൾ ഗുരു വായൂരപ്പൻ എന്നോട് യാതൊരു വിഷമവും വേണ്ട എന്നും ഗുരുവാ യൂരപ്പനെ ദർശിക്കുന്നതിന് പകരം ശ്രീപത്മനാഭസ്വാമിയെ ദർശിച്ചാൽ മതിയെന്നും സൂചിപ്പിച്ചതാണോ ഇതിന്റെ ഉദ്ദേശമെന്നും എനിക്കു തോന്നുന്നു. ⌘

# നൈമിഷാരണ്യം

## ശോഭനീയം – 2008

**സി.കെ. കേരളവർമ്മ, ചിറയ്ക്കൽ കോവിലകം**

മുംബൈ ഭീകരാക്രമണത്തിൽ ജീവൻ നഷ്ടപ്പെട്ടവരുടേയും, സ്വയം രക്ഷ മറന്ന് രാജ്യത്തെ രക്ഷിയ്ക്കാൻ ധീര മായി പൊരുതി അവസാനം വീരമൃത്യു വരിക്കേണ്ടി വന്ന നമ്മുടെ ധീരജവാന്മാ രുടേയും ആത്മാക്കൾക്ക് നിത്യശാന്തി നേരുവാനും, അവരുടെ ദുഃഖാർത്തരായ കുടുംബാംഗങ്ങൾക്ക് ഈ ദുഃഖത്തെ അതിവർത്തിക്കാനുള്ള ശക്തി നല്കണ മെയെന്നും ആമുഖമായി പ്രാർത്ഥിച്ചു കൊണ്ട് വിഷയത്തിലേക്ക് കടക്കട്ടെ.

മഹാത്മാഗാന്ധി, ഇന്ദിരാഗാന്ധി, രാജീവ്ഗാന്ധി ഇവരെല്ലാം വധിക്കപ്പെട്ടത് ഭീകരപ്രവർത്തനത്തിന്റെ ഇരയായിട്ടാണ്. ഇപ്പോഴിതാ 2008 ന്റെ അവസാനനാളു കളിൽ രാജ്യത്തെ മുഴുവൻ നടുക്കിയ തീവ്രവാദ ഭീകരതയുടെ ദുഷ്ഫലം ബോംബു സ്ഫോടനങ്ങളിലൂടെ തല സ്ഥാനനഗരിയായ ഡൽഹിയും വാണിജ്യ തലസ്ഥാനമായ മുംബെയും അനുഭവിച്ച റിഞ്ഞത് മുഴുവൻ ഭാരതീയരേയും ദുഃഖ ത്തിലും, ഭീതിയിലും ആഴ്ത്തിയിരിക്കുക യാണ്. ഈ അവസരത്തിൽ വിവിധ മാധ്യമ ചാനലുകൾ പകർത്തിയ തീവ്രവാദ ഭീക രരംഗങ്ങൾ നമ്മുടെ മനസ്സിൽ അലയടി ക്കാതിരിക്കില്ല, ഒരു ഫ്ളാഷ് ബാക്ക് പോലെ. അത്രയ്ക്കും ഭീകരതാണ്ഡവമാ ടിയ രംഗങ്ങൾ കാണാനായിരുന്നു നമ്മുടെ വിധി എന്നോർത്ത് ദുഃഖിക്കുക യല്ലാതെ വേറെ മാർഗ്ഗമില്ല. ഇന്ത്യാചരിത്ര ത്തിലെ തന്നെ അത്യുഗ്രമായ ഭീകരാക്ര മണം എന്ന് വിശേഷിപ്പിക്കാവുന്നതിന പ്പുറം ഭാരതാംബയുടെ ഹൃദയം വെട്ടി മുറിവേല്പിച്ച ഈ ഭീകരാക്രമണത്തിന്റെ പിന്നിലെ കണ്ണികൾ, ആരായാലും അവർ ഒരിക്കലും മാപ്പർഹിക്കുന്നില്ല. സംഭവ ത്തെപ്പറ്റി ഒരു പോസ്റ്റ്മാർട്ടം നടത്തി കുറ്റ വാളികൾക്കെതിരെ ശിക്ഷാനടപടികൾ സ്വീകരിച്ചു വരുന്നതോടൊപ്പം ഇത്തരം തീവ്രവാദഭീകരതകൾ ഒരു തുടർസംഭവ മായി മാറാതിരിക്കാൻ സർക്കാർ സത്വര നടപടികൾ കൈക്കൊള്ളേണ്ടിയിരി ക്കുന്നു. ഭാരതീയരായ നാം ജാതി-മത- രാഷ്ട്രീയഭേദമെന്യേ ഒറ്റക്കെട്ടായി നിന്നു കൊണ്ട് സർക്കാരിന്റെ കരങ്ങൾക്ക് ശക്തി നല്കാൻ മുന്നിട്ടിറങ്ങും എന്ന് പ്രതിജ്ഞ

*തുടർച്ച 23–ാം പേജിൽ*

# മരത്തിൽ കാണണം

**ആർ. ശ്രീലതാ വർമ്മ**

മാനത്തും മണ്ണിലും
കാണുന്നതൊക്കെ
മരത്തിൽ കാണാൻ
എങ്ങനെയോ പഠിച്ചതാണ്.
നോക്കിയിരിക്കേ,
ആകാശത്തേക്ക് വിടർന്ന
ജടകൾ,
ഭൂമിക്ക് സമർപ്പിച്ച നോട്ടം,
പ്രഭ വിടർത്തിയ
നടരാജ രൂപം-ശിവം, സനാതനം
പിന്നെ,
ഏതോ നാടോടിയുടെ ദുഃഖം
കനം തിളങ്ങുന്ന വേരുകളിൽ
മൃഗതൃഷ്ണകൾ ആഴത്തിലേക്ക്
പടർന്നിറങ്ങുമ്പോൾ
വന്യമായ ഇരുട്ടിലും ഈർപ്പത്തിലും
ചില പൂർവ്വ ലോക സ്മരണകൾ
ആദ്യ കിരണത്തിന്റെ
തളിർപ്പും തിണർപ്പും
ഇളകുന്ന കാറ്റിനോട്
ആദ്യം പങ്കിട്ട സ്വകാര്യം
പരന്നു പൊങ്ങുന്ന
ജലവിതാനത്തിൽ
ഉടലിന്റെ നേർത്ത വിറയൽ
മണ്ണിന്റെ മൗനം
ചില്ലകളിൽ തളിർത്തു,
തളിരുകൾക്ക് നാവു മുളച്ചു
ഇത്രനാൾ മിണ്ടിയതില്ലെന്ന ഖേദം
അതോടെ തീർന്നു.
നക്ഷത്രങ്ങൾ ലക്ഷ്യമാക്കി
പറക്കാൻ വെമ്പുന്ന
മാലാഖമാരെപ്പോലെ പൂക്കൾ,
അവർ അഷ്ടദിക്കുകളെ പ്രണമിച്ചു
കല്പാന്തത്തിൽ, പക്ഷേ,
വേരും ചില്ലയും പൂവും വിത്തും മറഞ്ഞു
ചുറ്റും പ്രളയജലത്തിന്റെ
ഒടുങ്ങാത്ത വായ്ത്താരി
നടുവിൽ ഒരില മാത്രം
എന്നാൽ രക്ഷകൻ എവിടെ?
ഇല തല്പമാക്കി കാൽവിരൽ
നുകർന്നു കിടന്ന്
ഒടുങ്ങാത്ത അത്ഭുതങ്ങൾ സൃഷ്ടിക്കാൻ
ഇനിയും എത്തിച്ചേരാത്തതെന്ത്?

●

# കാലത്തിന്റെ കണ്ണുനീർ

**ഗായത്രീ വർമ്മ, എഴുമറ്റൂർ പാലസ്**

ഒരുതുള്ളി ദാഹജലത്തിനായ് കേണു
കരിയുമീ മാമര ജാലങ്ങളൊക്കെയും
കരുണയ്ക്കായ് പത്രങ്ങൾ നീട്ടിനിന്നു
ഉരുകും വെയിലിലാ പാദപങ്ങൾ

ഇടിയായിട്ടട്ടഹസിച്ചു മേഘം
മിന്നലായി പൊട്ടിച്ചിരിച്ചു മാനം
മഴമേഘമെങ്ങോട്ടോ മാറിപ്പോയി
ചീറിയടിച്ചൊരാതെക്കൻ കാറ്റിൽ

അകലെയേതോ നാട്ടിൽ പെയ്തുതീർന്നു
കരുണകാണാ കരിമേഘങ്ങളൊക്കെ
പാഴായ സ്വപ്നവും വേദനയും
പാരിനെയാകെ പൊതിഞ്ഞ നാളിൽ

ശാപവചസ്സുകൾ നാവിലുണർന്നോ?
എന്നിലെ ചേതോ വികാരമുണർന്നോ?
ഇത്രയ്ക്കും ക്രൂരയാണോ പ്രകൃതി
മക്കളെ കാക്കുന്നൊരമ്മയല്ലേ?

കാലത്തിൻ മായാ വിലാസത്താലെ
കരിമേഘക്കാടുകൾ വീണ്ടുമെത്തി
ഏറെ നാളായിട്ടു കാത്തിരുന്ന
വേനലിലെത്തിയ മാരിയല്ലേ

പ്രകൃതിയാം പെണ്ണുകുളിച്ചൊരുങ്ങി
പൊഴിയുന്ന മാരി ജലത്തിനാലെ
കുളികഴിഞ്ഞീറനും ചേലയെല്ലാം
പൂന്തെന്നൽ ചിക്കിയുണക്കിടുന്നു

പൂമ്പട്ടുനെയ്തൊരാചേലയൊന്നും
പൊള്ളും വെയിലിലുണക്കിടൊല്ലാ
നാടിനെ ഹർഷത്താലാഞ്ഞു പുൽകി
കാലവർഷത്തിന്റെ താളമേളം
മഴയിൽ കുളിച്ചവളാടിപ്പാടി
ഇളകുന്നമാമരച്ചില്ലയാലെ
നാളെ പുലരുമ്പോ പുഞ്ചിരിക്കാൻ
പൂമൊട്ടു പുളകങ്ങൾ ചൂടിവെമ്പി

കാലങ്ങളെന്നെന്നും മാറി മാറി
വീഴുന്നു സൃഷ്ടിതൻ ദർപ്പണത്തിൽ
പാടെ ശപിയ്ക്കരുതൊന്നിനെയും
പാഠം പഠിച്ചു ഞാനന്നുതന്നെ

ദുഃഖങ്ങളൊക്കെയും മാറിയെത്തും
സന്തുഷ്ടിതന്നുടെയാഗമത്താൽ
വെയിലും വെളിച്ചവും വീണ്ടുമെത്തും
മഴയും മുകിലും കുറെ മാറിയെന്നാൽ

●

കേരളത്തിലെ രാജവംശങ്ങൾ

# കൊടുങ്ങല്ലൂർ രാജവംശം

## (മൂന്നാം ഭാഗം)

കൊടുങ്ങല്ലൂർ കുഞ്ഞുണ്ണിരാജ

### കൊടുങ്ങല്ലൂർ ഗുരുകുലം

**പെ**രുമാക്കന്മാരുടെ ഭരണ കാലം, കൊടുങ്ങല്ലൂരിന്റെ ചരിത്ര ത്തിലെ ഒരു സുവർണ്ണ കാലഘട്ടമാ യിരുന്നു. ഇവരുടെ കാലശേഷം കൊടുങ്ങല്ലൂരിന്റെ യശോധാവള്യം ക്ഷയോന്മുഖമായി തീർന്നു. കൊടു ങ്ങല്ലൂരിന്റെ നഷ്ടപ്പെട്ട യശസ്സ് വീണ്ടെ ടുത്തത് കൊടുങ്ങല്ലൂർ കോവലി കത്തെ വിദ്വാന്മാരും വിദുഷികളുമായ രാജകുടുംബാംഗങ്ങളാണ്. അവരുടെ കാലഘട്ടത്തിൽ കൊടുങ്ങല്ലൂർ കോവിലകം ഒരു സർവ്വകലാശാല തന്നെയായിരുന്നു. കൊടുങ്ങല്ലൂർ ഗുരുകുലം എന്ന പേരിലാണ് ഈ സർവ്വകലാശാല അറിയപ്പെട്ടിരുന്നത്. 'കേരളത്തിലെ നളന്ദ' എന്നാണ് പ്രൊഫസർ ശിവരാമമേനോൻ ഈ ഗുരുകുലത്തെ വിശേഷിപ്പിച്ചിട്ടുള്ളത്.

'വീണക്കാരൻ വലിയ തമ്പു രാൻ' എന്ന പ്രശസ്തനായ കുഞ്ഞി രാമവർമ്മ തമ്പുരാനാണ് (1027–ൽ തീപ്പെട്ട വലിയ തമ്പുരാൻ) ഈ ഗുരു കുലത്തിലെ ആദ്യഗുരു. ഇദ്ദേഹ ത്തിന്റെ അനന്തിരവൻ, (വിദ്വാൻ ഇളയതമ്പുരാൻ' എന്ന് കേരളത്തിന കത്തും പുറത്തും പ്രസിദ്ധനായി രുന്ന) ഗോദവർമ്മ തമ്പുരാനാണ് ഈ ഗുരുകുലത്തെ ഒരു സർവ്വകലാ ശാലയായി ഉയർത്തിയത്. സ്വാതിതി രുനാളിന്റെ സമകാലീനനായ ഇദ്ദേഹം കാവ്യ നാടകാലങ്കാരാദി കൾക്കുപുറമെ, വ്യാകരണം, തർക്കം, ജ്യോതിഷം, തച്ചുശാസ്ത്രം, സ്മൃതി, വൈദ്യം, സംഗീതം അഭിനയം മുതലായ വിഷയങ്ങളിൽ അസാമാന്യ അറിവു നേടിയിരുന്നു.

ഈ ഗുരുകുലത്തിന്റെ ആരം ഭത്തിൽ ഇദ്ദേഹം തന്നെ ആയിരുന്നു, ഈ വിഷയങ്ങളെല്ലാം അഭ്യസിപ്പിച്ചി രുന്നത്. കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ മാതാമഹി, കൊച്ചതമ്പുരാട്ടി, കുംഭ കോണം കൃഷ്ണ ശാസ്ത്രികൾ മുതലായവർ ഇദ്ദേഹത്തിന്റെ ശിഷ്യ രായിരുന്നു. വിദ്വാൻ ഇളയതമ്പുരാന്റെ കാലശേഷം ഈ ഗുരുകുലത്തിൽ വിവിധ വിഷയങ്ങൾ പഠിപ്പിച്ചിരുന്ന പ്രധാനികളായ തമ്പുരാക്കന്മരെ യെല്ലാം വ്യാകരണം പഠിപ്പിച്ചത്, ഈ ശാസ്ത്രികളാണ്. അതിനാൽ കുംഭ കോണം കൃഷ്ണശാസ്ത്രികളെ ഈ ഗുരുകുലത്തിന്റെ നെടും തൂണായി കണക്കാക്കിപ്പോന്നിരുന്നു.

വിദ്വാൻ ഇളയതമ്പുരാന്റെ കാലശേഷം, കൊച്ചതമ്പുരാട്ടിയുടെ മക്കളായ 'ശക്രൻ' എന്ന ഗോദവർമ്മ തമ്പുരാൻ, വിദ്വാൻ കുഞ്ഞിരാമവർമ്മ തമ്പുരാൻ, വലിയ കുഞ്ഞുണ്ണി തമ്പു രാൻ എന്നിവരായിരുന്നു ഈ ഗുരു കുലത്തിലെ പ്രധാനപ്പെട്ട അദ്ധ്യാപ കർ. ഇവരെ പിൻതുടർന്ന്, വലിയ കൊച്ചുണ്ണി തമ്പുരാൻ കുഞ്ഞൻ തമ്പുരാൻ, ചെറിയ കൊച്ചുണ്ണി തമ്പു രാൻ (കവിസാർവ്വഭൗമൻ) 'ഭട്ടൻ' എന്ന ഗോദവർമ്മ തമ്പുരാൻ എന്നി വർ ഈ സ്ഥാനത്തു വന്നു. ഇവരിൽ അനേകം ശിഷ്യപരമ്പരയോടെ ശോഭിച്ചിരുന്നത് വലിയ കൊച്ചുണ്ണി തമ്പുരാനായിരുന്നു. കാവ്യനാട കാലങ്കാരങ്ങൾ, ജ്യോതിഷം, തച്ചു ശാസ്ത്രം, വൈദ്യം, ഇവയെല്ലാം പഠി പ്പിച്ചിരുന്നതിദ്ദേഹമായിരുന്നു. എന്നാൽ, ഈ മഹദ് വ്യക്തിയെ ക്കുറിച്ച്, വളരെയധികമൊന്നും ഇന്നാർക്കും അറിയുകയില്ലെന്നതാണ് ഖേദകരമായ വസ്തുത (1)

ഈ ഗുരുകുലത്തിലെ അവ സാന കണ്ണികളാണ്, മഹാകവി കുഞ്ഞിക്കുട്ടൻ തമ്പുരാൻ, അദ്ദേഹ ത്തിന്റെ അനുജൻ 'ഭാഗവതർ' കുഞ്ഞുണ്ണി തമ്പുരാൻ, 'ഭട്ടൻ' തമ്പു രാന്റെ അനന്തിരവളായ 'പണ്ഡിത രാജ' കൊച്ചിക്കാവു തമ്പുരാട്ടി എന്നി വർ. 'ഭട്ടൻ' തമ്പുരാന്റെ ശിഷ്യനും, അനന്തിരവൾ കൊച്ചിക്കാവുതമ്പുരാ ട്ടിയുടെ ഭർത്താവുമായ 'താർക്കിക തിലകൻ' മാന്തിട്ടകുഞ്ചുനമ്പൂതി രിയും ഈ ഗുരുകുലത്തിനൊരു മുതൽക്കൂട്ടായിരുന്നു. ഇവരിൽ കുഞ്ഞിക്കുട്ടൻതമ്പുരാൻ, ആരേയും വിദ്യയഭ്യസിപ്പിച്ചതായി കേട്ടോ, വായിച്ചോ അറിവില്ല. എന്നാൽ ഇദ്ദേഹം കവിതാരചനയിൽ പല യുവ പ്രതിഭകളേയും, കൈപിടിച്ച് ഉയർത്തുന്നതിൽ ഉത്സുകനായിരുന്നു. കൊട്ടാരത്തിൽ ശങ്കുണ്ണി, ഒറവങ്കര നീലകണ്ഠൻ നമ്പൂതിരി (രാജൻ), അമ്പാടി നാരായണപൊതുവാൾ, സാഹിത്യപഞ്ചാനനൻ പി.കെ നാരായണപിള്ള, ചങ്ങരം കോത കൃഷ്ണൻ കർത്താവ് എന്നിവരെല്ലാം ഇങ്ങിനെ ഉയർന്നുവന്നവരാണ്. കൂടാതെ, കവിതാ മത്സരങ്ങളുടെ പരീക്ഷകനായും ഇദ്ദേഹം പ്രവർത്തി ച്ചിട്ടുണ്ട്. (അനുബന്ധം നോക്കുക)

*(1) ഈ ലേഖകന് വലിയ കൊച്ചുണ്ണിത്തമ്പുരാനെക്കുറിച്ച് ഏതാനും ചില കാര്യങ്ങൾ മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. കൂടുതൽ വിവരങ്ങൾ അറിയാവുന്നവർ, ആ വിവരം, കൊടുങ്ങല്ലൂർ കുഞ്ഞുണ്ണിരാജ, അനന്തപുരം പാലസ്, പി.ഒ. കുമാര പുരം, പിൻ – 690548 ഹരിപ്പാട് എന്ന മേൽവിലാസത്തിലറിയിക്കുവാൻ താല്പര്യപ്പെടുന്നു.*

ഭാഗവതർ കുഞ്ഞുണ്ണി തമ്പുരാൻ രസാഭിനയവും, കൊച്ചിക്കാവു തമ്പുരാട്ടി കാവ്യ-നാടകാലങ്കാരാദികളും, മാന്തിട്ട കുഞ്ചുനമ്പൂതിരി തർക്കശാസ്ത്രവുമാണ് പഠിപ്പിച്ചിരുന്നത്.

വിദ്വാൻ ഇളയതമ്പുരാന്റെ കാലശേഷം, ഈ ഗുരുകുലം പ്രവർത്തിച്ചിരുന്നത്, കൊടുങ്ങല്ലൂർ പുത്തൻ കോവിലകത്തായിരുന്നു എന്ന്, ഈ ഗുരുകുലത്തിൽ നാലു വർഷത്തോളം വിദ്യാർത്ഥിയായിരുന്ന ആറ്റൂർ കൃഷ്ണപിഷാരടി രേഖപ്പെടുത്തിയിട്ടുണ്ട്. പുത്തൻ കോവിലകത്തെ പഴയ ബംഗ്ലാവായിരുന്നു, അന്ന് ഈ ഗുരുകുലത്തിന്റെ ആസ്ഥാനം. തിരു. കൊച്ചി സംയോജനം വരെ, പുത്തൻ കോവിലകത്തെ ബാലികാബാലന്മാരെ, കുലഗുരുവായ വളപ്പിലാശാൻ നിലത്തെഴുത്തും, സംസ്കൃതത്തിലെ ആദ്യ പാഠഭാഗങ്ങളും പഠിപ്പിച്ചിരുന്നത് ഈ നാലു കെട്ടിൽ വച്ചായിരുന്നു. സരസ്വതീ ദേവിയുടെ വിഹാരരംഗമായിരുന്ന ഈ ബംഗ്ലാവ് ഏതാനും വർഷങ്ങൾക്കു മുമ്പ് പൊളിച്ചുവിറ്റു.(2)

സംസ്കൃത സാഹിത്യം (കാവ്യനാടകാലങ്കാരങ്ങൾ) വ്യാകരണം, തച്ചുശാസ്ത്രം, തർക്കശാസ്ത്രം, ന്യായം, വേദാന്തം, വൈദ്യം, ജ്യോതിഷം, (ശാസ്ത്രങ്ങൾ) എന്നീ വിഷയങ്ങളാണ്, മുഖ്യമായും ഈ ഗുരുകുലത്തിൽ പഠിപ്പിച്ചിരുന്നത്. സംഗീതം, വാദ്യം, അഭിനയം, ഗജചികിത്സ, ജാലവിദ്യ മുതലായവയിലും അപൂർവ്വമായി ശിക്ഷണം നൽകിയിരുന്നു. എന്നാൽ ഈ വിഷയങ്ങളിൽ ഒന്നുംതന്നെ ആരേയും നിർബ്ബന്ധിച്ചു പഠിപ്പിച്ചിരുന്നില്ല. വിദ്യാർത്ഥികൾക്ക് അവർക്കിഷ്ടമുള്ള വിഷയം തിരഞ്ഞെടുക്കുവാൻ സ്വാതന്ത്ര്യമുണ്ടായിരുന്നു. മാത്രമല്ല ഇങ്ങിനെ തിരഞ്ഞെടുത്ത വിഷയം പഠിക്കുമ്പോൾ, അതിൽ നൈപുണ്യം നേടുവൻ, കഴിയുകയില്ലെന്ന് വിദ്യാർത്ഥിക്കു തോന്നുന്ന പക്ഷം, മറ്റൊരു വിഷയം തിരഞ്ഞെടുക്കുവാൻ അവസരം നൽകിയിരുന്നു. ലളിതമായതിൽനിന്ന്, കഠിനമായതിലേക്ക് എന്ന രീതിയിലാണ് അഭ്യസനം നൽകിയിരുന്നത്. അതായത് ഒരു വിഷയം തിരഞ്ഞെടുത്തു പഠിക്കുവാൻ തുടങ്ങിയാൽ, അതിന്റെ അടിസ്ഥാനം ഉറച്ച ശേഷമേ, ഉപരി ഗ്രന്ഥങ്ങൾ പഠിപ്പിച്ചിരുന്നുള്ളു. ഉദാഹരണമായി സാഹിത്യം തിരഞ്ഞെടുത്തു എന്നിരിക്കട്ടെ, ആദ്യമായി കാവ്യമാണ് പഠിപ്പിച്ചുതുടങ്ങുക. അതിൽ തന്നെ രഘുവംശമാണാദ്യം പഠിപ്പിക്കുക, അതിന്റെ മൂന്നാലു സർഗ്ഗങ്ങൾ പഠിച്ച്, രീതി മനസ്സിലാക്കിയശേഷം മാത്രമേ, മാഘം, നൈഷധം മുതലായ നിലവാരമുയർന്ന കാവ്യങ്ങൾ പഠിപ്പിച്ചിരുന്നുള്ളു.

ഈ ഗുരുകുലത്തിൽ, ഇന്നത്തെ വിദ്യാലയങ്ങളിലേതുപോലെ, ഒരിടവേളയോടെ നാലഞ്ചു മണിക്കൂർ പഠിപ്പിക്കുന്ന പതിവ് ഉണ്ടായിരുന്നില്ല. കാലത്ത് ഒന്നോ രണ്ടോ മണിക്കൂർ മാത്രമായിരുന്നു ശിക്ഷണം. സംശയമുള്ളവ ചോദിച്ചു മനസ്സിലാക്കുവാനും പഠിതാക്കൾക്ക് കഴിയുമായിരുന്നു. മറ്റു സമയങ്ങളിൽ ഓരോ വിദ്യാർത്ഥിയും, പഠിച്ച ഭാഗങ്ങൾ സ്വയം ചിന്തിച്ച് ഉറപ്പിക്കുകയായിരുന്നു പതിവ്. കൂടാതെ അദ്ധ്യാപകൻ പഠിപ്പിക്കുന്ന രീതിയിൽ, ഒരു വിദ്യാർത്ഥി പാഠഭാഗം പ്രതിപാദിക്കുകയും, കേട്ടിരിക്കുന്നവർക്ക് തെറ്റുണ്ടെങ്കിൽ ചൂണ്ടിക്കാണിച്ചു തിരുത്തുവാൻ അവസരം നൽകുകയും ചെയ്തിരുന്നു. ഉയർന്ന പാഠഭാഗങ്ങൾ പഠിക്കുന്നവർ, തുടക്കക്കാരെ പഠിപ്പിക്കുന്ന രീതിയും നിലവിലുണ്ടായിരുന്നു.

അനദ്ധ്യായദിവസങ്ങളിൽ അതായത് പഠിപ്പില്ലാതിരുന്ന ദിവസങ്ങളിൽ വ്യാകരണം, തർക്കം ഇത്യാദി ശാസ്ത്രങ്ങൾ പഠിച്ചിരുന്ന അദ്ധ്യേതാക്കൾ, അവയിൽ ഒരു ഭാഗം തിരഞ്ഞെടുത്ത് 'വാക്യാർത്ഥം പറയുക', (ആശയം വിശദീകരിക്കുക) സംവാദങ്ങൾ നടത്തുക എന്നിവയിലേർപ്പെട്ടിരുന്നു. സാഹിത്യം പഠിക്കുന്നവർ, അതിലെ ഒരു ഭാഗം തിരഞ്ഞെടുത്ത്, സംസ്കൃതത്തിലും മലയാളത്തിലും ശ്ലോകാർത്ഥം പറയുക, വ്യാഖ്യാനമുണ്ടാക്കി സദസ്സിലവതരിപ്പിക്കുക എന്നിവ ചെയ്തു പോന്നു. ചിലർ, ചാക്യാർകൂത്തു പറയുന്നതുപോലെ ഹാസ്യാത്മകമായി പാഠകം പറയുകയും ചെയ്തിരുന്നു. ഇവർക്കു പുറമെ, വിദ്യാർത്ഥികൾ പഠിച്ച സംസ്കൃതനാടകങ്ങളുടെ ഒന്നോ രണ്ടോ അങ്കങ്ങൾ രംഗത്തവതരിപ്പിക്കുകയും പതിവായിരുന്നു. പുരുഷന്മാർ തന്നെയാണ് സ്ത്രീകഥാപാത്രങ്ങളെ അവതരിപ്പിച്ചിരുന്നത്.

കവിതയിൽ കമ്പമുള്ളവർ, ഗുരുകുലത്തിൽ നടന്നിരുന്ന കവിതാരചനാ മത്സരങ്ങളിൽ പങ്കെടുത്തിരുന്നു. ഒരു വിഷയത്തെ ആസ്പദമാക്കി, ക്ലിപ്തമായ ഒരു സമയത്തിനുള്ളിൽ, ഇത്ര ശ്ലോകങ്ങളുണ്ടാക്കണമെന്ന നിബന്ധനയോടെയായിരുന്നു മത്സരങ്ങൾ നടത്തിയിരുന്നത്. ഇവയുണ്ടാക്കുമ്പോൾ വൃത്തം, അലങ്കാരം, രസം മുതലായവയും നിർദ്ദേശിക്കാറുണ്ട്. ഇവയെയെല്ലാം ആസ്പദമാക്കിയാണ് കവിതകളെ വിലയിരുത്തിയിരുന്നത്. സമസ്യാപൂരണങ്ങൾ, സ്തോത്രങ്ങൾ, മംഗളശ്ലോകങ്ങൾ, വർണ്ണനകൾ, കത്തുകൾ, നായികാനായകന്മാരുടെ സന്ദേശങ്ങൾ എന്നിങ്ങനെ വിവിധ വിഭാഗങ്ങളിൽപെട്ട രചനകൾ ഇവയിലുൾപ്പെട്ടിരുന്നു. ശ്ലോകങ്ങൾ ഉണ്ടാക്കി, അക്ഷര

*(2) കേരളവർമ്മ വലിയ കോയിത്തമ്പുരാനെ, അനന്തപുരം കൊട്ടാരത്തിൽ ഏകാന്തതടവിൽ പാർപ്പിച്ചിരുന്ന കെട്ടിടവും ഇതുപോലെ പൊളിച്ചുവിൽക്കപ്പെടും.*

ശ്ലോകം ചൊല്ലുക എന്ന വിനോദവും ഈ ഗുരുകുലത്തിൽ നടന്നിരുന്നു.ഈ ഗുരുകുലവുമായി ബന്ധപ്പെട്ട വെൺമണി മഹൻ, നടുവത്തച്ഛൻ, ഒരവങ്കര രാജൻ, ശിവോള്ളി നമ്പൂതിരി, കാത്തോള്ളിൽ അച്ചുത മേനോൻ, കൂനേഴത്തു പരമേശ്വര മേനോൻ എന്നിവർക്കു പുറമെ, മറ്റു ദേശങ്ങളിൽ നിന്നുള്ളവർ കൂടി കവിതാരചനാപരീക്ഷയിൽ പങ്കെടുത്തിരുന്നു. കൊട്ടാരത്തിൽ ശങ്കുണ്ണി, കുണ്ടൂർ നാരായണമേനോൻ, ഒടുവിൽ കുഞ്ഞികൃഷ്ണ മേനോൻ, വള്ളത്തോൾ നാരായണ മേനോൻ തുടങ്ങിയവർ ഈ ഗണത്തിൽപ്പെടുന്നു. മേൽപ്പറഞ്ഞ വ്യവസ്ഥകളോടെ നാടകരചനാ മത്സരങ്ങളും ഗുരുകുലത്തിൽ വെച്ചുനടത്താറുണ്ടായിരുന്നു.

ഈ ഗുരുകുലത്തിലെ അദ്ധ്യാപകരും അദ്ധ്യേതാക്കളുമെല്ലാം സംസ്കൃതത്തിലാണ് ആദ്യമായി കവിതകൾ എഴുതിതുടങ്ങിയത്. എന്നാൽ, കുഞ്ചൻ നമ്പ്യാർക്കു ശേഷം നഷ്ടപ്പെട്ടു പോയ ഭാഷാ കവിതാരചനാ ശൈലി പുനരുദ്ധരിക്കുന്നതിൽ ചേലപ്പറമ്പുനമ്പൂതിരിയെ പിൻതുടർന്ന്, വിദ്വാൻ ഇളയതമ്പുരാന്റെ സന്തതസഹചാരികളായ പൂന്തോട്ടത്തിൽ നമ്പൂതിരി, വെൺ മണി അച്ഛൻ നമ്പൂതിരി എന്നിവർ കാണിച്ച താൽപര്യം ഒരു പുതുയുഗത്തിന്നാരംഭം കുറിച്ചു. ഇതിനു നേതൃത്വം നൽകിയത് വെൺമണി അച്ഛനും മകനുമായിരുന്നു. അതിനാൽ, പുനരുദ്ധരിക്കപ്പെട്ട കവിതാ ശൈലി 'വെൺമണി പ്രസ്ഥാനം' എന്നറിയപ്പെടാനിടയായി (4) ചെറിയ കൊച്ചുണ്ണി തമ്പുരാനും, കുഞ്ഞിക്കുട്ടൻ തമ്പുരാനും സ്വന്തം രചനകൾ കൊണ്ട് ഈ പ്രസ്ഥാനത്തെ അരക്കിട്ടുറപ്പിച്ചു.

ഇതിനെക്കുറിച്ച് ശ്രീ. പി.കെ പരമേശ്വരൻ നായർ പറയുന്നതിങ്ങനെയാണ്. "മലയാളത്തിനു അനുയോജ്യവും, ഇന്നു നാമനുകരിച്ചുവരുന്നതുമായ ശൈലി തുടർന്നിരുന്നത് ഒരു വലിയ നേട്ടമായിരുന്നു. അതിനെ കാലാനുസരണം പരിഷ്ക്കരിച്ച് മാധുര്യം കലർത്തി പ്രയോഗിക്കുകയാണ് വെൺമണിമാരും കൊടുങ്ങല്ലൂർ കവികളും ചെയ്തത്. മലയാള കവിതയുടെ ഇന്നത്തെ നവോത്ഥാനത്തെ സംബന്ധിച്ചിടത്തോളം ഇത് അതിപ്രധാനമായ ഒരു ചരിത്രസംഭവമാണ്. ഇത് അന്നു സംഭവിച്ചില്ലായിരുന്നെങ്കിൽ പിന്നീട് വള്ളത്തോളും ആശാനും ഉള്ളൂരും കെട്ടിപ്പടുത്ത റൊമാന്റിക് കവിതാസരണി ഇത്ര മാത്രം കൈരളിയുടെ നൈസർഗ്ഗിക സ്വഭാവം തികഞ്ഞതാകുമായിരുന്നോ എന്നും സംശയമാണ്."

ഒരു കാലത്ത് കൊടുങ്ങല്ലൂർ ഗുരുകുലം മലയാള പദ്യശാഖയ്ക്കു ചെയ്ത സംഭാവനകൾ ഇതിൽ നിന്നും വ്യക്തമാകുന്നു.

## *അനുബന്ധം: ഒരു ചോദ്യക്കടലാസ്*

(1084 മേടമാസം 18–ന് തൃശൂർ വെച്ചുകൂടിയ "ഭാരതവിലാസസഭ'ഭയുടെ നാലാം വാർഷികോത്സവത്തോടനുബന്ധിച്ചു നടത്തിയ കവിതാപരീക്ഷയ്ക്കുവേണ്ടി പരീക്ഷകനായിരുന്ന കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാൻ തയ്യാറാക്കിയത്.)

### ചോദ്യങ്ങൾ

**1. കവിതാചാതുര്യ പരീക്ഷ**
**(സമയം $8^1/_2$ മുതൽ $9^1/_2$ വരെ)**

1. ശബ്ദാലങ്കാരം – ദ്രുതവിളംബിതം – മൂന്നു സന്ധ്യകൾക്കും യഥാക്രമം ആദിമദ്ധ്യാന്തങ്ങളിൽ യമകം.

2. അർത്ഥാലങ്കാരം – ഹരിണീവൃത്തം – ഉപമാലങ്കാരം, ശൃംഗാര രസം – ഒരു ശ്ലോകം; സ്രഗ്ദ്ധര – രൂപകം – വീരം – ഒരു ശ്ലോകം; വിയോഗിനി – ഉൽപ്രേക്ഷാ – കരുണം– ഒരു ശ്ലോകം.

3. ശബ്ദാർത്ഥങ്ങൾ – ഹരിശ്ചന്ദ്രൻ ശ്മശാനത്തിൽ വെച്ചു, മൃതപുത്രനോടുകൂടി ഭാര്യയെ കണ്ടറിഞ്ഞപ്പോൾ, ഹരിശ്ചന്ദ്രനുണ്ടായ സ്തോഭവർണ്ണന– ശാർദൂലവിക്രീഡിതം ഒരു ശ്ലോകം– (സ്വരവ്യഞ്ജനങ്ങൾക്ക് ഐകരൂപ്യം വരുത്തി ദ്വിതീയാക്ഷര പ്രാസം ചേർത്തു കഴിയുന്ന ഭംഗിയിൽ രചിക്കണം.)

**II കവിതാ വേഗപരീക്ഷ**
**(സമയം 10 മുതൽ 11 വരെ)**

അഭിമന്യുവധം അർജ്ജുനൻ കേട്ടിട്ട് ജയദ്രഥവധത്തിനു ശപഥംചെയ്യുന്നതുവരെ 25 ശ്ലോകം – ശാർദ്ദൂല വിക്രീഡിതം

*(4) ഒരുനാൾ കേരളവർമ്മ വലിയ കോയിത്തമ്പുരാനെ സന്ദർശിക്കുവാനായി നടുവത്തച്ഛൻ തിരുവനന്തപുരത്തു ചെല്ലുകയുണ്ടായി. അന്ന് അവർ തമ്മിലുണ്ടായ സംഭാഷണം വ്യത്യസ്ത കവിതാശൈലികൾക്കുദാഹരണമാണ്. കേരളവർമ്മ വലിയ കോയിത്തമ്പുരാന്റെ ചോദ്യം*
*'ഹേ! വിപ്രവര്യ ഭവദാഗമനം വിശേഷാൽ*
*ആവിപ്രയോഗശകടം വഴിയായിരുന്നോ?*
*(പൂർവാർദ്ധം) മണിപ്രവാളശൈലിയിൽ*
*നടുവത്തച്ഛന്റെ മറുപടി*
*തീവണ്ടിയേറിയെറണാകുളമെത്തി പിന്നെ*
*കേവഞ്ചിയാണവിടെ നിന്നിവിടം വരേക്കും.*
*(ഉത്തരാർദ്ധം ) പച്ച മലയാളശൈലി*

⟹

*(മഹാകവി കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ ജന്മശതവാർഷിക ഉപഹാരഗ്രന്ഥം- 1964,മഹാകവികൊടുങ്ങല്ലൂർ കുഞ്ഞുക്കുട്ടൻ തമ്പുരാൻ- പ്രൊഫ. സർ കെ. ശിവരാമമേനോൻ മുതലായ ഗ്രന്ഥങ്ങൾ ഈ ലേഖനത്തിന്റെ രചനയ്ക്ക് സഹായകമായിട്ടുണ്ട്.)*

# കേരളവർമ്മ വലിയ കോയിത്തമ്പുരാന്റെ കാരാഗൃഹവാസത്തിനിടയാക്കിയ സാഹചര്യങ്ങൾ

**(തുടർച്ച...)**

**സമ്പാ: ഡോ.ബി.ആർ.ആർ. വർമ്മ**

**മാധവറാവു പിരിയുന്നു**

മാധവറാവുവും വിശാഖം തിരുനാളും തമ്മിൽ ഉണ്ടായിരുന്ന ഗാഢസൗഹൃദം കാലക്രമേണ അദ്ദേഹത്തെ (മാധവറാവുവിനെ) മഹാരാജാവിൽ നിന്ന് അകറ്റാൻ ഇടയാക്കി. അത് ആയില്യംതിരുനാളിന്റെ കുറ്റം കൊണ്ടു മാത്രമായിരുന്നില്ല. മാധവറാവു ഒരു ഒന്നാംകിട രാജ്യതന്ത്രജ്ഞനും ഭരണനിപുണനുമായിരുന്നെങ്കിലും, അതിരു കവിഞ്ഞുള്ള സ്വജനപക്ഷപാതത്തിനു വശഗനായിരുന്നു. സ്വന്തം ബന്ധുക്കളെ സ്വദേശത്തു നിന്ന് വരുത്തി ഉയർന്ന ഉദ്യോഗങ്ങളിൽ പ്രതിഷ്ഠിയ്ക്കുന്നതിൽ അദ്ദേഹം വിരുതനായിരുന്നു. അങ്ങിനെ നിയമിതരായവരിൽ ചിലർ ആവശ്യമുള്ള യോഗ്യതപോലുമില്ലാത്തവരായിരുന്നത്രെ. മഹാരാജാവ് ആദ്യമാദ്യം ധാരാളം സ്വാതന്ത്ര്യം ദിവാൻജിയ്ക്കനുവദിച്ചിരുന്നത് ഈ വക അപാകങ്ങൾക്കു വളംവച്ചു കൊടുത്തു. ഒടുവിൽ രാജാവ് നിയന്ത്രിയ്ക്കാൻ തുടങ്ങിയപ്പോൾ മന്ത്രിക്കു നീരസമായി. മഹാരാജാവുമായി അദ്ദേഹം എത്രമാത്രം അകന്നുവോ അത്ര കണ്ട് വിശാഖംതിരുനാളുമായി അടുത്തു. അത്രയ്ക്കത്രയ്ക്കു വിശാഖംതിരുനാൾ മഹാരാജാവുമായിട്ട് അകലുകയും ചെയ്തു. ഇരുപാർശ്വത്തിലേയും സേവകന്മാർ അവസരം പാഴാക്കാതെ അഗ്നിയിൽ ആജ്യം ഒഴിച്ചുകൊണ്ടിരുന്നു. ദിവാനെ കാലാവധി തീരുന്നതിനു മുമ്പ് പറഞ്ഞയയ്ക്കണമെന്ന് മഹാരാജാവും കാലാവധി തീർന്നേ താൻ പോകൂ എന്ന് ദിവാനും പരസ്പരം പോരു വച്ചുകൊണ്ടു പ്രവർത്തിക്കുന്ന ഒരു പതനത്തിൽ കാര്യങ്ങൾ ചെന്നെത്തി. മാധവറാവു ബ്രിട്ടീഷ് അധികാരികളുടെ കണ്ണിലുണ്ണിയായിരുന്നതിനാൽ മത്സരത്തിൽ മഹാരാജാവ് പരാജയപ്പെടും എന്ന ദിക്കായി. എന്നാൽ തന്ത്രത്തിന് പകരം കവിഞ്ഞ തന്ത്രം പ്രയോഗിയ്ക്കാൻ വിരുതനായിരുന്നു ആയില്യംതിരുനാൾ.

ആയിട ഹജ്ജൂർട്രഷറിയിൽ ഒരു പണാപഹരണക്കേസ് ഉത്ഭവിച്ചു. അതിൽ ദിവാന്റെ സ്വജനപരിധിയിലുള്ള ചിലരെ രക്ഷിയ്ക്കാൻ അദ്ദേഹം നടത്തിയ സാഹസിക യത്നങ്ങൾ പരാജയപ്പെടുകയും അദ്ദേഹത്തിന് അപഖ്യാതി ഉണ്ടാകുകയും ചെയ്തു. മഹാരാജാവിന് മർമ്മസ്ഥാനത്തു പിടികിട്ടി. ദിവാൻ കാലാവധിയ്ക്കു മുമ്പു രാജിവെച്ചു പിരിയേണ്ടിവന്നു.

**വിശാഖം തിരുനാളിന്റെ ലേഖനം**

മാധവറാവുവിന്റെ വേർപാട് ഏറ്റവും പീഡിപ്പിച്ചത് വിശാഖം തിരുനാളിനേയും കേരളവർമ്മയേയുമാണ്. വാസ്തവത്തിൽ വിശാഖംതിരുനാളിനെ ഒട്ടൊന്നു ദുർബ്ബലപ്പെടുത്താൻ ഉദ്ദേശിച്ചുകൊണ്ടു കൂടിയായിരുന്നു ആയില്യം തിരുനാൾ ദിവാനെ ഇത്ര വാശിയിൽ രാജിവയ്പിച്ചത്. അനന്തരം ദിവാനായി നിയമിതനായത് ദക്ഷിണേന്ത്യയിലെ മറ്റൊരു പ്രശസ്ത വ്യക്തിയായിരുന്ന സർ ശേഷയ്യാശാസ്ത്രിയായിരുന്നു. അദ്ദേഹത്തിൽ നിന്ന് ഇളയരാജാവിന്റെ ഉപജാപങ്ങൾക്ക് അത്ര ആനുകൂല്യം ലഭിയ്ക്കയില്ലെന്ന് പ്രതീക്ഷിയ്ക്കപ്പെട്ടിരുന്നു. നയജ്ഞനായ ശാസ്ത്രി സ്ഥിതിഗതികൾ സസൂക്ഷ്മം മനസ്സിലാക്കിയിരുന്നതിനാൽ ആദ്യം കൂട്ടുകെട്ടുകൾക്കൊന്നും പോകാതെ കഴിച്ചു. എങ്കിലും വിശാഖം തിരുനാളിന്റെ പോക്ക് കാര്യങ്ങൾ വഷളാക്കിത്തുടങ്ങി. അദ്ദേഹം മാധവറാവുവിന്റെ സേവനങ്ങളേയും കഴിവുകളേയും വിഷയമാക്കി. "കൽക്കട്ടാ റെവ്യൂ" വിൽ അത്യാകർഷകമായ ഒരു തൂലികാചിത്രം എഴുതി. യഥാർത്ഥനാമം വെളിപ്പെടുത്താതെ ഒരു തൂലികാനാമത്തിലാണ് ലേഖനം എഴുതിയതെങ്കിലും ലേഖകൻ ആരെന്ന് മനസ്സിലാക്കാൻ ആയില്യം തിരുനാളിന് ഒരു പ്രയാസവുമുണ്ടായില്ല. പ്രസ്തുത ലേഖനം മാധവറാവിനു വളരെ പ്രയോജനം ചെയ്തു. അതോടു കൂടിയാണ്, നാൽപ്പത്തിയഞ്ചാം വയസ്സിൽ തിരുവിതാംകൂറിൽ നിന്നു ലഭിച്ച ആയിരം രൂപാ പെൻഷൻ കൊണ്ടു തൃപ്തിപ്പെട്ടു വിശ്രമജീവിതം നയിച്ചു വന്ന മാധവറാവു രാജ്യതന്ത്രജ്ഞന്മാരുടെയും ബ്രിട്ടീഷ് ഭരണകർത്താക്കളുടേയും ശ്രദ്ധയിൽ ഒരിയ്ക്കൽകൂടി വന്നതും ബറോഡയിലെ റീജന്റായി നിയമിതനാകാൻ ഇടയായതും. മത്സരിയായിരുന്ന ആയില്യംതിരുനാളിന് വിശാഖംതിരുനാളിന്റെ ഉദ്യമം ലേശവും രസിച്ചില്ല. നാൾക്കുനാൾ വർദ്ധിച്ചുവന്ന നീരസത്തിന്റെ തീക്ഷ്ണത കുറെക്കൂടി വർദ്ധിയ്ക്കാൻ ഇത് ഇടയാക്കി.

ഈ കാലങ്ങളിൽ കേരളവർമ്മ കഴിയുന്നതും ഒതുങ്ങിക്കഴിഞ്ഞു കൂടുവാൻ ശ്രമിച്ചുവന്നു. വളരെ പ്രയാസമേറിയ ഒരു നിലപാടാണ് അദ്ദേഹത്തിനു പരിപാലിയ്ക്കേണ്ടിയിരുന്നത്. മഹാരാജാവിന്റെ പ്രീതിയും വിശാഖംതിരുനാളിന്റെ മൈത്രിയും ഒന്നിച്ചു സംരക്ഷിയ്ക്കുക ദുസ്സാദ്ധ്യമായ ഒരു കൃത്യമായിരുന്നു, എങ്കിലും കുറെക്കാലം കൂടി അത് അദ്ദേഹം വിജയപൂർവ്വം നിർവഹിച്ചു. ഇളയരാജാവുമായുള്ള സമ്പർക്കങ്ങൾ വളരെ കുറച്ചു; വല്ലപ്പോഴുമുള്ളവ പരമരഹസ്യമാക്കി. ഡയറിക്കുറിപ്പുകളിൽ പോലും ചില സാങ്കേതിക രീതിയിലല്ലാതെ ഇന്നാരെ സന്ദർശിച്ചു എന്ന് വ്യക്തമായി എഴുതാറുണ്ടായിരുന്നില്ല. റാണിയുടെ അനുനയപരമായ പെരുമാറ്റങ്ങളും മഹാരാജാവിന്റെ ധാരണകളെ കേരളവർമ്മയ്ക്കനുകൂലമാക്കിത്തീർത്തു. അങ്ങിനെയിരിക്കെയാണ് ആയില്യം തിരുനാൾ 1872-ൽ വൈസ്രോയി നോർത്ത് ബ്രൂക്ക് പ്രഭുവിന്റെ ക്ഷണം അനുസരിച്ച് ഭോപ്പാൽബേഗത്തിന്റെ സ്ഥാനാരോഹണത്തിൽ സംബ

ഡിയ്ക്കാൻ ബോംബെയ്ക്കും അതുവഴി കാശി യ്ക്കും ഒരു യാത്ര നിശ്ചയിച്ചത്. പണ്ടത്തെ അത്ര സൗഹാർദ്ദമുള്ള കാലമായിരുന്നെങ്കിൽ മഹാരാജാവ് കാലേക്കൂട്ടി ത്തന്നെ കേരളവർമ്മയെ യാത്രാസംഘത്തിൽ ഉൾപ്പെടുത്തുമായിരുന്നു. എന്നാൽ ഈ കാര്യത്തിൽ ഇങ്ങോട്ടു ക്ഷണമൊന്നുമുണ്ടായില്ല. കേരളവർമ്മക്കാണെങ്കിൽ വടക്കെ ഇന്ത്യ സന്ദർശിയ്ക്കാൻ അഭിലാഷമുണ്ടായിരുന്നു. ഒരു കത്തു മൂലം അദ്ദേഹം ആ വിവരം മഹാരാജാവിനെ അറിയിച്ചു. ആദ്യം നീരസരൂപത്തിലുള്ള ഒരു മറുപടിയാണ് ലഭിച്ചത്. എന്നാൽ പിന്നീട് അനുകൂലമായ മറുപടി കിട്ടി. യാത്രയിൽ സൗഹൃദനിർഭരമായ ഒരു അന്തരീക്ഷമാണ് അങ്ങോളമിങ്ങോളം കാണപ്പെട്ടത്. ബോംബെയിലെ താമസത്തിൽ മഹാരാജാവിന്റെ വ്യക്തിവിലാസവും, സംഭാഷണചാതുര്യവും പെരുമാറ്റഭദ്രതയും ഗവർണ്ണർ ജനറൽ തുടങ്ങിയ ഉന്നതസ്ഥാനീയരെ അത്യന്തം ആകർഷിച്ചു. കേരളവർമ്മയും ബോംബെയിൽ വച്ച് യൂറോപ്യരും ഇന്ത്യക്കാരുമായ അനേകം പ്രശസ്തവ്യക്തികളുമായി പരിചയപ്പെട്ടു. അവിടത്തെയും പിന്നീട് ബനാറീസിലേയും പണ്ഡിതന്മാരുമായി സമ്പർക്കത്തിൽ വരാൻ ഈ യാത്രയിൽ അദ്ദേഹത്തിനു കഴിഞ്ഞു. പക്ഷേ ആ പര്യടനത്തിനു ശേഷമുള്ള സംഭവങ്ങൾ അത്ര സുഖപ്രദങ്ങളായിരുന്നില്ല. ആയില്യം തിരുനാളുമായുണ്ടായിരുന്ന സൗഹൃദത്തിന്റെ അവസാനരംഗമായിരുന്നു അവിടെ കണ്ടത്.

ഒരു മാസത്തിൽ അധികം നീണ്ടു നിന്ന യാത്രയ്ക്കുശേഷം മഹാരാജാവ് അനുജന്റെ മേൽ മനസ്സു നിറയെ സംശയങ്ങളുമായാണ് രാജധാനിയിൽ തിരികെ എത്തിയത്. രാജസേവകന്മാരുടെ റിപ്പോർട്ടുകൾ ആ സംശയങ്ങൾ ശതഗുണീഭവിപ്പിച്ചു. മഹാരാജാവിനെതിരായുള്ള ഉപജാപങ്ങൾ കൂടുതൽ പ്രബലീഭവിച്ചു വരുന്നതായി അദ്ദേഹം ഭയപ്പെട്ടു. കേരളവർമ്മ സ്ഥലത്തില്ലാതിരുന്നത് ഒരു കണക്കിനു നന്നായി. അതല്ലായിരുന്നെങ്കിൽ അദ്ദേഹത്തോടും വിദ്വേഷം വർദ്ധിക്കാൻ ഇടയായേനേ. പക്ഷേ മറ്റൊരു പ്രകാരത്തിൽ ഗൗരവാവഹമായ ഒരു ആരോപണത്തിന് അദ്ദേഹം പാത്രമായി. ആറ്റിങ്ങൽ റാണിമാർ രണ്ടു പേരും വിശാഖംതിരുനാളിനെ സന്ദർശിച്ചതായും അദ്ദേഹം അവരുമായി ചില ആലോചനകൾ നടത്തിയതായും മഹാരാജാവിന് അറിവു കിട്ടി. അത്തരം സന്ദർശനങ്ങൾ കർശനമായി നിരോധിയ്ക്കപ്പെട്ടിരുന്നു. മഹാരാജാവിന്റെ അസാന്നിദ്ധ്യത്തിൽ രഹസ്യമായി നടത്തിയ ആ സന്ദർശനം അദ്ദേഹം അറിയത്തക്കവണ്ണം പരസ്യമാകുമെന്നു റാണിമാർ വിചാരിച്ചില്ല. തന്ത്രശാലിയായ മഹാരാജാവ് തേവാരത്തുകോയിയ്ക്കൽ എത്തി മൂത്ത റാണിയോട് കൗശലപൂർവ്വം ചില ചോദ്യങ്ങൾ ചോദിച്ചപ്പോൾ സ്ത്രീസഹജമായ ശുദ്ധഗതിയോടെ അവർ പലതും തുറന്നു പറഞ്ഞുപോയി. അനുവാദം കൂടാതെ അങ്ങിനെ ഒരു സന്ദർശനം നടത്താനെന്തെന്ന് ചോദ്യമുണ്ടായപ്പോൾ ഭർത്താവിന്റെ നിർദ്ദേശപ്രകാരമാണ് അങ്ങനെ ചെയ്തതെന്ന് അവർ പറഞ്ഞു. ഒരു പക്ഷേ സ്വന്തം നടപടി സാധൂകരിയ്ക്കാനുള്ള ബദ്ധപ്പാടിൽ അവർ അങ്ങിനെ പറഞ്ഞതാവാമെന്നാണ് മഹാരാജാവ് വിചാരിച്ചത്. കേരളവർമ്മയുടെ ആ എഴുത്തു കാണാൻ അദ്ദേഹം കൗതുകം പ്രദർശിപ്പിച്ചു. റാണിയ്ക്ക് ഒഴിഞ്ഞു മാറാൻ കഴിഞ്ഞില്ല. ഒരു എഴുത്ത് എടുത്തുകൊണ്ടുവന്നു അവർ മഹാരാജാവിന്റെ പക്കൽ കൊടുത്തു. അത് ബനാറസ്സിൽ നിന്നു കേരളവർമ്മ അയച്ച ഒരു കത്തായിരുന്നു. അതിൽ മഹാറാണി ഇളയ രാജാവിനെ സന്ദർശിയ്ക്കുന്നതിൽ യാതൊരാപേക്ഷവും താൻ കാണുന്നില്ലെന്നു പറഞ്ഞിരുന്നു. മഹാരാജാവിനെ അത് അത്യന്തം കുപിതനാക്കി. എങ്കിലും അദ്ദേഹം അപ്പോൾ അതൊന്നും ഭാവിച്ചില്ല. അതിന് ഏതാനും ദിവസങ്ങൾക്ക് മുമ്പ് റാണിമാരുടെ സന്ദർശനത്തെക്കുറിച്ച് നീരസം പ്രകടിപ്പിച്ചുകൊണ്ട് ഒരു കത്ത് മഹാരാജാവ് കേരളവർമ്മയ്ക്കു തന്നെ എഴുതിയിരുന്നു. അതു റാണിമാരുടെ ആലോചനക്കുറവു കൊണ്ടുണ്ടായ ഒരു അബദ്ധം മാത്രമാണെന്ന ഭാവത്തിൽ കേരളവർമ്മ മൗനം ദീക്ഷിക്കുകയാണ് അപ്പോൾ ചെയ്തത്. റാണിയ്ക്കു പറ്റിയ ബുദ്ധിമോശം കാര്യങ്ങളെ ആകപ്പാടെ വഷളാക്കി. കത്ത് കാട്ടിക്കൊടുത്തത് റാണിയുടെ ഒരു ചതിയാണെന്നു വരെ കേരളവർമ്മയ്ക്കു തോന്നി. അതിന്റെ പ്രതികരണമായി, 1873 ഫെബ്രുവരി 9-ലെ ഒരു കുറിപ്പിൽ അദ്ദേഹം ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു:

"മൂത്തറാണി, ഞാൻ ബനാറീസിൽ നിന്ന് അവർക്കയച്ച ഒരു കത്ത് മഹാരാജാവിനെ കാണിച്ചു. അതിൽ റാണിമാർ ഇളയരാജാവിനെ സന്ദർശിയ്ക്കുന്നതിൽ തെറ്റില്ലെന്നു ഞാൻ എഴുതിയിരുന്നു. അത് ഒരു വലിയ കുറ്റമായിട്ടാണ് മഹാരാജാവ് വീക്ഷിച്ചത്. ഈ ചതി പ്രയോഗിച്ച് റാണി അപരാധവിമുക്തയായി." (പരിഭാഷ)

ഏതായാലും കേരളവർമ്മയുടെ കത്തു കണ്ടതു മുതൽ മഹാരാജാവിന്റെ വിദ്വേഷം അടിയ്ക്കടി വർദ്ധിച്ചുതുടങ്ങി. തന്റെ ഹിതത്തിനും, നിർദ്ദേശത്തിനും വിരുദ്ധമായി റാണിമാരെക്കൂടി വിശാഖം തിരുനാളിന്റെ പാർശ്വത്തിലേയ്ക്ക് തിരിയ്ക്കാൻ കേരളവർമ്മ യത്നിയ്ക്കുന്നതിന്റെ അനിഷേധ്യത്തെളിവായി അദ്ദേഹം അതിനെ പരിഗണിച്ചു. പുറമെ ഭാവിച്ച വിദൂരതയൊന്നുമല്ല വിശാഖംതിരുനാളിനോട് യഥാർത്ഥത്തിൽ കേരളവർമ്മയ്ക്കുണ്ടായിരുന്നതെന്നതിന് ഇതിനേക്കാൾ വലിയ ഒരു തെളിവ് വേറെ ആവശ്യമില്ലെന്ന് അദ്ദേഹം വിചാരിച്ചു. മഹാരാജാവിന് റാണിമാരോട് ആദ്യം തോന്നിയ നീരസം ഇപ്പോൾ ഒന്നാകെ കേരളവർമ്മയുടെ നേരെയായി. കുറെ ദിവസത്തേക്ക് കൊട്ടാരപരിസരങ്ങളിൽ നിന്ന് അകന്നു താമസിയ്ക്കാനുള്ള ഒരു കൽപ്പനയായിരുന്നു അതിന്റെ ആദ്യത്തെ പ്രതികരണം. "ഞാൻ പൂജപ്പുരയിലോ മുടവൻകുന്നിലോ പോയി ഏതാനും ദിവസം താമസിച്ചു കൊള്ളാൻ മഹാരാജാവ് ആൾ മുഖേന അറിയിച്ചു" എന്ന് മറ്റൊരു കുറിപ്പിൽ കാണുന്നു. ഏതാനും ദിവസം കഴിഞ്ഞ് ഒരു മാറ്റത്തിന് അദ്ദേഹം അപേക്ഷിച്ചു. എങ്ങും പോകേണ്ട എന്നായിരുന്നു സർവ്വാധികാര്യക്കാർ മുഖാന്തരം അതിനു ലഭിച്ച മറുപടി. കൂടെക്കൂടെ അനുവദിക്കപ്പെട്ടിരുന്ന അഭിമുഖദർശനങ്ങളും അന്നു മുതൽ ചുരുങ്ങിത്തുടങ്ങി. ആഴ്ചയിൽ ഒരു ക്ലിപ്തദിവസം മാത്രം കേരളവർമ്മ തന്നെ സന്ദർശിച്ചാൽ മതിയെന്ന് മഹാരാജാവു നിർദ്ദേശിച്ചു.

(തുടരും)

# “ഒരു യാത്ര- ശബരിമലയാൻ തുണൈ”

**മനോജ് വർമ്മ**

ഒരു യാത്രയാണിത്. ശ്രീ ശബരിമലയാൻ തുണയായിട്ടുള്ള ഒരു യാത്ര. അഥവാ ശബരിമലയാനെ കാണുവാനുള്ള ഒരു യാത്ര. അതുമല്ലെങ്കിൽ ശബരിമലയാനിലേക്കുള്ള യാത്ര. അതിനുമുമ്പ് ഒരു തിരിച്ചറിവു നേടാം. ജീവിതത്തിൽ പലപ്പോഴായി കേട്ടു പഴകിയ ഒരു അഭ്യർത്ഥന, ഒരു പ്രാർത്ഥന. അതിന്റെ അർത്ഥം എല്ലാ അർത്ഥത്തിലും അനുഭവിച്ചറിയുന്നതാണ് (അനുഭവത്തിലൂടെ ലഭിക്കുന്ന അറിവാണ് ശാശ്വതം) ഈ യാത്ര.

വരികളിതാണ്. :

*“പാദബലം തരണം”*
*ദേഹബലം തരണം”*

**യാത്രികർ**

1. രാജപ്രതിനിധിയായ പന്തളത്തു തമ്പുരാൻ –അനിഴം നാൾ രാജരാജ വർമ്മ രാജ

2. ഇളയ സഹോദരൻ –മൂലംനാൾ രാഘവവർമ്മ രാജ

പന്തളം കൊട്ടാരത്തിലെ ഇളമുറത്തമ്പുരാക്കന്മാർ

1. മനോജ് വർമ രാജ
2. അനൂപ് വർമ രാജ

ആദ്യന്ത സഹയാത്രികനും
ആദ്യന്ത സഹായിയും – ശ്രീജിത്ത് വർമ

തിരുവാഭരണം, തിരുവാഭരണ പേടകങ്ങൾ ചുമക്കുന്നവർ, പിന്നെ തമ്പുരാനു മുന്നിൽ വാളും പരിചയുമായി വിടാതെ മുൻ നടക്കുന്ന കുറുപ്പ്, പല്ലുക്കു ചമട്ടുകാർ ( മേനാവുകാർ എന്നും), അകമ്പടി വാഹനം, വാഹനത്തിലിരുന്ന് സകലമാനനിയന്ത്രണം നടത്തുന്ന മാനേജർ ശ്രീ. എൻ.ആർ. ബാബു, ഒരു പ്രാർത്ഥന പോലെ തമ്പുരാനെ ഭക്തിയോടെ അനുഗമിക്കുന്നവർ ആലപ്പുഴ ചന്ദ്രു സ്വാമി, രാമസ്വാമി, വൈദ്യനാഥൻ തുടങ്ങിയവർ.

( പ്രത്യേക കുറിപ്പ് – പാപികൾക്കും വ്രതപുണ്യശക്തിയില്ലാത്തവർക്കും, പാദബലമില്ലാത്തവർക്കും ഇടക്കുവച്ച് യാത്രമതിയാക്കി മടങ്ങാം, അല്ലെങ്കിൽ അകമ്പടി വാഹനത്തിൽ കയറി ഒരു പൂച്ചയെപ്പോലെ ചുരുണ്ടിരിക്കാം.)

❖ ❖ ❖

2009 ജനുവരി 12 തിങ്കളാഴ്ച. 1184 ധനു 26, കൃഷ്ണപക്ഷദ്വിതീയ. ഉത്തരായനത്തിനു കച്ചമുറുക്കുന്ന സൂര്യൻ. ആകാശത്ത് പരന്ന വെള്ളി വെളിച്ചം. ഭസ്മം ചിതറിയ പോലെ മേഘശകലങ്ങൾ. അക്ഷമയും പ്രാർത്ഥനയും ശരണമന്ത്രവുമായി ഒരു കൂട്ടം ജനങ്ങൾ തിങ്ങിനിറയുന്ന പന്തളം വലിയകോയിക്കൽ ധർമ ശാസ്താക്ഷേത്രം.

പന്തളത്തു തമ്പുരാന്റെ തിരുവാഭരണ ഘോഷയാത്ര തുടങ്ങാനുള്ള സമയം സമാഗതമായി. ഭക്തിയിൽ ചിലർ ധ്യാനലീനരായി. അഞ്ജലീബദ്ധരായി ചിലർ ഭഗവാനെ നോക്കി. നിമീലിതനേത്രങ്ങളിൽ മിഴിനീരു തിർന്ന മറ്റു ചിലർ ആ ധന്യത അനുഭവിച്ചറിഞ്ഞു. വലിയതമ്പുരാനിൽനിന്ന് ഭസ്മം വാങ്ങുവാനുള്ള തത്രപ്പാട് അപ്പോഴും തീരുന്നില്ല പലർക്കും. രാജപ്രതിനിധി കാൽക്കൽ ജപിച്ചിരിപ്പാണ്. തുറന്നുവച്ച തിരുവാഭരണ പേടകങ്ങൾ അടഞ്ഞ് യാത്രയ്ക്കൊരുങ്ങി. ശരണം വിളികളാൽ ശ്വാസവേഗങ്ങൾ ക്രമാതീതമായി. നിയമപാലകരും കാവൽക്കാരും തിരക്കു നിയന്ത്രിക്കാൻ ഏറെ ശ്രമപ്പെട്ടു. വാനിൽ താഴ്ന്ന് വലം വയ്ക്കുന്ന കൃഷ്ണപ്പരുന്ത് കൂടുതൽ തെളിമയോടെ ദൃശ്യമായി. ജനമനസ്സുകൾ ഒരേ ശക്തിയിൽ കേന്ദ്രീകരിക്കുന്നു. നവമായ ഊർജ്ജം, അയ്യപ്പൻ!!

പൂജിച്ചുകൊണ്ടു വന്നവാൾ വലിയതമ്പുരാൻ രേവതി നാൾ രാമവർമ്മ രാജ കൈകളിൽ എടുക്കുന്നു. ജാഗ്രതയോടെ, ആർജ്ജിത പുണ്യശക്തിയിൽ രാജ പ്രതിനിധിക്ക് നീട്ടുന്നു. ഭക്തിയോടെ, വിനയത്തോടെ, രാജപ്രതിനിധി



അനിഴം നാൾ രാജരാജവർമ്മരാജ ഏറ്റുവാങ്ങുന്നു. പിന്നീട് പേടകങ്ങൾ അടച്ച് താക്കോൽ കൂട്ടം വലിയ തമ്പുരാൻ ദേവസ്വം അധികാരിയെ ഏൽപ്പിക്കുന്നു. അവിടുന്നങ്ങോട്ട് ഭക്തിലഹരിപൂണ്ട ഒരു ഓട്ടമാണ്. ആവേശത്തിമിർപ്പിൽ പൊടിയണിഞ്ഞ അന്തരീക്ഷത്തിൽ ഒരു കൂട്ടയോട്ടം. തിരുവാഭരണപേടകങ്ങൾ, ജനങ്ങൾ, പല്ലക്കിലേറിയ രാജപ്രതിനിധി, വലയം ചെയ്ത് അനുയാത്രികരും ബന്ധുജനങ്ങളും. തിളയ്ക്കുന്ന വെയിൽ വകവെക്കാതെ ടാർ ഉരുകിയൊലിക്കുന്ന റോഡിലൂടെ വടക്കേമുറി കൊട്ടാരത്തിലേക്ക് ഒരു കൂലംകുത്തിയൊഴുക്ക്.

തിരുവാഭരണങ്ങളുമായി ശബരിമലയിലേക്കുള്ള തമ്പുരാന്റെ യാത്ര ആരംഭിച്ചു.

വടക്കേമുറി കൊട്ടാരത്തിൽ വലിയതമ്പുരാട്ടി കാത്തിരിക്കുന്നുണ്ടായിരുന്നു. ഭസ്മം വാങ്ങിനമസ്ക്കരിച്ച് എല്ലാവരും ഭക്ഷണത്തിനായി ഇരുന്നു. ഇഡ്ഡലി, ചട്ണി, സാമ്പാർ, കാപ്പി. ഉശിരായി ഏവർക്കും. മണ്ണടി ഭഗവതിയെതൊഴുത് താഴേക്കിറങ്ങി, കുളനട ദേവീക്ഷേത്രത്തിലേക്ക്. അവിടെ ഹ്രസ്വനേരം തിരുവാഭരണം പ്രദർശിപ്പിക്കുന്നുണ്ട്. തമ്പുരാനും പരിവാരങ്ങൾക്കുമുള്ള ലഘുഭക്ഷണവുമായി ക്ഷേത്രം അധികാരികൾ അവിടെ കാത്തുനില്പുണ്ട്. പുറത്തു പ്രദക്ഷിണവഴിയിൽ ദൃശ്യമാധ്യമക്കാർ. അവർക്ക് തമ്പുരാനുമായുള്ള അഭിമുഖം വേണം. പ്രാർത്ഥനാ നിരതരായി നിൽക്കുന്ന ജനങ്ങൾക്കിടയി

ലൂടെ കൂപ്പുകൈകളുമായി തമ്പുരാൻ നടന്നു. മുന്നിൽ വാളും പരിചയുമായി കുറുപ്പ്. പുറകെ അനുയാത്രികർ. വെയിൽ വക വെക്കാതെ പദയാത്ര തുടങ്ങി. വഴിനീളെ ജനങ്ങൾ കാത്തുനിൽപ്പാണ്. തമ്പുരാനെക്കാണാൻ, വണങ്ങാൻ, ഭസ്മം സ്വീകരിക്കാൻ, വഴിപാടു ദ്രവ്യങ്ങൾ ഏല്പിക്കാൻ. ഇളമുറതമ്പുരാക്കന്മാർ മനോജ് വർമരാജയും അനൂപ് വർമരാജയും വഴിയുടെ ഇരുവശങ്ങളിലും ഓടിനടന്ന് തമ്പുരാനുവേണ്ടി ഭസ്മം കൊടുത്തു. വെയിലിൽ വിയർത്തു. ശ്രീജിത് വർമ നിഴൽ പോലെ പിന്തുടർന്നു. രാഘവവർമരാജ നിർദ്ദേശങ്ങളും വിദൂരസംഭാഷണങ്ങളുമായി കർത്തവ്യ നിരതനായി. വ്രതശക്തി നൽകിയ കരുത്തോടെ, ഭക്തിയുടെ നിറവോടെ, അനുഷ്ഠാനത്തിന്റെ നിശ്ചയ ദാർഢ്യത്തോടെ, കനത്ത പദവിന്യാസത്തോടെ തമ്പുരാൻ നടന്നു. ഇളനീരും, സംഭാരവും, ചുക്കുകാപ്പിയും സമർപ്പിതമാക്കി, സേവയാക്കി ജനങ്ങൾ ഇരുവശങ്ങളിൽ. അമ്മമാർ ചിലർ അവരുടെ സങ്കടങ്ങൾ പറഞ്ഞു. ആവശ്യങ്ങൾ പറഞ്ഞു. യാത്രസംഘം ഉള്ളന്നൂർ ദേവീ ക്ഷേത്രത്തിലെത്തി.

❖ ❖ ❖

ദൂരമോർക്കാത്ത യാത്രയാണ്. നടന്നുനടന്ന്, ഇരുവശത്തും തിങ്ങി നിറഞ്ഞ ഭക്തജനങ്ങൾക്ക് ഭസ്മം കൊടുത്ത്, സ്വയം ഊതിവിയർപ്പാറ്റി, ചടുലപാദങ്ങളോടെ.... കയറ്റിറക്കങ്ങളിലൂടെ.... തമ്പുരാന്റെ ഇടുതകൈയ്യിൽ ഭൂതനാഥസർവസ്വം. ചുണ്ടിൽ ജപമന്ത്രം. ദക്ഷിണ സ്വീകരിച്ച്, വിഭൂതി നൽകി, നൽകി.... കുറിയാനപ്പിള്ളി ദേവീക്ഷേത്രം ദർശിച്ച് കിടങ്ങന്നൂർ ദേശത്തെ സ്വീകരണം ഏറ്റുവാങ്ങി. സായാഹ്നത്തോടെ ആറന്മുള പാർത്ഥസാരഥി ക്ഷേത്രത്തിലെത്തിച്ചേർന്നു.

പാർത്ഥസാരഥിയെ തൊഴുത്, താഴെ ഗണപതിയുടെ ചാരെ പല്ലക്ക് ഇറക്കി തമ്പുരാൻ ഇരുന്നു. ഭസ്മം വാങ്ങുവാനായി ജനങ്ങൾ തിങ്ങി നിറഞ്ഞു. പരിവാരങ്ങൾ ചുറ്റും ചിതറി. ചായകുടി, വിശ്രമം.

നേരം കളയാതെ യാത്ര തുടർന്നു. പൊന്നുംതോട്ടം ദേവിയെ തൊഴുത് പാമ്പാടി മണ്ണിലേക്ക്. അഴിടെ പുരുഷാരം കാത്തുനില്പാണ്. തിരുവാഭരണം പ്രദർശിപ്പിക്കുന്നുണ്ട്. ഉച്ചഭാഷിണികൾ തുടരെ തുടരെ ഘോഷിക്കുന്നുണ്ട്. തൊട്ടുമുമ്പിലെ കൃസ്തീയ ദേവാലയം തിരുവാഭരണ ഘോഷയാത്രയ്ക്ക് ആശംസയർപ്പിച്ച് ബാനർ വെച്ചിട്ടുണ്ട്. ഭക്തി ഇവിടെ ശബ്ദായമാനമാണ്. തിരുവാഭരണം എത്തിച്ചേർന്നു. പുറകെ തിരക്കിൽ അകമ്പടിക്കാർക്കിടയിൽ തിങ്ങി ഞെരുങ്ങി. തമ്പുരാനും സംഘവും. ജനങ്ങളുടെ നീണ്ടനിര. നിരയിലും നിര തെറ്റിച്ചും അവർ തിരക്കുകൂട്ടി. തിരുവാഭരണം കാണാൻ. തമ്പുരാനെ വണങ്ങാൻ. പാമ്പാടി മണ്ണിൽ ഇരുട്ട് വിരിവെച്ചു. തമ്പുരാൻ കർപ്പൂരമുഴിയണം. പുതുതായി തുറക്കുന്ന പീടിക മുറിയെ അനുഗ്രഹിക്കണം. ഒരുക്കി വെച്ച പൂജാസാമഗ്രികൾ ഒന്നു സ്പർശിച്ച് നീക്കി വയ്ക്കണം. അല്പം ഇളനീരു കുടിക്കണം. വഴിയോരത്ത് നിരക്കുന്നവർക്ക് ആവശ്യങ്ങൾ പലതാണ്. അയ്യപ്പന്റെ പിതൃസ്ഥാനീയനാണ് നടന്നു പോകുന്നത്, അഥവാ അയ്യപ്പൻ തന്നെയാണ് വന്നു നിൽക്കുന്നത്. ഇരുൾ പരന്ന വീഥിയിലൂടെ രാജപദയാത്ര. വഴിയല്പം വിജനമായപ്പോൾ ചെറിയ നീർച്ചാലുകൾ ചാടിക്കടന്ന് യാത്ര. മഹാവൃക്ഷങ്ങൾ ഇലകൾ കൂമ്പി തൊഴുതുനിന്നു. ഭക്തി–ലോകത്തിനെ അറിയിക്കാൻ ഉച്ചഭാഷിണികൾ ദൂരെ പാടിക്കൊണ്ടെയിരുന്നു. സംഘം ചെറുകോൽ സുബ്രഹ്മണ്യസ്വാമി ക്ഷേത്രത്തിലെത്തി. തമ്പുരാനെ ജമന്തി മാല യിട്ടു സ്വീകരിച്ചു. തിരിച്ചുപോകുമ്പോൾ ഈ മാല നാട്ടുകാരിലൊരാൾ ചോദിച്ചുവാങ്ങി. ധന്യമായ ഈ ഹാരം അയാൾക്ക് അയാളുടെ വണ്ടിയിൽ ചാർത്തണം. ക്ഷേത്രത്തിൽ കൂടിയവർക്ക് ഭസ്മ വിതരണം. അകത്തുകടന്ന് ഭഗവാനെ വണങ്ങി പ്രസാദം വാങ്ങി. ശാന്തിക്കാരന് ഒരു കൈ നിറയെ പിടിപ്പണം ദക്ഷിണ. വീണ്ടും യാത്ര. ഇടതുവശത്ത് നിശ്ശബ്ദയായ പുഴ. ആത്മീയമേളകൾ അരങ്ങേറുന്ന ചെറുകോൽപുഴ. അതിനാലാവാം പുഴ മൗനത്തിന്റെ ആനന്ദം സ്വാംശീകരിച്ചിരിക്കുന്നു. ദീർഘമായ പാലം കയറിയിറങ്ങി നടത്തം തന്നെയാണ്. ക്ഷീണമാർക്ക്? കുറുപ്പിനും തമ്പുരാനും കൂസലില്ല. തികഞ്ഞ പക്വതയാണ്. കൂട്ടാളികളോ. ആരും പ്രകടിപ്പിക്കുന്നില്ല. ലക്ഷ്യം അയിരൂർ പുതിയകാവ് ദേവീ ക്ഷേത്രമാണ്. അവിടെ തിരുവാഭരണം പ്രദർശിപ്പിക്കുന്നുണ്ട്. തമ്പുരാൻ എത്തിച്ചേർന്ന് വിഭൂതി നൽകി അനുഗ്രഹിക്കണം. തിരക്കിലൂടെ സംഘം ക്ഷേത്രത്തിനകത്തു കടന്നു. മറ്റുള്ളവർ മുതുകുചായ്ക്കാൻ നോക്കി. തമ്പുരാനും ഇളമുറത്തമ്പുരാക്കന്മാർക്കും വിശ്രമമില്ല. ഊഴമിട്ട് അവർ ഭസ്മം നൽകി. പാതിരാനേരത്ത് ഏവരും പിരിഞ്ഞപ്പോൾ ഊണ്. കിടക്കാൻ പായ തികയാതെ കരിങ്കൽ നിലത്തു തോർത്തുവിരിച്ചു കിടന്നു ചിലർ. കല്ല്, കാലുക്ക് മെത്ത മാത്രല്ല, ദേഹത്തിനും മെത്തയായി.

രണ്ടുമണിക്കൂറെ ഉറക്കം ഉണ്ടായുള്ളു. അഹസ്സു പിറന്നപ്പോഴെക്കും യാത്ര ആരംഭിച്ചു. ഇടപ്പാവൂർ ദേവീ ക്ഷേത്രത്തിൽ കയറിയിറങ്ങി ദ്രുതഗമനം. വൻവൃക്ഷങ്ങൾ ഉറക്കമുണർന്നിട്ടില്ല. ഇനി പമ്പാനദി താണ്ടണം. തുടക്കൊപ്പം വെള്ളം. ഉറക്കക്ഷീണത്തിൽ നദിയിലൂടെയുള്ള നടപ്പ് പലർക്കും ഉണർവേകി. വെള്ളത്തിനു തണുപ്പ് ദൂരെനിന്ന് ഉച്ചഭാഷിണിയിൽ പാട്ടും അറിയിപ്പും സ്വാഗതവും കാറ്റിലൂടെ വന്നു. ആയിക്കക്കുന്ന് അഥവാ തിരുവാഭരണപ്പാറ. അവിടെ തമ്പുരാനും സംഘത്തിനും സ്വീകരണം. ചൂടുചായ. ഇടക്കുളം അയ്യപ്പക്ഷേത്രമാണ് ഇനി ലക്ഷ്യം. അവിടെ തിരുവാഭരണം പ്രദർശിപ്പിക്കുന്നുണ്ട്. പിന്നീട് വടശ്ശേരിക്കരയിലും പ്രദർശനമുണ്ട്. പ്രയാർ മഹാവിഷ്ണുക്ഷേത്രത്തിൽ തൊഴുത് മാടമൺ എന്ന സ്ഥലത്തെത്തി. അവിടെ സ്വീകരണത്തിൽ തമ്പുരാനെ ഒരു കിരീടം അണിയിച്ചു. ഒരു കിന്നരിത്തലപ്പാവ്. ഉച്ചയോടെ പെരിനാട് ക്ഷേത്രത്തിലെത്തി. അവിടെ അല്പം വിശ്രമം. ഉച്ചഭക്ഷണം. സമീപത്ത് നദിയിൽ ഒരു മുങ്ങിക്കുളി. ഏവർക്കും ആശ്വാസം തന്നെയായി. ആന്ധ്രയിൽ നിന്നുള്ള ഒരു അയ്യപ്പൻ, തമ്പുരാനും പരിവാരങ്ങൾക്കുമുള്ള ഭക്ഷണം

വിളമ്പി ഇലയെടുത്തത് ഒരു പ്രാർത്ഥന എന്ന നിലയിലായിരുന്നു. ഊണുകഴിഞ്ഞു വിശ്രമിക്കുമ്പോൾ അയാൾ തന്റെ പ്രാരാബ്ധങ്ങൾ തമ്പുരാനെ വന്നു കണ്ടു പറഞ്ഞു. എല്ലാം അയ്യപ്പന് സമർപ്പിച്ചുകൊള്ളാൻ തമ്പുരാൻ മറുപടി നൽകി. സ്വാമിക്ക് ആശ്വാസമായി. തിരുവാഭരണം സമീപത്തെ ശ്രാമ്പിക്കൽ ആശ്രമത്തിലേക്കു നീങ്ങി. അവിടെ പ്രദർശനമുണ്ട്.

നടന്ന് നടന്ന് സായാഹ്നത്തോടെ മുനങ്കരയിലെത്തി. അവിടെ കുത്തനെയുള്ള കയറ്റമാണ്. ചെമ്മണ്ണു കയറ്റം. ക്ഷീണവും ക്ലേശവും വകവെക്കാതെ പദയാത്രികർ. അഭയമായി ശരണം വിളികൾ. പതുക്കെ പതുക്കെ വനാന്തരീക്ഷം വന്നു തുടങ്ങി. മലചുറ്റിയുള്ള റോഡ്. ഇനി ളാഹയാണ് ലക്ഷ്യം. അവിടെ വനം വകുപ്പിന്റെ ഒരു കെട്ടിടത്തിൽ രാത്രി തങ്ങുന്നു. തിരുവാഭരണ ദർശനവുമുണ്ട്. ഭസ്മം വാങ്ങി വണങ്ങാൻ വൻജനാവലി. അർദ്ധരാത്രി കഴിഞ്ഞു മയങ്ങാൻ കിടന്നപ്പോൾ.

പതിവുപോലെ പുലരും മുമ്പേ യാത്ര തുടങ്ങി. മൂന്നാം ദിവസമായി യാത്ര തുടങ്ങിയിട്ട്. സംഘം പാപ്പിള്ളിയിൽ തലപ്പാറക്കോട്ടയിൽ എത്തി. നിബിഡ വൃക്ഷങ്ങൾ വഴിയോരത്ത്. ഇരുട്ടിനോടു പൊരുതുന്ന ദുർബ്ബലരായ വെളിച്ചസ്രോതസ്സുകൾ. പച്ചയായ തണുപ്പ്. ചെവിയിൽ ചുഴികുത്തുന്ന ഇളംകാറ്റ്. തലപ്പാറക്കോട്ടയിൽ കാട്ടുമൂപ്പന്റെ പ്രതിനിധി കാത്തു നില്പുണ്ട്. പന്തളം രാജാവ് വനസംരക്ഷണത്തിന് ചുമതലയേല്പിച്ച പഴയകാട്ടുമൂപ്പന്റെ പിൻതുടർച്ചക്കാർ. പ്രത്യേക ഭാഷയിൽ എന്തോ മന്ത്രം ചൊല്ലിക്കൊണ്ട് മൂപ്പൻ എല്ലാവരുടേയും നെറ്റിയിൽ ഭസ്മം തൊട്ടു. ഭക്തിമൂത്ത ജനങ്ങൾ ചില ഘട്ടങ്ങളിൽ നിയന്ത്രണാതീതമായി തിരക്കുണ്ടാക്കി. തമ്പുരാനേയും ഇളമുറക്കാരേയും തൊടുവാനും കാൽ തൊട്ടു വന്ദിക്കുവാനുമുള്ള ആവേശം.

പുലരുമ്പോഴേക്കും നിലക്കൽ മഹാദേവ ക്ഷേത്രത്തിന്റെ താഴെയെത്തി. ശാരീരികക്ഷീണം പലരേയും പാതയോരത്ത് തന്നെ ഇരിക്കാൻ പ്രേരിപ്പിച്ചു. എന്നാൽ കയറ്റം കയറി മലമുകളിൽ ചെന്ന് ക്ഷേത്രദർശനം നടത്താൻ തന്നെ തമ്പുരാൻ നിശ്ചയിച്ചു. തമ്പുരാനും അനൂപ് വർമരാജയും മുകളിലേക്കു കയറിപ്പോയി. പേരറിയാ വൃക്ഷങ്ങൾക്കു മുകളിലൂടെ മേഘങ്ങൾ നീന്തിവന്നു. വിശ്രമിക്കുമ്പോഴാണ് കാലുകൾക്കു സംഭവിച്ച ആഘാതം അറിയുന്നത്.

അട്ടത്തോട് എന്ന സ്ഥലത്ത് താഴോട്ടുള്ള ഇറക്കമാണ്. കുന്നിൻ മുകളിൽനിന്ന് താഴെ പമ്പയിലേക്കുള്ള ഇറക്കം. ഏറ്റം ക്ലേശകരമായിരുന്നു അത്. പലരുടേയും കാലുകൾ പിണങ്ങി. താഴെചെന്ന് വേദനസംഹാരിത്തൈലങ്ങൾ പുരട്ടി ആശ്വാസം തേടാൻ ശ്രമിച്ചു. തമിഴ്നാട്ടിൽ നിന്നു വന്ന സന്നദ്ധസേവാ സംഘങ്ങൾ വാനുമായി കൂടെ വന്നിരുന്നു. വിറ്റാമിൻ ഗുളികകൾ തന്നു. ഓയിന്റ്മെന്റുകൾ പുരട്ടി കാൽ തിരുമ്മിത്തന്നു. എല്ലാം അയ്യപ്പനുള്ള സേവയാണ് എന്ന് അവർ കരുതി.

ഇനി നദികടന്നുള്ള യാത്രയാണ്. പാറക്കെട്ടുകളിലൂടെ കയറിയും ഇറങ്ങിയും ഒലിയാംപുഴയിലൂടെ (ശ്രീരാമൻ ബാലിയെ അമ്പെയ്തു കൊന്ന സ്ഥലം എന്ന് ഐതിഹ്യമുണ്ടത്രേ. ഒളിയമ്പ് പുഴയാണ് ഒലിയാംപുഴയായത് എന്ന് ന്യായവാദവും) കുറുങ്കയം ആറുകടന്ന് വലിയാനവട്ടം ലക്ഷ്യമാക്കി നടത്തം (ഇടയ്ക്കിടെ പാറക്കെട്ടുകളിൽ നിന്ന് ചാട്ടവും)

വലിയാനവട്ടത്തെത്തി. അവിടെ അല്പനേരം വിശ്രമമാണ്. തിരുവാഭരണ സംഘക്കാർ എത്തിയിട്ടില്ല. നിലത്തു വെറും മണലിൽ കിടന്നാൽ ഉറക്കത്തിലേക്ക് കൂപ്പു കുത്താം. ബിഭൂതി ഭൂഷണ്ന്റെ ആരണ്യകം ഓർമ വരും. ആകാശത്ത് വലം വെക്കുന്ന കൃഷ്ണപ്പരുന്ത്.

യാത്രയുടെ ഏറ്റവും ചടുലമായ ഭാഗമാണിനി. ചെറിയാനവട്ടത്തേക്കുള്ള യാത്ര. തിരുവാഭരണസംഘവും തമ്പുരാനും ഒന്നിച്ച്. ദ്രുതഗതിയിൽ തന്നെ നടക്കണം. ശരീരക്ഷീണം ഗൗനിക്കയേ വയ്യ. അല്പം നിന്നു പോയാൽ കൂട്ടം തെറ്റും. ജനത്തിരക്കിൽ സംഘം വിട്ടുപോകും. ഭക്തിയും ആവേശവും കൂടിയ ജനങ്ങൾ അലയടിച്ചു കൂടെയുണ്ട്. “പദം പദം ഉറച്ചു” നീങ്ങണം. ശ്രദ്ധതെറ്റിയാൽ മാലിന്യമാണ്. ഒരു കൂട്ടയോട്ടത്തിലൂടെ ചെറിയാനവട്ടത്തെത്തി. വീതികുറഞ്ഞ പാലം കടന്ന് പമ്പാതടത്തിലേക്ക്. ശരണം വിളികൾ, പ്രാർത്ഥനകൾ, പാലത്തിനു താഴെ വെള്ളത്തിൽ തിങ്ങിനിൽക്കുന്ന തമിഴ്നാട്ടുകാർ അയ്യപ്പന്മാർ അവർ വെള്ളം കാലിൽ തളിക്കും. സ്നേഹത്തിന്റേയും ആരാധനയുടേയും ഞെരുക്കത്തിലൂടെ പമ്പാതടത്തിലെ കൂടാരത്തിലെത്തി. അവിടെ സദ്യയാണ്. തമിഴ്നാട്ടിലെ കുമാർസ്വാമിയും സംഘവും ആതിഥ്യമരുളുന്ന സദ്യ. വിയർത്തുകുളിച്ച്, പൊടിയണിഞ്ഞ് ചോറിനു മുമ്പിലിരിക്കാം. ചെറിയാനവട്ടത്ത് വച്ച് തിരുവാഭരണ സംഘം നേരെ സന്നിധാനത്തിലേക്കു കയറിപ്പോയി. സന്ധ്യക്ക് സംക്രമത്തിന് തിരുവാഭരണം അയ്യപ്പനു ചാർത്തണം. തമ്പുരാനും സംഘവും അന്നു മലകയറുകയില്ല. പമ്പയിലെ താവളത്തിൽ വിശ്രമിച്ച് മൂന്നാം നാളിലെ സന്നിധാനത്ത് എത്തുകയുള്ളു.

പമ്പയിൽ പന്തളരാജന് ഒരു ഇരിപ്പിടമുണ്ട്. രണ്ടുനാൾ തങ്ങുന്നത് അവിടെയാണ്. തീർത്ഥാടകർക്ക് നിരന്തരം ഭസ്മം കൊടുക്കുവാൻ അവിടെ ഒരാൾ ഉണ്ടാകണം. തമ്പുരാനും ഇളമുറത്തമ്പുരാക്കന്മാരും ഊഴമിട്ട് ഭസ്മം കൊടുക്കുവാൻ ഇരുന്നു.

മകരസംക്രമത്തിൽ ജ്യോതി ദർശന സായൂജ്യത്തിൽ ഭക്തരുടെ ശരണം വിളികൾ ഉയർന്നു കേൾക്കായി.

ജനുവരി 16 വെള്ളിയാഴ്ച. ഉച്ച തിരിഞ്ഞ് തമ്പുരാനും സംഘവും സന്നിധാനത്തേക്കു പുറപ്പെട്ടു. കയറുന്നവരും ഇറങ്ങുന്നവരുമായി ഒരു ജനക്കൂട്ടമുണ്ട്. വാളുമേന്തി മുന്നിൽ നടക്കുന്ന കുറുപ്പിനേയും പുറകിൽ തമ്പുരാനേയും പരിവാരങ്ങളേയും കണ്ട് ചിലർ വണങ്ങി. ചിലർ കൗതുകത്തോടെ നോക്കി. മനസ്സിലാകാത്ത പലരും തങ്ങളുടെ ഭാവനയിലൂടെ ഇതെന്ത് എന്നു വ്യാഖ്യാനിക്കാൻ ശ്രമിച്ചു. നീലിമല ധ്യാനനിമഗ്നയായി നിന്നു. വർഷങ്ങളായി ഈ തീർത്ഥാടനം കാണുന്ന വൃക്ഷതപസികൾ

കാരുണ്യത്തോടെ പത്രങ്ങൾ വിടർത്തി നിന്നു. പാദബലവും ദേഹബലവും കാംക്ഷിച്ച് ശരണംവിളികൾ ഉയർന്നു. മോക്ഷം അർത്ഥിച്ച് പ്രാർത്ഥനകളും.

അപൂർണ്ണതയിൽനിന്ന് പൂർണ്ണതയിലേക്ക് എത്രദൂരം?

വിയർത്ത്, ദാഹിച്ച്, ജലപാനം ചെയ്ത് സംഘം അപ്പാച്ചിമേടും പിന്നിട്ട് ശരംകുത്തിയിലെത്തി. അവിടെ കൈകാൽ കഴുകി അല്പം വിശ്രമം. വീണ്ടും നടത്തം. ഒരേയൊരു ലക്ഷ്യം. സന്നിധാനത്തിൽ എത്താറായപ്പോഴേക്കും ദേവസ്വം അധികാരികൾ ഗജവീരനുമൊത്ത് എത്തി, തമ്പുരാനെ സ്വീകരിക്കാൻ. അവിടുന്നങ്ങോട്ട് സ്വീകരണ യാത്ര. പതിനെട്ടാം പടിയുടെ താഴെ എത്തി. ജനത്തിരക്ക് തല്ക്കാലം നിയന്ത്രിച്ച് അധികൃതർ പതിനെട്ടു പടികളും കഴുകി. മേൽശാന്തി ഇറങ്ങിവന്ന് തമ്പുരാന്റെ കാൽ കഴുകി സ്വീകരിച്ചു.

അസ്തമയ സൂര്യൻ ചെമ്പട്ടു പുതച്ചുനിന്നു. ശരണം വിളികൾ ചക്രവാളത്തിലെത്തി. ഏവരുടേയും മനസ്സിൽ ഒരു പ്രത്യേക അനുഭൂതി നിറഞ്ഞു. ഒരു മുഖാമുഖത്തിന്റെ ധന്യതയോർത്ത്.

തമ്പുരാൻ ഒന്നാം തൃപ്പടിയിൽ വലംകാൽ വച്ചു!!

അവിടുന്നങ്ങോട്ട് ഒരു ഉത്ഥാനമായിരുന്നു. ആവേശത്തിമർപ്പിൽ ഓടിയെത്തിയവർ നടയ്ക്കു നേരെ മുന്നിലെത്തി.മേൽശാന്തി തമ്പുരാനെ സ്വീകരിച്ചു. പ്രസാദം നൽകി.

ദീപപ്രപഞ്ചത്തിൽ തിരുവാഭരണം അണിഞ്ഞ് നിത്യാനന്ദത്തോടെ നിൽക്കുന്നതാര്?

യോഗീശ്വരനായി അഭയമുദ്രയോടെ മന്ദഹസിക്കുന്നതാര്?

ക്ലേശപൂർണ്ണമായ യാത്രയോടെ, സഹനവഴിയിലൂടെ ഈ തിരുനടയിലെത്തുമ്പോൾ കാണുന്നതാരെ?!

കണ്ണടച്ചും തുറന്നും പ്രാർത്ഥിച്ചു.

ഉത്തരം അവിടുന്നു തന്നെ തന്നു.

"തത്വമസി" ⌘

***നൈമിഷാരണ്യം തുടർച്ച......***

ചെയ്യുകയും അത് പ്രവർത്തിപഥത്തിൽ എത്തിക്കുകയും വേണം. *"ഒന്നായാൽ നന്നാവാം; നന്നായാൽ മുന്നേറാം"* എന്ന കുഞ്ഞുണ്ണിമാസ്റ്ററുടെ വാക്യം നമ്മുടെ ഓരോരുത്തരുടേയും മനസ്സിൽ തെളിയട്ടെ.

ഭീകരാക്രമണത്തെപ്പറ്റി പറയുമ്പോൾ ചില വരികൾ കൂടി ഓർമ്മയിലേക്ക് കടന്നുവരുന്നു.

*"മനുഷ്യനായിങ്ങു ജനിക്കിലെന്തേ,*
*നേടേണ്ടതെന്നോർത്തറിയാതൊരാളും*
*തുനിഞ്ഞിടാതിങ്ങിനെ നീളുമോരോ-*
*നാളും നശിപ്പിക്കുകയാം ജഗത്തിൽ*

കലികാലത്ത് സംഭവിക്കാൻ പോകുന്ന അധർമ്മങ്ങളെപ്പറ്റി 5000 വർഷങ്ങൾക്കു മുമ്പെതന്നെ വ്യാസഭഗവാൻ മുൻകൂട്ടികണ്ടിരുന്നു. ഇന്ന് നടക്കുന്ന ഓരോ സംഭവവും (രാഷ്ട്രീയ കലാപങ്ങളും, കൊള്ളയും, കൊലപാതകങ്ങളും, തീവ്രവാദഭീകരപ്രവർത്തനങ്ങളും അടക്കം) ഇതിന്റെ യാഥാർത്ഥ്യത്തിലേക്ക് വെളിച്ചം വീശുന്നു. ജീവിതം രണ്ടു തരത്തിലാണ്. ആദ്ധ്യാത്മികവും, ഭൗതികവും. ഇന്ന് ഭൗതികജീവിതാസക്തിയാണ് മുന്നിട്ടു നില്ക്കുന്നത്. ഇതുതന്നെയാണ് മനുഷ്യരെ ദുഷ്കർമ്മങ്ങളിലേക്ക് പ്രേരിപ്പിക്കുന്നതും. ആദ്ധ്യാത്മിക ജീവിതം കൊണ്ട് മാത്രമെ ശാശ്വതമായ സുഖവും സമാധാനവും കൈവരിക്കാൻ കഴിയുകയുള്ളു എന്ന സത്യം മനസ്സിലാക്കാൻ ഇനിയും വൈകിക്കൂടാ.

ഓരോ യുഗം ചെല്ലുന്തോറും ലോകത്തിൽ നിന്ന് ധർമ്മം മറഞ്ഞുപോവുകയും കലിയുഗത്തിൽ ഇവിടം അധർമ്മം കൊണ്ട് നിറയുകയും ചെയ്യും എന്ന് ആഗമങ്ങൾ ഘോഷിക്കുന്നു. എത്ര ശരിയാണ് ഇത് എന്ന് ഇപ്പോൾ തോന്നിപ്പോകുന്നു. കലികാലത്ത് ചീത്തവഴിക്ക് നീങ്ങാൻ എളുപ്പമാണ്. എന്തുകൊണ്ട് നല്ലവഴിക്ക് ചിന്തിക്കാൻ മനുഷ്യർക്ക് കഴിയുന്നില്ല ? നമ്മുടെ മനസ്സ് അധർമ്മത്തിന്റെ ചൂഴിയിൽപ്പെട്ടുഴലുമ്പോൾ അതിൽ നിന്നും മോചിതരാവാൻ നമുക്ക് കഴിയണമെങ്കിൽ മനോധൈര്യം സമ്പാദിക്കണം, അതിന് ആത്മീയജ്ഞാനം കൈവരിക്കണം.

"വെറുക്കാനും, നശിപ്പിക്കുവാനുമല്ല മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നത്; സ്നേഹിക്കാനും, ജീവിക്കാനുമാണ്." മുൻ പ്രസിഡന്റ് ഡോ. രാധാകൃഷ്ണന്റെ ഈ വാക്കുകൾ ഈ അവസരത്തിൽ സ്മരിക്കുന്നത് നന്നായിരിക്കും. ലോകാസമസ്താസുഖിനോഭവന്തു.

*നൈമിഷാരണ്യം സംഘടനയുടെ 13-ാം വാർഷികാഘോഷങ്ങളുടെ ഭാഗമായി കണ്ണൂർ ജവഹർലൈബ്രറി ആഡിറ്റോറിയത്തിൽ നടന്ന മുംബൈ ഭീകരാക്രമണത്തിൽ ജീവൻ ത്യജിക്കേണ്ടിവന്നവർക്കായി സമർപ്പിച്ച "ശോഭനീയം - 2008" എന്ന പരിപാടിയിൽ അവതരിപ്പിച്ച ആശംസാപ്രസംഗത്തിന്റെ പ്രസക്തഭാഗം.*

⌘

# കേന്ദ്രസഭാ വാർത്ത

## REACT ഡയറക്ടർ ബോർഡ്

ക്ഷത്രിയക്ഷേമസഭ രൂപീകരിച്ച ട്രസ്റ്റിന്റെ (Royal Educational and charitable Trust - REACT) ആദ്യ യോഗം ഫെബ്രുവരി 8ന് തിരുവനന്തപുരം സുന്ദരവിലാസം കൊട്ടാരത്തിൽ നടന്നു. ഒൻപത് അംഗങ്ങളുള്ള താഴെപ്പറയുന്ന ഡയറക്ടർ ബോർഡിന് യോഗം അംഗീകാരം നൽകി.

1. പി. എ. ഗോദവർമ്മരാജ – ചെയർമാൻ
2. എം. രവിവർമ്മരാജ – വൈസ് ചെയർമാൻ
3. അനിൽകുമാർ പണ്ടാല – സെക്രട്ടറി
4. പി.ജി. ശശികുമാർവർമ്മ – ജോ. സെക്രട്ടറി
5. പ്രൊഫ. ലീലാനാരായണൻ – ട്രഷറർ
6. കെ.സി. മാനവർമ്മരാജ
7. ഡോ. ഗിരീഷ് വർമ്മ
8. ആർ. സുരേന്ദ്രൻ – സംസ്ഥാന പ്രസിഡന്റ്
9. ജി. രാമവർമ്മ – സംസ്ഥാന സെക്രട്ടറി



# ദേവദർശനം

**(ചെന്നിത്തല രാജരാജവർമ്മ)**

*ക്ഷേത്രങ്ങളിൽ പതിവുള്ള 'ശ്രീബലി, ശ്രീഭൂത ബലി, ഉത്സവബലി എന്നീ ചടങ്ങുകളുടെ ഉൾക്കാഴ്ച തേടുകയാണ് ഈ ലക്കത്തിൽ.*

ക്ഷേത്രം പണി കഴിഞ്ഞു. മൂർത്തി യെ പ്രതിഷ്ഠിക്കാൻ സമയവും നിശ്ചയിച്ചു. ആ സമയം പ്രതിഷ്ഠാമൂർത്തിയുടെ ഭൂതഗണങ്ങൾ (ശിഷ്യർ) മൂർത്തിയോട് ചോദിച്ച ഒരു ചോദ്യമിതായിരിക്കാം.

അങ്ങേക്ക് ദിവസവും മൂന്നുനേരം ഭക്ഷണം കിട്ടുമ്പോൾ ശിഷ്യരായ ഞങ്ങൾക്കെന്തു ലഭിക്കും. ഉത്തരം ഇതായിരിക്കാം. എനിക്കു നിവേദിക്കാനുള്ള ഹവിസ്സിൽ ഒരു ഭാഗം നിങ്ങൾക്കു തരുന്നതിന് നീക്കി വക്കും. അത് തരുന്നുണ്ടോ എന്ന് നേരിൽ ഞാൻ വന്ന് നോക്കുന്നതുമായിരിക്കും."

ശിഷ്യർക്ക് തൃപ്തിയായി. നേരത്തെ പ്രസ്താവിച്ച മൂന്നു ബലികളുടെയും കാതലായി ഒരംശം ശിഷ്യഗണങ്ങൾക്കു കൂടി നല്കുന്നത് നേരിൽ വന്നുകാണുന്ന ഉദാത്തമായ നിദർശനം എത്ര മഹത്തരം.

എന്നാൽ ഇന്നോ? ഗവൺമെന്റ് ഒരു ഉത്തരവ് ഇറക്കിയാൽ ആയത് നടക്കുന്നുണ്ടോ. തങ്ങളുടെ ശിഷ്യർക്ക് എല്ലാവർക്കും അത് നേരിട്ട് കിട്ടുന്നുണ്ടോ എന്ന് നോക്കുന്നതിനുള്ള സംവിധാനം കുറ്റമറ്റതല്ല.

ശിഷ്യർ അന്നും ഇന്നും ഉണ്ട്. അന്ന് "ശിഷ്യർ" എങ്കിൽ ഇന്ന് "ശിങ്കിടികൾ" എന്ന് വ്യത്യാസം മാത്രം.

അതുപോലെ തന്നെ ദേവസങ്കല്പകാലത്തും "Food for work" നടന്നിരുന്നു. അടിമകൾ (ഭൂതഗണങ്ങൾ) എന്ന കൂട്ടർ അന്ന് ഉണ്ടായിരുന്നു. അവർക്ക് ജോലികൊടുത്ത് ഭക്ഷണവും കൊടുക്കുന്ന വ്യവസ്ഥ പണ്ടേ ഉള്ളതാണ്. ഇന്ന് നാം കാണുന്ന പല ചുറ്റുമതിലുകളും സ്ഥാപനങ്ങളും ഭൂതഗണങ്ങൾ കെട്ടിത്തന്നതാണെന്നാണ് പറയുന്നത്. ഇന്നും ആ വ്യവസ്ഥ വേറൊരു രൂപത്തിൽ നടക്കുന്നുവെന്നു മാത്രം "തൊഴിലുറപ്പു പദ്ധതിയെന്നോ തൊഴിൽ ദാന പദ്ധതിയെന്നോ പേരുമാറി" എന്നുമാത്രം. സംഗതി എല്ലാം ഒന്നുതന്നെ. പക്ഷെ ഒരു വ്യത്യാസം അന്ന് നടത്തിപ്പിന് ചിട്ടയും മേൽനോട്ടവുമുണ്ടായിരുന്നു. ഇന്നോ? നിങ്ങൾതന്നെ വിലയിരുത്തുക.

'ദേവദർശനം' എത്ര മഹത്തരം. ⌘



ലഘുപാചകം

**ശാരദാവർമ്മ**

## ബീറ്റ് റൂട്ട് ചമ്മന്തി

| | | |
|---|---|---|
| ബീറ്റ് റൂട്ട് (നുറുക്കിയത്) | – | കാൽകപ്പ് |
| തേങ്ങാ (ചിരവിയത്) | – | അര മുറി |
| വറ്റൽ മുളക് | – | നാല് |
| ഇഞ്ചി | – | ഒരു കഷണം |
| കായപ്പൊടി | – | സ്വാദിന് |
| ചുവന്നുള്ളി (അരിഞ്ഞത്) | – | മൂന്ന് |
| പുളി | – | ഒരുചെറിയ നെല്ലിക്കാവലുപ്പത്തിൽ |
| ഉപ്പ് | – | പാകത്തിന് |
| കറിവേപ്പില | – | ഒരു തണ്ട് |
| മല്ലിയില | – | ഒരു ടേബിൾസ്പൂൺ |

*തയ്യാറാക്കുന്ന വിധം*

ബീറ്റ് റൂട്ട് വേവിച്ചെടുക്കുക. മുളകും ഉള്ളിയും അര സ്പൂൺ എണ്ണ ഒഴിച്ച് വഴറ്റുക. ചേരുവകളെല്ലാം കൂടി അരച്ചെടുക്കുക. പുളിക്കുപകരം ചെറുനാരങ്ങാനീര് ചേർത്താലും മതി.

## പുതിനാചട്ട്ണി

| | | |
|---|---|---|
| ടുമാറ്റോ | – | ഒന്ന് (വലുത്) |
| സവാള (അരിഞ്ഞത്) | – | ഒന്ന് |
| ഇഞ്ചി (നുറുക്കിയത്) | – | ഒരു കഷണം |
| വറ്റൽമുളക് | – | രണ്ട് |
| പച്ചമുളക് (അരിഞ്ഞത്) | – | ഒന്ന് |
| ചെറുനാരങ്ങാനീര് | – | അര സ്പൂൺ |
| പുതിനാ ഇല | – | കാൽ കപ്പ് |
| ഉപ്പ് | – | ആവശ്യത്തിന് |

*തയ്യാറാക്കുന്നവിധം*

ടുമാറ്റോ തിളച്ച വെള്ളത്തിലിട്ട് തൊലി മാറ്റി എടുക്കുക. രണ്ടാമത്തെ ചേരുവകൾ ഒരു സ്പൂൺ വെളിച്ചെണ്ണയിൽ വഴറ്റി എടുത്ത് ടുമാറ്റോയും ഉപ്പും പുതിനാ ഇലയും ചേർത്ത് നന്നായി അരച്ചെടുക്കുക. ചെറുനാരങ്ങാനീരും ചേർത്തിളക്കുക. ദോശയോടൊപ്പം കഴിക്കാം.

ഓർമ്മയിൽ നിന്ന് ഓരേട്

# “ഉത്തരമില്ലാത്ത കടംകഥ”

ഹൈമാവതി വർമ്മ, ചേർത്തല



‘മേഘന ആലിഖാൻ ഗൊൺസാൽവിസ്’ വിചിത്രമായ പേര്. അതുപോലെ തന്നെ വിചിത്രവും അവിശ്വസനീയവുമായ ഒരു കഥയാണ് ആ കുട്ടിയുടേത്.

ആസ്സാം ഡിബ്രുക്കട്ടിലെ തേയിലത്തോട്ടത്തിൽ ജനിച്ച്, കൽക്കട്ടയിലെ കോടീശ്വരനായ ഖാൻ സാഹിബിന്റെ വളർത്തുമകളായി വളർന്നു. ഇപ്പോൾ ഇന്റർ നാഷണൽ ഓർക്കസ്ട്രയുടെ അധിപനായ കിരൺ ഗോൺസാൽവിസിന്റെ ജീവിതസഖിയായി ആസ്ട്രേലിയയിൽ ജീവിക്കുന്നു.

നെടുമ്പാശ്ശേരി വിമാനത്താവളത്തിൽ കാത്തിരുന്ന എന്റെ മനസ്സിൽ ഓർമ്മകൾ ഓടിവന്നു. മേഘനയെ ആദ്യം കാണുമ്പോൾ വയസ്സ് പത്ത്. തുടുത്ത കവിളുകളും അല്പം പതിഞ്ഞ മൂക്കും മിന്നുന്ന കണ്ണുകളും അത്യാകർഷകമായ പുഞ്ചിരിയും. ഒറ്റ നോട്ടത്തിൽ തന്നെ അവൾ എന്റെ മനസ്സിന്റെ ഉള്ളിലേക്ക് കടന്നുകയറി. ക്യാമറയിൽ പകർത്തിയ ഫോട്ടോ പോലെ അതവിടെ പതിഞ്ഞു. നാലു വർഷം നീണ്ടുനിന്ന ഗുരുശിഷ്യ ബന്ധം അല്ല. അമ്മയും കുഞ്ഞും തമ്മിലുള്ള ബന്ധം എന്നു പറയുന്നതാവും കൂടുതൽ ശരി.

ഖാൻ സാഹിബ് തന്നെ പറഞ്ഞറിഞ്ഞ കഥയാണ്. ബംഗ്ളാദേശിൽ നിന്ന് അഭയാർത്ഥിയായി വന്ന രാംദാസാണ് മേഘനയുടെ അച്ഛൻ. കൽക്കട്ടയിലെ മലിനമായ ഒരു അഭയാർത്ഥി കേന്ദ്രത്തിൽ നിന്ന് കളക്റ്റർ ചൗധരി ആണ് രാംദാസിനെ ആലിഖാന്റെ ബംഗ്ളാവിലേക്ക് കൂട്ടിക്കൊണ്ടു വന്നത്. കാലക്രമേണ സാഹിബ്ബിന്റെ വിശ്വസ്ത സഹായിയായി രാംദാസ്. മുതലാളിയുടെ നിർദ്ദേശപ്രകാരം ആസ്സാമിലെ തേയിലത്തോട്ടത്തിന്റെ ചുമതലയേറ്റ് ഡിബ്രുക്കട്ടിലെത്തി. മേൽനോട്ടക്കാരനെന്നതിനുപരി കൂലിവേലക്കാരോടൊപ്പം ജോലിചെയ്യാനും അയാൾ മടിച്ചില്ല. അങ്ങിനെ അവിടെ പണിചെയ്തിരുന്ന സുധാറാണിയുമായി പരിചയപ്പെട്ടു. ആ പരിചയം വളർന്ന്, പ്രേമമായി, ഒടുവിൽ അവർ വിവാഹം ചെയ്തു.

രണ്ടുവർഷത്തിനുശേഷമാണ് മേഘന പിറന്നത്. ആൺകുട്ടി ആയാൽ ‘ബ്രഹ്മപുത്രൻ, (ബ്രഹ്മപുത്രനദി പുരുഷലിംഗത്തിലാണ് അറിയപ്പെടുന്നത്) പെൺകുട്ടിയായാൽ ‘മേഘന’, രാംദാസ് ജനിച്ച നാടായ ബംഗ്ളാദേശിന്റെ ഓർമ്മയ്ക്ക്.

മേഘനക്ക് മൂന്നു വയസ്സുള്ളപ്പോഴാണ് ആ സംഭവം നടന്നത്. എല്ലാവരെയും നടുക്കിയ വാർത്ത റേഡിയോയിലൂടെയാണ് ഖാൻ അതറിഞ്ഞത്. ഡിബ്രുക്കട്ടിലെ ചായത്തോട്ടത്തിൽ വൻതീപിടുത്തം. തീവ്രവാദികളുടെ അടങ്ങാത്ത അക്രമാസക്തിയായിരുന്നു അതിനുപിന്നിൽ. ഖാൻസാഹിബ് അടുത്ത വിമാനത്തിൽ അവിടെ പറന്നെത്തി. പക്ഷേ എല്ലാം നശിച്ചു കഴിഞ്ഞു. കത്തിക്കരിഞ്ഞ ചായത്തോട്ടത്തിലൂടെ മൂകനായി, ഏകനായി, തേങ്ങുന്ന മനസ്സോടെ ഖാൻ അലഞ്ഞുനടന്നു. എവിടെയും ചാരവും കരിക്കട്ടയും വെന്തു തിരിച്ചറിയാൻ പറ്റാത്ത ശവശരീരങ്ങളും.

വളരെ യാദൃശ്ചികമായിട്ടാണ് ഖാൻ അതു ശ്രദ്ധിച്ചത്. കരിയിലക്കിടയിൽ ഒരനക്കം. അദ്ദേഹം അടുത്തു ചെന്ന് ഇലകൾ മാറ്റിനോക്കി. പൂപോലെ ഒരു കുഞ്ഞ്. ജീവനുണ്ട്–സാഹിബ് കുട്ടിയെ വാരി എടുത്തു. വലിയ പൊള്ളലൊന്നുമില്ല. പെട്ടെന്ന് കൈയ്യിലെന്തോ തടഞ്ഞു. ഒരു ഏലസ്സാണ്– മനസ്സിൽ ഒരു മിന്നൽ പാഞ്ഞു. ‘താൻ രാംദാസിന് കൊടുത്ത ആദ്യത്തെ സമ്മാനം! ജന്മദേശമായ കേരളത്തിൽ പണിത ഏലസ്സ്. കൽക്കട്ടയിലെ തിരക്കുപിടിച്ച ജീവിതത്തിനിടയിൽ, ഇടക്ക് –ജന്മനാടിനെ ഓർക്കാൻ, ഒറ്റപ്പാലത്തുള്ള വീട്ടിൽനിന്നു കൊണ്ടുവന്ന പല സാധനങ്ങളിലൊന്ന്– രാംദാസിന് അത് കൊടുത്തപ്പോൾ പറഞ്ഞ വാക്കുകൾ അദ്ദേഹം ഓർത്തു. “നമ്മളെ തമ്മിൽ ജീവിതകാലം മുഴുവൻ ബന്ധിക്കുന്ന ഒരു സമ്മാനമാണ് ഒരിക്കലും കളയരുത്. ” ഖാൻ വീണ്ടും കുട്ടിയുടെ മുഖത്തുനോക്കി. അതെ, തീർച്ചതന്നെ. ഇത് രാംദാസിന്റെ മകളാണ്. മേഘനയുടെ വളർച്ച കത്തിലൂടെയും ഫോട്ടോയിലൂടെയും അറിഞ്ഞിരുന്ന ഖാന് ഒരു സംശയവും ഉണ്ടായില്ല. കുഞ്ഞിനെ അദ്ദേഹം നെഞ്ചോട് ചേർത്തു.

ഡിബ്രുക്കട്ടിൽ നിന്ന് ആലിഖാൻ മടങ്ങിയത് മാറിൽ ചേർത്തണച്ച മേഘനയുമായിട്ടാണ്. അവിവാഹിതനായ തനിക്ക് ഈശ്വരൻ തന്ന നിധിയായി, തന്റെ മാത്രം സ്വന്തമായ

ഒരു മുത്തായി, അദ്ദേഹം അവളെ വളർത്തി. മേഘനയുടെ സുവർണ്ണ ദശ ആരംഭിക്കുന്നത് അവിടെ നിന്നാണ്.

◆ ◆ ◆ ◆ ◆

എന്റെ ജീവിതത്തിലേക്ക് അവൾ കടന്നുവന്നത് ഏതാണ്ട് പത്തു പന്ത്രണ്ട് വയസ്സുള്ളപ്പോഴാണ്. ഞാൻ പഠിപ്പിക്കുന്ന സ്ക്കൂളിലെ ആറാം ക്ലാസ്സിൽ പഠിക്കുന്ന ഒരു കൊച്ചുസുന്ദരി. വാതോരാതെ സംസാരിക്കും, നന്നായി പാടും, പിയാനൊ വായിക്കും. ബാപ്പു (അവൾ അച്ഛനെ അങ്ങിനെയാണ് വിളിച്ചിരുന്നത്) എന്തിനും തയ്യാർ. കൽക്കട്ടയിലെ മുടിചൂടാമന്നനായിരുന്നു കോടീശ്വരനായ ആലിഖാൻ. എട്ടുവയസ്സിൽ ഒറ്റപ്പാലത്തുനിന്ന് കള്ളവണ്ടി കയറി എങ്ങോട്ടെന്നില്ലാതെ നാടുവിട്ടു. ഒടുവിൽ എത്തിയത് കൽക്കട്ടയിൽ. പിന്നെയുള്ള വളർച്ച അറബിക്കഥകളേക്കാൾ അവിശ്വസനീയം. കൽക്കരി, തേയില, ഷിപ്പിംങ്, ഡയമൻഡ്സ്– അങ്ങിനെ പല ബിസിനസും. പക്ഷേ ഒറ്റപ്പാലത്തെ കുട്ടിക്കാലം മനസ്സിലെവിടെയോ ജപമാലയായി സൂക്ഷിച്ചിരുന്ന അദ്ദേഹം വിശാലഹൃദയനും ഈശ്വരവിശ്വാസിയും മനുഷ്യസ്നേഹിയും ആയിരുന്നു.

ഞാൻ പഠിപ്പിച്ചിരുന്ന യൂറോപ്യൻ സ്ക്കൂളിൽ വളരെ ചുരുക്കം മലയാളികളെയുള്ളൂ. അതുകൊണ്ടാവും മേഘനയും ഞാനുമായി വളരെ അടുത്തു. മൂന്നാലുവർഷത്തെ പരിചയം. ഗുരുശിഷ്യ ബന്ധത്തിനേക്കാൾ വളർന്നു. പ്രസവിച്ച് മണിക്കൂറുകൾക്കകം മരിച്ചുപോയ എന്റെ ഇരട്ടക്കുട്ടികളുടെ നീറുന്ന ഓർമ്മയ്ക്ക് ആശ്വാസം പകർന്നത് അവളുടെ സാമീപ്യമാണ്. അവളെ കാണാത്ത ദിവസം എന്തൊക്കെയൊ നഷ്ടപ്പെട്ടതുപോലെ.

പക്ഷെ പെട്ടെന്നാണ് ആ ദുർവിധി സംഭവിച്ചത്. ഒരു പനി ആയിരുന്നു തുടക്കം. പിന്നെ കാലു രണ്ടും തളർന്ന് കിടപ്പിലായി. ഖാൻസാഹിബിന്റെ പ്രാർത്ഥനയും സമ്പത്തും ശുശ്രൂഷയും കൊണ്ട് അവൾക്ക് ജീവൻ തിരിച്ചുകിട്ടി. വീൽചെയർ, ക്രഷ്, വാക്കർ അങ്ങിനെ യന്ത്രസഹായത്തോടെ അവൾ പിച്ചവച്ചു നടന്നു എന്നു കേട്ടു. ഞാൻ രണ്ടു പ്രാവശ്യം പോയിട്ടും അവളെ കാണാൻ സാധിച്ചില്ല. പിന്നീടറിഞ്ഞത് അദ്ദേഹത്തിന്റെ Silver white Hotel എന്ന തങ്കമാളികയിൽ അവൾ ഒരു receptionist ആയി എന്നാണ്. ഡാൻസും പാട്ടും ആഹ്ളാദവും അലയടിച്ചിരുന്ന ആ ചുറ്റുപാടിൽ ഇരുളടഞ്ഞ ജീവിതത്തിന്റെ ദുഃഖങ്ങളെല്ലാം മറക്കാൻ മേഘനയും വളർത്തച്ഛനും ശ്രമിക്കുകയായിരുന്നു.

അവിടെവച്ചാണ് മേഘന കിരൺ ഗൊൺസാൽവിസിനെ കണ്ടത്. ഹോട്ടലിലെ മ്യൂസിക് ഓർക്കസ്ത്രയുടെ അധിപൻ–സുന്ദരനും ചെറുപ്പക്കാരനുമായ കിരൺ മേഘനയെ അടുത്തറിഞ്ഞു. ഇഷ്ടപ്പെട്ടു. എന്തിനധികം പറയുന്നു. എല്ലാം മനസ്സിലാക്കിയ കിരൺ അവളെ ജീവിതസഖിയാക്കി. കാരുണ്യമെന്നോ അനുകമ്പയെന്നോ പ്രേമമെന്നോ എന്തു വേണമെങ്കിലും പറയാം. വിവാഹം കഴിഞ്ഞ് അവർ ഡംഡം വിമാനതാവളത്തിൽ നിന്ന് ആസ്ത്രേലിയക്ക് വിമാനം കയറുമ്പോഴാണ് ഞാൻ മേഘനയെ അവസാനമായി കണ്ടത്. ക്രഷിൽ കൈകൾ താങ്ങി അവൾ മെല്ലെമെല്ലെ എന്റെ അടുത്തു വന്നു. ഞാൻ തലയിൽ കൈവച്ച് സമാധാനിപ്പിച്ചു. " കുട്ടീ എല്ലാ നേരെയാവും, നിന്റെ കാലുകൾക്ക് ശക്തി കിട്ടും, നിനക്ക് നടക്കാൻ കഴിയും. ഞാൻ എന്നും ഗുരുവായൂരപ്പനോട് പ്രാർത്ഥിക്കും.'' ''മാഡം എന്നെ പ്രസവിക്കാത്ത അമ്മയാണ്. നന്ദി. ഒരിക്കലും മറക്കില്ല. എന്നെങ്കിലും ഞാൻ വരും''. അവൾ പോയി. ഞാൻ ഖാന്റെയും കിരണിന്റെയും മുഖത്ത് മാറിമാറി നോക്കി. വേർപെടുന്ന വേദനയും നേടിടുന്ന നിർവൃതിയും ഞാൻ ആ മുഖങ്ങളിൽ കണ്ടു.

◆ ◆ ◆ ◆ ◆

വർഷങ്ങൾ ഏഴെട്ടു കഴിഞ്ഞു. ഞാൻ ആകാംക്ഷയോടെ നെടുമ്പാശ്ശേരി വിമാനത്താവളത്തിലെ ലൗഞ്ചിൽ നിൽക്കുകയാണ്. പെട്ടെന്ന് എന്റെ ഓർമ്മകൾക്ക് കടിഞ്ഞാണിട്ടുകൊണ്ട് മൈക്കിലൂടെ ഒരു അനൗൺസ്മെന്റ്. "ബോംബെയിൽ നിന്നുള്ള വിമാനം എത്തി". ഞാൻ ആകാംക്ഷയോടെ നോക്കി. മേഘന വരികയാണ്. ആദ്യം ഇറങ്ങിയത് ഒരു യുവതിയും രണ്ടു കുട്ടികളുമാണ്. അവർ നേരെ എന്റെ അടുത്തേക്ക് നടന്നു വന്നു. ഓർമ്മയിലെ അവളുടെ മുഖം മനസ്സിൽ തെളിഞ്ഞു. അല്പം മഞ്ഞ നിറം കലർന്ന സ്വർണ്ണ നിറം, മിന്നുന്ന വലിയകണ്ണുകൾ. പതിഞ്ഞ മൂക്ക്–അതേ പുഞ്ചിരി. അടുത്തേക്ക് വന്ന് എന്റെ കൈകൾ കൂട്ടിപ്പിടിച്ച് പറഞ്ഞു. 'ഞാൻ മേഘന. ഇതെന്റെ കുട്ടികൾ. അപ്പു, അമ്മു. മാഡം എന്നോട് ഒരിക്കൽ പറഞ്ഞില്ലേ പ്രസവിച്ച് മണിക്കൂറുകൾക്കകം മരിച്ചുപോയ അപ്പുവും അമ്മുവും. അവരാണ് ഇവർ."

"പിന്നെ ഒരതിശയം." അവൾ പറഞ്ഞ വാക്കുകൾ ഞാൻ അടിവരയിട്ട് ഓർമ്മിക്കുന്നു. "എന്റെ ബാപ്പുവിന്റെയും കിരണിന്റേയും വിശ്വാസങ്ങൾക്ക് അതീതമായ ഒരു ശക്തിയാവാം. മാഡത്തിന്റെ പ്രാർത്ഥനാമുറിയിലെ ഓടക്കുഴൽ കണ്ണന്റെ അനുഗ്രഹം. പ്രസവത്തോടുകൂടി എന്റെ കാലുകൾക്ക് പഴയ ശക്തി തിരിച്ചു വന്നു. മാഡം അന്നു പറഞ്ഞതുപോലെ എനിക്ക് സ്വന്തം കാലിൽ നടന്നുവന്നു കാണാൻ ഭാഗ്യം കിട്ടി."

കുട്ടികളെ എന്റെ മുന്നിലേക്ക് കൊണ്ടുവന്ന് അവൾ പറഞ്ഞു. "അപ്പു, അമ്മൂ. ഞാൻ പറഞ്ഞിട്ടില്ലേ. ഇതു നിങ്ങളുടെ മുത്തശ്ശി"

എന്റെ കണ്ണുകൾ നിറഞ്ഞു. ഉത്തരമില്ലാത്ത ഒരു കടംകഥ– അതാണ് ദൈവനിശ്ചയം. ⌘

# വേണാട്

## (തിരുവിതാംകൂർ) രാജവംശം - XL

### ഡോ. ആർ. പി. രാജാ

കൊ.വ. 893–ൽ (എ.ഡി. 1718) ഉണ്ണിക്കേരളവർമ്മ ദത്തെടുത്ത കാർത്തിക തിരുനാൾ പാർവ്വതി റാണി, കൊ.വ.899 (1714 എ.ഡി.) കുംഭമാസം കാർത്തികനക്ഷത്രത്തിൽ ധർമ്മരാജാവിന് ജന്മം നൽകി. 903 (എ.ഡി. 1727) വൃശ്ചികം, കാർത്തിക വെളുത്ത വാവും നാൾ, മൂന്നു വയസ്സും, നാല് മാസവും പ്രായമുള്ള ധർമ്മരാജാവും, അമ്മ പാർവ്വതീറാണിയും അച്ഛൻ കിളിമാനൂർ രവിവർമ്മ കോയിത്തമ്പുരാനും കൂടി തിരുവനന്തപുരത്തു നിന്നും ആറ്റിങ്ങലേയ്ക്ക് പോകും വഴി ശത്രുക്കളുടെ ആക്രമമണം ഉണ്ടാവുകയും രവിവർമ്മ ആത്മത്യാഗം ചെയ്ത് രാജകുടുംബത്തെ രക്ഷിക്കുകയും ചെയ്തു. രാജകുടുംബം നിലനിൽക്കുവാൻ പെൺസന്തതി ഇല്ലാതിരുന്ന അവസ്ഥ. അതുകാരണം, രവിവർമ്മയുടെ അനുജൻ കേരളവർമ്മ കോയിത്തമ്പുരാൻ (കേരസാഹിത്യ ചരിത്രത്തിൽ ഉള്ളൂർ കേരളവർമ്മയെ രവിവർമ്മയുടെ ജ്യേഷ്ഠനായി ചിത്രീകരിച്ചിരിക്കുന്നത് തെറ്റു തന്നെയാണ്. പാർവ്വതീറാണിയ്ക്ക് കൂട്ടിരുന്നു. ആ ദാമ്പത്യത്തിൽ ജനിച്ച കുട്ടിയാണ് മകയിരം തിരുനാൾ രവിവർമ്മ ഇളയ തമ്പുരാൻ (ഇരയിമ്മൻ തമ്പിയുടെ മാതാമഹൻ)

കൊ.വ. 923 (1748 എ.ഡി.) ആയപ്പോഴേയ്ക്കും സന്തതിയ്ക്ക് പെൺവഴിയെ ദത്തെടുക്കേണ്ടത് ആവശ്യമാണെന്ന് മാർത്താണ്ഡവർമ്മയ്ക്ക് ബോദ്ധ്യമായി. അദ്ദേഹം സ്വീകരിച്ച നടപടികളുടെ രീതിയും നിർണ്ണായകത്വവും കണക്കിലെടുത്ത്, ആ ദത്തുമായി ബന്ധപ്പെട്ട ഒരു പ്രധാനപ്പെട്ട മതിലകം ശ്രീ. പത്മനാഭസ്വാമിക്ഷേത്രം) രേഖ ഇവിടെ ഉദ്ധരിക്കട്ടെ. "*രാജ്യകാര്യം ചുരുണ. 923 ചിത്തിര (മേടം 11) ശ്രീരാമചയം. ഓല 183. തൃപ്പാപ്പൂർ സ്വരൂപത്തിങ്കലേക്കു സന്താനത്തിനു പെൺവഴി ഇല്ലാതെ വന്നാൽ പെൺവഴിയെ അവകാശമാക്കി വൈക്കേണ്ട വകയ്ക്കും മേൽനടപ്പു വകയ്ക്കും കൂട തൃപ്പാപ്പൂർ കീഴ്പേരൂർ ശ്രീ വീരവാല മാർത്താണ്ഡവർമ്മരായ ശിറവായി മൂത്ത തിരുവടി ഇരുന്നരുളിയേടത്തിൽ പണ്ടാരത്തിലും പൂരുരുട്ടാതി തിരുനാൾ തിരുവവതാരം ചെയ്തരുളിയ ആറ്റിങ്ങൽ മൂത്ത പണ്ടാരത്തിലും തിരുവനന്തപുരത്തു ടിയോഗത്തുങ്കൽ ഒത്തു ജനങ്ങളും കൂട വിചാരിച്ചു നിശ്ചയിച്ചു പതിവു വകയ്ക്കു എഴുതിയ കണക്ക്."*

*തൃപ്പാപ്പൂർ സ്വരൂപത്തിങ്കൽ പുരുരുട്ടാതി തിരുനാൾ തിരുവവതാരം ചെയ്തരുളിയ ആറ്റിങ്ങൽ മൂത്ത അമ്മ പണ്ടാരത്തിൽ നിന്നും തിരുവയറു വാണതിൽ ആരും ഇല്ലാഴിക കൊണ്ടും, കാർത്തിക തിരുനാൾ തിരുവവതാരം ചെയ്തരുളിയ ആറ്റിങ്ങൽ ഇളയ പണ്ടാരത്തിൽ നിന്നും തിരുവയറു വാണതിൽ പെൺവഴി ഇല്ലാഴിക കൊണ്ടും ഈ സ്വരൂപത്തിങ്കൽ സന്താനത്തിനു പെൺവഴി ഇല്ലാതെ വന്നാൽ കോലസ്വരൂപത്തിങ്കൽ നിന്നും പള്ളിക്കെട്ട് പതിക്കാതെ ഒള്ള പെൺവഴിയെ വരുത്തി പെരുമാൾ ശ്രീ പത്മനാഭപ്പെരുമാൾക്ക് പടിയും പടിയേറ്റവും കഴിപ്പിച്ചു കാണിക്കയും വച്ചു വട്ടകപ്രസാദവും കൊടുത്തു പള്ളിക്കെട്ടും പതിപ്പിച്ചു അതിൽ വയസ്സിനു മൂത്തവർക്കു ആറ്റിങ്ങൽ മൂപ്പും ഇളയവർക്കു ഇളമുറ മൂന്നാം മുറയും ഇതിന്മണ്ണം അവകാശമാക്കി നടക്കത്തക്കവെണ്ണവും ഇതിൽ ആറ്റിങ്ങൽ മൂപ്പും ഇളമുറ ആയി ഇരിയ്ക്കുന്നവരും തിരുവയറു വാഴുന്ന ആൺവഴിയും പെൺവഴിയും ഒണ്ടായി വന്നാൽ വയസ്സിനു മൂത്ത ആൺവഴിയ്ക്ക് ചിറവാമൂപ്പും വച്ചു രാജ്യപരിപാലനവും ക്ഷേത്രസംബന്ധവും നടന്നുകൊള്ളത്തക്കവണ്ണവും വയസ്സിനു മൂത്ത പെൺവഴിക്കു ആറ്റിങ്ങൽ മൂപ്പു വച്ചു നടന്നുകൊള്ളത്തക്കവണ്ണവും ശേഷം ഒള്ള ആൺവഴിയ്ക്കും പെൺവഴിയ്ക്കും വയസ്സുക്രമം പോലെ ഇളമുറ മൂന്നാംമുറ ഇപ്രകാരം നടന്നുകൊള്ളണമെന്നും സ്വരൂപത്തിങ്കലും യോഗത്തിങ്കൽ ഒള്ള ജനങ്ങളും കൂട വിചാരിച്ചു നിശ്ചയിച്ച പതിവ്."*

തിരുവിതാംകൂർ രാജകുടുംബചരിത്രത്തിലെ സുപ്രധാനമായ ഒരു രേഖയാണിത്. ഇതിന്റെ പ്രാധാന്യം പ്രകടമാകുന്നത് അറുപത്തിമൂന്ന് വർഷങ്ങൾക്കു ശേഷമാണ്. ഈ രേഖയിൽ വളരെ പ്രസക്തമായ പല കാര്യങ്ങളുമുണ്ട്. മാർത്താണ്ഡവർമ്മ മഹാരാജാവാണ്. പൂരുരുട്ടാതി തിരുനാൾ ആറ്റിങ്ങൽ മൂത്തതമ്പുരാനും കാർത്തിക തിരുനാൾ ആറ്റിങ്ങൽ ഇളയ തമ്പുരാനും അനുജത്തിമാരാണ്. ശത്രുക്കളേയും ശത്രുരാജ്യങ്ങളേയും കീഴ്പ്പെടുത്തി തിരുവിതാംകൂർ രാജ്യം സ്ഥാപിച്ച കാലം.

ആരേയും ഭയപ്പെടേണ്ടതില്ല. തന്റെ ഏത് തീരുമാനവും മറ്റുള്ളവർ അനുസരിച്ചിരിക്കും, നടപ്പിലാക്കിയിരിക്കും എന്ന് ഉറപ്പുള്ള കാലം. എന്നിട്ടും മാർത്താണ്ഡവർമ്മ ഒരു കാര്യവും ഒറ്റയ്ക്ക് ചെയ്തിരുന്നില്ല. എല്ലാ കാര്യങ്ങളും കൂട്ടായ്മയോടും വളരെ ദീർഘവീക്ഷണത്തോടും കൂടി മാത്രമേ ചെയ്തുള്ളു. തിരുവിതാംകൂർ രാജകുടുംബത്തിലേയ്ക്കുള്ള ദത്തുനിയമങ്ങൾ ആവിഷ്ക്കരിച്ചപ്പോഴും, അദ്ദേഹം സ്വീകരിച്ച നടപടിക്രമങ്ങൾ അതു തന്നെയായിരുന്നു. ഈ ദത്ത് നിയമങ്ങളെക്കുറിച്ച് ആലോചിയ്ക്കുവാൻ, സ്വരൂപത്തിലെ ജനങ്ങളും – മാർത്താണ്ഡവർമ്മയും പൂരുരുട്ടാതി തിരുനാൾ ആറ്റിങ്ങൽ മൂത്തതമ്പുരാൻ എന്നിവരും, സ്വാമിയാർ ഉൾപ്പെടെ യോഗത്തിലുള്ള അംഗങ്ങളും ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിൽ ഒത്തുകൂടുകയും കാര്യങ്ങൾ വിചാരിച്ചു നിശ്ചയിക്കുകയുമായിരുന്നു പതിവ്. വേണാട് രാജകുടുംബത്തിന്റെ പഴമ പാരമ്പര്യങ്ങളും, പൂർവചരിത്രവും എല്ലാം വിശദമായി ചർച്ച ചെയ്തശേഷമാണ് പതിവുകൾ നിശ്ചയിച്ചിരുന്നത്. കൊ.വ. 480–ൽ (എ.ഡി. 1305) രവിവർമ്മ സംഗ്രാമധീരൻ കോലസ്വരൂപത്തെ തൃപ്പാപ്പൂർ സ്വരൂപത്തിൽ പ്രതിഷ്ഠിച്ചതാണ്. വേണാട്ടധിപയായ തന്റെ മാതാവ് ഉമാദേവിയുടെ സ്മരണ നിലനിറുത്തുവാനും ആദരിയ്ക്കപ്പെടുവാനും വേണ്ടി, ഏഴ് ഗ്രാമങ്ങൾ ചേർത്ത് വേണാടിനകത്ത് ഒരു ചെറുരാജ്യം ആറ്റിങ്ങൽ തലസ്ഥാനമായി നിർമ്മിക്കുകയും കോലസ്വരൂപത്തിൽ നിന്നും ദത്തെടുത്ത പെൺകുട്ടികളിൽ മൂത്ത പെൺകുട്ടിയെ ആറ്റിങ്ങൽ രാജ്യത്തിന്റെ അധിപയായ ആറ്റിങ്ങൽ റാണിയായി അവരോധിക്കുകയും ചെയ്തു. തൃപ്പാപ്പൂർ സ്വരൂപത്തിൽ രാജ്യപരിപാലനം ചെയ്യുവാൻ പുരുഷന്മാരില്ലെങ്കിൽ, തന്റെ മാതാവിനെപ്പോലെ, വേണാട് ആറ്റിങ്ങൽ റാണി ഭരിയ്ക്കും, അതായിരുന്നു രവിവർമ്മയുടെ സംവിധാനം. കൂടാതെ, ആറ്റിങ്ങൽ റാണിമാർക്കുണ്ടാകുന്ന പുത്രന്മാർ മാത്രമേ വേണാട്ടധിപന്മാർ ആകാവൂ എന്ന നിയമവും നടപ്പിലാക്കി. എന്നാൽ പിൽക്കാലത്ത്, തൃപ്പാപ്പൂർ സ്വരൂപത്തിൽ നിന്നും കോലസ്വരൂപത്തെ വംശീയമായി ഉന്മൂലനാശനം ചെയ്യുവാനായി, കായംകുളം രാജാവിന്റേയും കൊല്ലം രാജാവിന്റേയും നേതൃത്വത്തിൽ, ഭിന്നവംശത്തിൽ നിന്നും കൊ.വ. 806, 847 ദത്ത് നടത്തുകയും അത് തുടരുവാൻ ശ്രമിയ്ക്കുകയും ചെയ്തു. അതിന് ഒരു 'തട' ഇട്ടത് ഉമയമ്മറാണി ആയിരുന്നു. കൊ.വ. 863 മകരം 9 ന് (1688) ഉമയമ്മ റാണിയുടെ നേതൃത്വത്തിൽ രവിവർമ്മ രണ്ടു പെൺകുട്ടികളെ ദത്തെടുത്തതോടുകൂടിയാണ്, തൃപ്പാപ്പൂർ സ്വരൂപത്തിൽ കോലസ്വരൂപം വീണ്ടും പ്രതിഷ്ഠിതമായത്. എന്നാൽ, കാലഗതികളിൽ പിന്നേയും പ്രശ്നങ്ങൾ വന്നുകൂടെന്നില്ലല്ലൊ. 863ൽ ദത്തെടുത്ത പെൺകുട്ടികളിൽ ഇളയ പെൺകുട്ടിയുടെ മകനാണ് മാർത്താണ്ഡവർമ്മ. പൂർവ്വകാലങ്ങളിൽ സംഭവിച്ച അബദ്ധങ്ങൾ ആവർത്തിയ്ക്കാതിരിക്കാൻ വേണ്ടിയാണ് തന്റെ കുലദൈവമായ ശ്രീപത്മനാഭസ്വാമിയുടെ ക്ഷേത്രത്തിൽ വച്ച്, എട്ടരയോഗത്തിന്റെ അംഗീകാരത്തോടെ ദത്ത് നിയമങ്ങളും, മേൽനടപടികളും തീരുമാനിച്ചതും, അത് രേഖപ്പെടുത്തി, മതിലകം രേഖകളിൽ ഉൾപ്പെടുത്തിയതും. മതിലകം രേഖകളിൽ ഉൾപ്പെടുത്തിയതോടുകൂടി രാജകുടുംബത്തിലെ ദത്ത് നിയമങ്ങൾക്ക് 'ശാശ്വതത്വം' ലഭിച്ചു. കൊ. വ. 923 (1748) മുതൽ ഇന്നുവരെ അതു മുടങ്ങിയിട്ടുമില്ല.

ഈ ഓലയിൽ, സന്തതിക്ക് പെൺവഴിയില്ലെങ്കിൽ മാത്രം ദത്തെടുക്കുന്ന കാര്യമാണ് പ്രതിപാദിച്ചിരിക്കുന്നത്. എട്ടരയോഗത്തിലെ അംഗങ്ങളും സ്വരൂപത്തിലെ അംഗങ്ങളും കൂടിയിരുന്നുള്ള ഒരാലോചനായോഗത്തിൽ, രാജ്യപരിപാലനത്തിന് ആൺവഴിയില്ലെങ്കിൽ എന്തു ചെയ്യണമെന്ന ചോദ്യം ഉയരാണ്ടിരിയ്ക്കുവാൻ സാദ്ധ്യതയില്ല. അതിന്റെ ഉത്തരം "ആറ്റിങ്ങൽ റാണി തന്നെ ഭരിയ്ക്കും" എന്നായിരുന്നിരിയ്ക്കും എന്ന കാര്യത്തിലും സംശയമില്ല. കാരണം എ.ഡി. 1256 മുതൽ 1299 വരെ വേണാട് ഭരിച്ചത് (നാല്പത്തിമൂന്ന് വർഷം – അതുകൊണ്ടാണ് രവിവർമ്മ സംഗ്രാമധീരൻ സ്വമാതാവിനെ ആദരിയ്ക്കുവാനും സ്മരിയ്ക്കുവാനും വേണ്ടി ആറ്റിങ്ങൽ രാജ്യവും, അവിടെ ഭരണാധിപയായി റാണിമാരേയും സ്ഥാപിതമാക്കിയത്) രവിവർമ്മയുടെ മാതാവ് ഉമാദേവിയും എ.ഡി. 1677 മുതൽ 1684 വരെ ഭരിച്ചത് ഉമയമ്മ റാണിയുമാണല്ലൊ. രാജവംശത്തെ ഉന്മൂലനം ചെയ്യുവാനുള്ള നിരവധി ശത്രുസമൂഹങ്ങളുടെ നടുക്ക് നിന്ന് പോരാടി രാജകുടുംബത്തെ രക്ഷിച്ചയാളാണ് ഉമയമ്മ റാണി. ഈ വസ്തുതകളെല്ലാം കമക്കിലെടുത്തായിരിക്കണം, രാജ്യരിപാലനത്തിന് ആൺവഴിയില്ലെങ്കിൽ, പെൺവഴിയുള്ളതിനാൽ, ആൺവഴിയെ ദത്തെടുക്കുന്ന കാര്യം തന്നെ പരിഗണിയ്ക്കാതിരുന്നത്.

രാജകുടുംബത്തിൽ സന്തതിയ്ക്ക് പെൺവഴിയില്ലെങ്കിൽ, അതായത് രാജകുടുംബം നിലനിറുത്താൻ പെൺവഴിയില്ലെങ്കിൽ എങ്ങിനെ, എവിടെനിന്നും ദത്തെടുക്കണമെന്ന കാര്യം ഈ നിയമങ്ങളിൽ കൂടി സ്ഥിരപ്രതിഷ്ഠിതമാക്കി. പിന്നത്തെ പ്രധാന ഭാഗം "മേൽനടപ്പു വകയ്ക്കും കൂട" ആണ്. അതിലെ വാക്കുകൾ വളരെ ശ്രദ്ധേയമാണ്. ദത്തെടുത്ത പെൺകുട്ടികൾ പ്രസവിച്ച് കുട്ടികൾ 'ഒണ്ടായി വന്നാൽ' എന്തു ചെയ്യണമെന്നാണ് ക്ലിപ്തപ്പെടുത്തിയിരിക്കുന്നത്. ആൺകുട്ടിയിൽ മൂത്തതിനു രാജ്യപരിപാലനം, പെൺകുട്ടിയിൽ മൂത്തതിനു ആറ്റിങ്ങൽ മൂപ്പ്. ഇവിടെ, ആൺകുട്ടി ഒണ്ടായില്ലെങ്കിൽ പെൺകുട്ടിയ്ക്ക് രാജ്യപരിപാലനം എന്നത് ഇന്നത്തെ ഭാഷയിൽ പറഞ്ഞാൽ, "അണ്ടർ സ്റ്റുഡ്' ആയതിനാലാണ് എടുത്ത് പ്രത്യേകം എഴുതാത്തത്. പെൺകുട്ടി ഒണ്ടായില്ലെങ്കിൽ സ്വാഭാവികമായും പിന്നേയും ദത്ത് വേണ്ടിവരും. അതും "അണ്ടർസ്റ്റുഡ്' തന്നെ. *(തുടരും)*

പുരാണങ്ങളിലൂടെ

# ഭാഗവത ശ്രവണമാഹാത്മ്യം

**കെ.രവിവർമ്മ, കിളിമാനൂർ**

"കലൗഭാഗവതീ വാർത്താ ഭവരോഗവിനാശനീ" - കലികാലത്തിൽ സംസാരരോഗനിവാരണത്തിന് മുഖ്യമായി ആചാര്യന്മാർ നിർദ്ദേശിക്കുന്ന ഔഷധം ഭാഗവതപാരായണവും ശ്രവണവുമാണ്. ശ്രദ്ധയോടെ ശ്രവണം ചെയ്യുന്നത് വളരെ പ്രധാനമാണ്. കലിയുഗത്തിൽ മനസ്സിന് ശുദ്ധി വരുത്തുവാനും ഭക്തി ജ്ഞാന വൈരാഗ്യങ്ങൾ എന്നീ ഗുണങ്ങൾ സമാർജ്ജിക്കാനും പാപത്തെ നിശ്ശേഷം നശിപ്പിക്കുവാനും മഹാഭാഗവതശ്രവണം കൊണ്ടുമാത്രമേ സാധിക്കുകയുള്ളു എന്ന് പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. ഇതിന് സമാനമായ ഒരു കർമ്മം മനുഷ്യലോകത്തിൽ വേറെ ഇല്ലെന്നു തന്നെ പറയാം.

സപ്താഹരൂപത്തിൽ വളരെ ശ്രദ്ധയോടും ഭക്തിയോടും താല്പര്യത്തോടും ശ്രവിക്കുന്നത് അത്യദ്ഭുതമായ ഫലം ഉളവാക്കുന്നതാണ്. പല തരത്തിലുള്ള ദുരിതപൂരിതമായ ഈ മനുഷ്യജീവിതത്തിൽ സപ്താഹശ്രവണം മുക്തിയും ആരോഗ്യവും സൗഖ്യവും തരും. ഭാഗവത മാഹാത്മ്യത്തിൽ നാലാം അദ്ധ്യായത്തിൽ സപ്താഹശ്രവണത്തിന്റെ മാഹാത്മ്യം വിസ്തരിക്കപ്പെട്ടിട്ടുണ്ട്. ഏത് ഹീന പ്രവർത്തി ചെയ്തവരായാലും അവർ പരിശുദ്ധരാക്കപ്പെടുന്നു. 11 മുതൽ 14 വരെയുള്ള ശ്ലോകങ്ങൾ ഇത്തരം ഹീനപ്രവർത്തി ചെയ്യുന്നവരെപ്പറ്റി വർണ്ണിച്ചിട്ടുണ്ട്.


എപ്പോഴും പാപം ചെയ്യുന്നവരും ദുരാചാര പ്രവർത്തികളിൽ തല്പരന്മാരും നിഷിദ്ധകാര്യങ്ങൾ ചെയ്യുന്നവരും ക്രോധമാകുന്ന അഗ്നിയിൽ കിടക്കുന്നവരും കുടിലന്മാരും കാമികളും ആയിട്ടുള്ളവർപോലും സപ്താഹയജ്ഞത്തിൽ പരിശുദ്ധരാക്കപ്പെടുന്നു. അതുപോലെതന്നെ സത്യം വിട്ടുനടക്കുന്നവരും മാതാവിനെയും പിതാവിനെയും ദുഷിക്കുന്നവരും തൃഷ്ണ, അതായത് ദുരാശ നിറഞ്ഞവരും ആശ്രമധർമങ്ങൾ എല്ലാം വെടിഞ്ഞ് ജീവിക്കുന്നവരും പരവഞ്ചകന്മാരും പ്രാണികളെ ഹിംസിക്കുന്നവരും സപ്താഹയജ്ഞശ്രവണത്തിൽ പരിശുദ്ധരായി ത്തീരുന്നു. തങ്ങൾ ചെയ്യുന്ന പാപകർമ്മങ്ങളെക്കുറിച്ച് നിഷ്കളങ്കരായി പശ്ചാത്തപിക്കുന്നവരായിരിക്കണം എന്നുമാത്രം.

പശുഹത്യ, ബ്രഹ്മഹത്യ, മദ്യപാനം, സ്വർണ്ണചോരണം ഇവ ചെയ്യുന്നവരോട് സംസർഗ്ഗമുള്ള പഞ്ചമഹാപാപം ചെയ്യുന്നവരും പ്രാണികളോട് കാരുണ്യമില്ലാതെപെരുമാറുന്നവരും പിശാചുക്കളെപ്പോലെ ആരോടും എപ്പോഴും നിർദ്ദയമായി പെരുമാറുന്നവരും ബ്രാഹ്മണധനത്തെ അപഹരിക്കുന്നവരും പരസ്ത്രീയെ കാംക്ഷിക്കുന്നവരുമായ കലിയുഗത്തിലെ മനുഷ്യർ ആത്മാർത്തയോടെ സപ്താഹശ്രവണം നടത്തിയാൽ പരിരക്ഷിക്കപ്പെടുന്നു.

ശരീരം കൊണ്ടും വാക്കുകൊണ്ടും മനസ്സുകൊണ്ടുപോലും പാപം ചെയ്യുന്നവരും അന്യരുടെ സ്വത്തുകൊണ്ട് മാതാവിനെയും അതായത് വിധിപൂർവമല്ലാത്ത ധനം ആർജ്ജിച്ച് ജീവിക്കുന്നവരും കുത്സിതവാസനയുള്ളവരും തന്മൂലം ദുഷിച്ച അന്തഃകരണമുള്ളവരും കലിയുഗത്തിൽ ഈ മഹത്ശ്രവണത്താൽ മാലിന്യം നീക്കപ്പെട്ടവരായിത്തീരും. സപ്താഹശ്രവണത്തിന്റെ ഈ മാഹാത്മ്യം സനൽകുമാരന്മാർ അരുളിച്ചെയ്തതായി സൂതൻ പറയുന്നു. ശ്രദ്ധയും അനല്പമായ ആദരവും സ്വന്തമാക്കി വേണം സപ്താഹയജ്ഞത്തിൽ പങ്കെടുക്കേണ്ടത് എന്ന് പ്രത്യേകം അറിഞ്ഞിരിക്കേണ്ടതാണ്. ഭാഗവത മാഹാത്മ്യത്തിൽ നാലാം അദ്ധ്യായത്തിലെ 11 മുതൽ 14 വരെയുള്ള ശ്ലോകങ്ങൾ പാപം ചെയ്ത് ദുരിതം അനുഭവിക്കുന്നവരുടെ ഒരു പട്ടിക തന്നെയാണ്. മഹത്തായ ഒരു യജ്ഞം തന്നെയാണ് സപ്താഹം. പ്രേതരൂപിയായിത്തീർന്ന ഒരു ബ്രാഹ്മണന് സൂര്യഭഗവാന്റെ നിർദ്ദേശം അനുസരിച്ച് ഏഴുദിവസം കൊണ്ട് ഭാഗവതം വായിച്ച് പ്രേതത്വമുക്തി വരുത്തിയെന്ന് അഞ്ചാമദ്ധ്യായത്തിൽ വർണ്ണിച്ചിട്ടുണ്ട്. ഗോകർണ്ണൻ എന്ന പണ്ഡിതൻ അങ്ങനെ ഏഴുദിവസം കൊണ്ട് ഭാഗവതം വായിച്ച് പ്രേതത്തിന് മുക്തി നേടിക്കൊടുത്തു. ⌘



*പഴശ്ശിരാജ ട്രസ്റ്റ് - കം-ഫൗണ്ടേഷന്റെ ഡൽഹി ചാപ്റ്ററിന്റെ ഉദ്ഘാടന വേദിയിലേക്ക് രാഷ്ട്രപതി പ്രതിഭാപാട്ടീലിനെ പഴശ്ശികോവിലകാംഗങ്ങളായ കേരളവർമ്മ, രവിവർമ്മ എന്നിവരും ട്രസ്റ്റ് അംഗം ഡോ. പ്രമോദും ചേർന്ന് ആനയിക്കുന്നു*



# പുസ്തകജാലകം

## കുടുംബപ്രശ്നങ്ങൾ

**പത്മാഷാൻദാസ്**
**പ്രസാധകർ – ഓറഞ്ച് ട്രീ പബ്ളിഷിങ്, USA**
**പേജ് – 95 വില – 80രൂപ**



ശ്രീമതി പത്മാഷാൻദാസ് എഴുതിയ പത്ത് ചെറുകഥകളുടെ സമാഹാരമാണ് "കുടുംബപ്രശ്നങ്ങൾ' അമേരിക്കൻ പശ്ചാത്തലത്തിലാണെങ്കിലും കുടുംബബന്ധങ്ങളുടെ സാന്ത്വനസ്പർശമുള്ള കഥകളാണ് ഈ സമാഹാരത്തിൽ. ഇതിലെ ഓരോ കഥാപാത്രവും തങ്ങളുടെ വേരുകൾ മലയാളക്കരയിലാണെന്ന് തിരിച്ചറിയുന്നു.

"അമ്മയ്ക്കു മാത്രം' എന്ന കഥയിൽ മാനസികരോഗിയായ ഭർത്താവുമായി ജീവിതം പങ്കുവയ്ക്കാൻ വിധിക്കപ്പെട്ട ഒരു സാധാരണ പെൺകുട്ടിയെ കാണാം. സധൈര്യം ജീവിതത്തെ നേരിട്ട് താളപ്പിഴകളിൽ നിന്നും താളങ്ങൾ അവൾ കണ്ടെത്തുന്നു.

'സാരിയുടെ നിറ'ത്തിൽ വൈധവ്യത്തിന്റെ ഏകാന്തത അനുഭവിക്കുന്ന ലീലയാണ് മുഖ്യകഥാപാത്രം. യൂക്കാലിപ്റ്റസ് മരങ്ങളുടെ നിഴലിൽ കാണുന്ന പീറ്ററിന്റെ പുഞ്ചിരി നിറമില്ലാത്ത അവളുടെ സാരികൾക്ക് ഒരാശ്വാസത്തിന്റെ നിറക്കൂട്ടുകൾ ചാർത്തുന്നു.

'കരിനിഴലി'ൽ അടുക്കളയിലെ വെറും നിഴൽ ചിത്രം മാത്രമാണ് ഭാര്യ. "അന്വേഷണത്തിന്റെ തുടക്ക"ത്തിൽ അമേരിക്കയിൽ താമസിക്കേണ്ടി വരുന്ന പ്രൊഫസർ പുരുഷോത്തമൻ നമ്പൂതിരിയാണ് മുഖ്യകഥാപാത്രം. ഗൃഹാതുരത്വത്തിന്റെ തീക്ഷ്ണതയിൽ കാക്കയുടെ സ്വരത്തിൽ പോലും മാധുര്യമൂറുന്നതായി പ്രൊഫസർ മനസ്സിലാക്കുന്നു. 'ഏതു ജോലിയും എങ്ങനെ ചെയ്യുന്നു എന്നുള്ളതിലാണ് കാര്യം' 'നിന്റെ പ്രവൃത്തിയുടെ ഗുണ ങ്ങൾ ആർക്കു ലഭിച്ചാലും സന്തോഷമേയുള്ളൂ. പക്ഷേ നിന്റെ വേരുകൾ മറക്കരുത്' ശ്രീമതി ഷാൻദാസ് നമ്മോട് പറയുന്നു.

'ഒരു ഇൻഡ്യൻ ബോയി'ൽ മകൾക്ക് ജീവിത പങ്കാളിയായി ലഭിക്കണമെന്നാഗ്രഹിക്കുന്ന മാതാപിതാക്കളാണുള്ളത്. "ഒരു ദിവസത്തെ പരിചയ"ത്തിൽ തന്റെ ദുഃഖങ്ങൾ പങ്കുവയ്ക്കാൻ പറ്റുന്ന ഒരു സുഹൃത്താണ് മറിയാമ്മയ്ക്ക് മാധവി. ഒരു ദിവസം നാം ഇനിയും കാണും, എവിടെ വച്ചെന്നു മാത്രം അറിഞ്ഞു കൂടാ' എന്ന് മാധവി കുറിക്കുമ്പോൾ വ്യക്തികൾക്കപ്പുറമുള്ള ഒരു സൗഹൃദം നമ്മുടെ കണ്ണുകളെ ഈറനണിയിക്കും.

സീതയെ മനസ്സിലാക്കാൻ പാടുപെടുന്ന ഒരു തലമുറയും കൃഷ്ണൻ എന്താണ് രാധയെ വിവാഹം കഴിക്കാത്തത് എന്ന മറുചോദ്യമുന്നയിക്കുന്ന അടുത്ത തലമുറയും 'തലമുറകളുടെ മറവി'യിൽ ദൃശ്യമാകുന്നു.

കാലിഫോർണിയയിലെ ഫ്ളാറ്റിന്റെ ബാൽക്കണിയിൽ ഒരു തികഞ്ഞ കൃഷിക്കാരനായി മാറുന്ന 'അങ്കിൾ കറി', ജോലി നഷ്ടപ്പെട്ട ദുഖം. സുജയുടെ സാന്ത്വനത്തിൽ ലയിച്ചില്ലാതാകാം. വെമ്പുന്ന സുരേഷ് തുടങ്ങിയ കഥാപാത്രങ്ങൾ നമ്മുടെ മനസ്സിൽ തങ്ങി നിൽക്കുന്നവയാണ്. നിറങ്ങളുടെ സാമൂഹ്യപാഠം പഠിപ്പിക്കുന്ന 'നിറങ്ങളും മനുഷ്യരു'മെന്ന കഥ മാറിവരുന്ന അമേരിക്കൻ 'നിറവെറി'യുടെ ശുഭസൂചനയാണ്.

പ്രൗഢമായ ഭാഷയിലും വ്യക്തമായ ഭാവനയിലും സമ്പുഷ്ടമാണ് ഈ കഥകൾ. എന്റെ വേരുകൾ എന്റെ സ്വന്തം കേരളത്തിലാണെന്ന് ഓരോ കഥയും വിളിച്ചോതുന്നു.

**രമേശ് വർമ്മ**

## തുരങ്കത്തിനുള്ളിൽ ജീവിതം
### (കഥ)

**രവിവർമ്മതമ്പുരാൻ**
**പ്രസാധകർ – റെയ്ൻബോ ബുക്ക് പബ്ളിഷേഴ്സ്**
**പേജ്– 120, വില 75.00**



വായനയ്ക്കു സന്നദ്ധമായി മനസ്സ് ഒരു കഥാസമാഹാരത്തിനു മുന്നിലെത്തുമ്പോൾ വായനയ്ക്കായി ആദ്യം തിരഞ്ഞെടുക്കുന്നത് പുസ്തകപേരിനടിസ്ഥാനമായ കഥയാണ്. ഇത് ബോധപൂർവ്വമായി ചെയ്തു വരുന്നതല്ല. വായനാനുഭവങ്ങളുടെ ജൈവപരിണാമങ്ങൾക്കിടയിൽ ഒരു ശീലം അങ്ങനെയങ്ങു വന്നുഭവിച്ചതാണ്.

രവിവർമ്മതമ്പുരാന്റെ ആദ്യകഥാസമാഹാരമായ 'തുരങ്കത്തിനുള്ളിലെ ജീവിതം' എന്ന പുസ്തകത്തിലെ അതേ പേരുള്ള കഥയിലൂടെയായിരുന്നു ആ പുസ്തകത്തിലൂടെയുള്ള യാത്രയും തിരഞ്ഞെടുത്തത്. കൊങ്കൺ വഴിയിലൂടെയുള്ള രണ്ടു തീവണ്ടയാത്രകളിലൂടെയാണ് കഥ വികസിക്കുന്നത്. ഓടുന്ന തീവണ്ടിയിലിരുന്ന് പണ്ട് ഓടിത്തീർത്ത ഒരു തീവണ്ടിയാത്രയുടെ ഓർമ്മകളിലേക്കുള്ള യാത്ര. തീവണ്ടിയിലെ ദൂരയാത്രകളും കൊങ്കൺ പാത താണ്ടലും ഏറെ ഇഷ്ടപ്പെടുന്നതുകൊണ്ട് മനസ്സുകൊണ്ട് ഒരു സഞ്ചാരവും അതിന്റെ സൗമ്യ

സുഖവും കൂടി കഥാവായനയിൽ പ്രതീക്ഷിച്ചിരുന്നു. 'നീലാകാശത്തിന്റെ വലിയൊരു കീറിലേക്ക് കാർമേഘപ്പരവതാനി വീശിവിരിച്ചുകൊണ്ട് കാലവർഷക്കാറ്റ് വടക്കോട്ടു പോയി. കാറ്റിനോടു മത്സരിച്ചുകൊണ്ട് ഒരു തീവണ്ടിയും' എന്ന ആഹ്ലാദം പൊടിയുന്ന വാചകത്തിൽ തുടങ്ങുന്ന കഥ അവസാനിക്കുമ്പോൾ ഒരു തുരങ്കത്തിന്റെ ഇരുട്ടിൽ ഒറ്റപ്പെടുന്നവന്റെ അങ്കലാപ്പ് വായനക്കാരനിൽ സൃഷ്ടിക്കുന്നു വർത്തമാനത്തിൽ നിന്നും ഭൂതകാലത്തേക്കും തിരിച്ചുമുള്ള യാത്രയ്ക്കിടയിൽ കഥാകൃത്ത് വായനക്കാരനായി മിച്ചം വയ്ക്കുന്നത് ആകസ്മിക വളവുതിരിവുകളിൽ നിസ്സഹായനായി തീരുന്നവന്റെ നടുക്കം. അത് കഥയെ പൊടുന്നനെ ദാർശനികമായ ഒരു തലത്തിലേക്ക് ഉയർത്തുന്നു. നല്ല മനുഷ്യരെ ദൈവം പരീക്ഷിക്കുമെന്ന സാന്ത്വനവാക്കുകൾക്കു മുന്നിൽ "ഓ, എന്തു ദൈവം? എന്തു പരീക്ഷ? ഈ പരീക്ഷകളുടെയൊക്കെ അവസാനം സർട്ടിഫിക്കറ്റ് വിതരണമുണ്ടെന്നൊന്നും ആരും പറയാത്തതെന്തായാലും നന്നായി" എന്ന് രവിവർമ്മ തമ്പുരാൻ എഴുതുമ്പോൾ മനുഷ്യന്റെ ആലംബമില്ലായ്മയുടെ അവസാനമില്ലാത്ത തുരങ്കത്തിലേക്കാണ് വായനക്കാരനെ കൊണ്ടുചെല്ലുന്നത്.

ഒരു പത്ര പ്രവർത്തകന്റെയും സർഗ്ഗാത്മകരചനകൾ നിർവ്വഹിക്കുന്ന എഴുത്തുകാരന്റെയും പരസ്പരം കൊടുക്കൽ വാങ്ങലുകൾക്ക് ഈ പുസ്തകം സാക്ഷ്യം നിൽക്കുന്നുണ്ട്. ഒരു പത്രക്കാരന്റെ അനുഭവങ്ങൾ പലപ്പോഴും കഥയുടെ ചില അംശങ്ങളിലേക്ക് സന്നിവേശിപ്പിക്കുന്നത് കൗതുകകരമായ വായനാസുഖം തരുന്നു. ഒരു കഥാകാരന്റെ വാങ്മൊഴിയുടെ ചെറുസ്വാധീനം അദ്ദേഹത്തിന്റെ ന്യൂസ് സ്റ്റോറികളിലും കണ്ടേക്കാം. അവതാരികയിൽ ഡോ. പുനത്തിൽ കുഞ്ഞബ്ദുള്ള പറയുന്നു: "പത്രപ്രവർത്തകനായും കഥാകാരനായും രണ്ട് ലോകങ്ങളിൽ വിരുദ്ധധ്രുവങ്ങളിൽ വ്യാപരിക്കുക എന്ന സാഹസം വിജയകരമായി തുടരുകയാണ് രവിവർമ്മതമ്പുരാൻ. അതുകൊണ്ടാണ് ഓർമ്മകളുടെ തീവണ്ടി കാലത്തിന്റെ പെരും തുരങ്കങ്ങളിൽ നിന്ന് അയാൾക്കു മുന്നിൽ കൂകികുതിച്ചെത്തി കിതച്ചുനിന്നു എന്ന് തമ്പുരാന് എഴുതാൻ കഴിയുന്നത്." ഇത്തരം ദൃഷ്ടാന്തങ്ങൾ സമാഹാരത്തിലെ മറ്റു കഥകളിലും കാണാനാവും. "വർത്തമാനം വണ്ടിയുടെ ജാലകക്കമ്പികളെ തൊട്ടുരുമ്മിക്കടന്ന് പുറത്തെ മഴ മുഴുവൻ നനഞ്ഞ് വീടുകളിലേക്കു പറന്നു" എന്ന വരി മറ്റൊരു ഉദാഹരണം.

സമൂഹത്തെ സവിശേഷമായ ചില കോണുകളിലൂടെ, ചിലപ്പോൾ ഒരു പത്രക്കാരന്റെ മറ്റു ചിലപ്പോൾ അശരണനായ ഒരു സാധാരണക്കാരന്റെ കണ്ണുകളിലൂടെ നോക്കിക്കാണുമ്പോൾ രാഷ്ട്രീയവും ലൈംഗികതയും എന്തിന് മുമ്പു പറഞ്ഞപോലെ ദൈവം പോലും വിമർശിക്കപ്പെടുന്നു. പലപ്പോഴും ആക്ഷേപഹാസ്യം ആയുധമാകുന്നു. വിയറ്റ്നാംകാരനായ ഒരു ചെറുപ്പക്കാരൻ പേരു ചോദിക്കുമ്പോൾ "ഹോ ചിമിൻ" എന്നു പേരു പറയുന്ന മലയാളിയേയും 'സഖാവു സാർ എന്നു പേരുള്ള കൃഷ്ണപിള്ളസാർ "ഇരുപത്തഞ്ചുവർഷം മുമ്പ് സാമൂഹിക പാഠം ക്ലാസിൽ പഠിപ്പിക്കുന്നത് വർണ്ണിക്കുമ്പോഴും (കഥ: ഹോ ചിമിൻ) ഈ നർമ്മം തിരിച്ചറിയാനാവുന്നു. "പണ്ട് ഞാനൊക്കെ കൊറെ ഇങ്കിലാവു വിളിച്ചതാ. അന്ന് പാർട്ടി പാവപ്പെട്ടവർക്കൊപ്പമായിരുന്നു. അലിവുള്ളവരായിരുന്നു'നേതാക്കന്മാർ' എന്ന് പരിതപിക്കുമ്പോൾ (കഥ: തുരങ്കത്തിനുള്ളിലെ ജീവിതം) സമകാലിക സാമൂഹികാവസ്ഥയിൽ തന്റെ നിലപാടുകൾ പ്രഖ്യാപിക്കുന്നു.

പത്തു കഥകളാണ് സമാഹാരത്തിലുള്ളത്. ഒരു കഥാകൃത്ത് എന്ന നിലയിൽ സാംസ്കാരികമണ്ഡലത്തിൽ സ്വയം അടയാളപ്പെടുത്താനുള്ള യാത്രയുടെ ആരംഭം ഈ ആദ്യകഥാസമാഹാരത്തിൽ കാണാനാവും.


'കഥയുടെ വർത്തമാനം' എന്ന പേരിൽ സി.വി ബാലകൃഷ്ണൻ, ബി. മുരളി, മനോജ് ജാതവേദര്, ജയൻശിവപുരം, കെ. മോഹൻലാൽ തുടങ്ങിയവർ പങ്കെടുക്കുന്ന ഒരു കഥാചർച്ചയും പുസ്തകത്തന്റെ ഭാഗമായുണ്ട്' കഥയെക്കുറിച്ചുള്ള ഈ സംസാരവും കഥവായിക്കുന്നവർക്ക്, ഇഷ്ടപ്പെടുന്നവർക്ക് പ്രയോജനപ്രദമാകാതിരിക്കില്ല.

**പി. രവിവർമ്മ (ദിനേശ്)** ⌘

# MESMERISING MEMORIES*

### *MY MOTHER'S DAUGHTER

**Orange Tree Publishing,**
**Pages 244, Price Rs.400/-**




Padma Shandas, in her memoirs "MY MOTHER'S DAUGHTER", has realistically portrayed Kerala's matriarchal culture in an exquisite manner. The distinctive feature of this book lies in the intrinsic intensity of the theme - the matriarchal culture.

The memoirs start with the exploration of the beliefs and traditions that existed in the past, seen through the eyes of a four year old pretty little girl- the author herself. The situations in which the little girl longs to explore the world of mysteries are so convincingly conveyed that they throw light on the mind of the little child. The author has dealt with the subject of "Untouchability" which was a "touchy subject" those days, as a part of the tradition followed by

the Kshatriya community. The mother's daughter gives a clear picture of the mother at the outset itself. She is pictured as a loving, God fearing woman who dislikes sending her daughter to school for fear of 'touching' pulayas and pariahs. The feeling of frustration of the child of not being able to receive formal education finds an outlet in the chapters that follow.

Instances of matriarchal practices are genuinely displayed. The stories of the invasion from the North, and the question of "Flee or stay" remind us of the predecessors who faced a complex situation bravely.

"Nothing Changes" echoes all through the book, for "that is the way it is". The Learning Initiation Ceremony- the first step to school, and the promotion the children got to use slates, is appealing to us, as they take us to the nostalgic memories of our own distant past.

The mystery of the serpent grove and the dancer dancing furiously to the music reaching its crescendo, brings to our eyes a sumptuous feast. We can see them happening in front of our eyes, as we read them.

A short portrait of the two brothers Raj an and Sudha is given as they debate on sending their sister to school.

Stories from the great epic Ramayana, and those of Vamana and Mahabali, the Thiruvathira, and the stories of Goddess Parvathi and Lord Shiva are incorporated beautifully into this record to sustain the interest of the reader. But, there are occasions when one may feel that the prolonged descriptions, which hamper the flow and lucidity of narration, could have been avoided.

The tradition breaks when her mother's mind changes, with her father agreeing to send her to school. The author has consciously titled Chapter 14 as "Touching Untouchability" to make the reader really "sense" the feeling of the author as he reads through those pages.

"That smile was always my anchor, and that nod my comfort"- no other words can express so intensely the deep devotion she felt for her father. The play of destiny is seen as her father takes over her cousin's movie business against all her mother's warnings. Eventhough the enormity of the incident of the death of her mother was not felt fully by her, as she was a young girl when her mother died, the poignant depiction of the invisible presence of her mother in the later years leaves a lasting impression in the minds of the readers.

The author, was in all sense her "Mother's Daughter". Her mother was not the show-off type when it came to love. Love was so precious, she would say, and Padma was sure, her mother had lots of it inside. The unalloyed flow of feeling of love of the parents for their pretty little daughter persists as an undercurrent throughout the memoirs.

This memoir has a mesmerising effect on the readers as it opens up a window to memories of their own distant past which were hitherto hidden in their hearts.

Sreejalaskhmi. S

●

## പി.സി. രവിവർമ്മ രാജ



ചിറയ്ക്കൽ കോവിലകാംഗം പി.സി. രവിവർമ്മ രാജ (87) ഫെബ്രുവരി 16ന് നിര്യാതനായി. രാജരാജേശ്വരി പ്ലാസ്റ്റിക് കമ്പനി സ്ഥാപകനണ്. ചിറക്കൽ പഞ്ചായത്ത് മെമ്പർ, നോർത്ത് മലബാർ ചേംബർ ഓഫ് കോമേഴ്സ് മാനേജിങ്ങ് കമ്മിറ്റി അംഗം, വെസ്റ്റേൺ ഇന്ത്യ കോട്ടൺസ് മിൽ കമ്പനി സെക്രട്ടറി എന്നീ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്. ബേപ്പൂർ പുതിയ കോവിലകം അംഗമാണ്. ഭാര്യ: ചിറക്കൽ കോവിലകത്തെ പരേതയായ ഭാരതി തമ്പുരാട്ടി. മക്കൾ: സുധാകര വർമ (കണ്ണൂർ മെഡിക്കൽ കോളേജ്), രാജീവ് വർമ (എഇഒ ഓഫീസ്, പുല്ലാട്) ലതാവർമ (തിരുവനന്തപുരം), കൃഷ്ണകുമാർ വർമ (ലീലാ ഹോട്ടൽസ്, മുംബൈ), സുധാ വർമ (മിനി മുത്തൂറ്റ് ബാങ്ക്, പന്തളം), ഉഷാ വർമ (ഡൽഹി), പരേതരായ സുധീർ വർമ, വിജയ കുമാർ വർമ. മരുമക്കൾ: ഭാഗീരഥി തമ്പുരാട്ടി, സുഷമാ വർമ, ഗീതാ വർമ, ഡോ. അജയകുമാർ വർമ (എക്സിക്യുട്ടീവ് ഡയറക്ടർ, കേരള ശുചിത്വ മിഷൻ, തിരുവനന്തപുരം), വന്ദനാ വർമ (ലീലാ ഹോട്ടൽസ്, മുംബൈ) ജയ കുമാർ വർമ (സിജെഎം കോടതി, പത്തനംതിട്ട), പ്രകാശ് വർമ (റോ, ഡൽഹി).



## ബാലവേദി


# എന്റെ മുത്തശ്ശൻ




**നീരജവർമ്മ എസ്**
**കാരാഴ്മകൊട്ടാരം**
**Std. IV, , വിദ്യാദിരാജ വിദ്യാപീഠം H.S.S,**
**മാവേലിക്കര**


സ്നേഹത്തിൻ നിദാനമായ്
ത്യാഗത്തിൻ ശക്തിയായ്
സത്യത്തിൻ വിളക്കായ്
തിളങ്ങുമെൻ മുത്തശ്ശൻ

സുഹൃത്തുക്കൾക്ക് തോഴനായ്
ബന്ധുക്കൾക്ക് ചേട്ടനായ്
എല്ലാവർക്കും രവിച്ചേട്ടനായ്
വിരാജിച്ചോരു മുത്തശ്ശൻ



സംഗീതത്തിന്നാസ്വാദകനായ്
ഭക്തനായ് മുരുക ഭക്തനായ്
നന്മതിങ്ങും മുത്തശ്ശൻ
വിളങ്ങീടുന്നു മുത്തശ്ശൻ

തെളിയും ദീപമായെന്നും
ലക്ഷദീപമായെന്നും
എന്നും ഞങ്ങൾ തൻമനതാരിൽ
വിളങ്ങീടുമെന്റെ മുത്തശ്ശൻ

# വളരുന്ന പ്രതിഭകൾ



**ആകർഷ്**



**ഹർഷ പ്രകാശ്**

കൊരട്ടി സ്വരൂപം സ്രാമ്പിക്കൽ മഠത്തിൽ കെ. ഉദയവർമ്മ തമ്പുരാന്റെ പേരക്കുട്ടികളും ഉദയവർമ്മ തമ്പുരാന്റെ മകൾ ആശയുടേയും മുള്ളത്ത് കോവിലകത്ത് ഭാരതി കോവിലമ്മ യുടെ മകൻ ജി. പ്രകാശിന്റേയും മക്കളായ ഹർഷാപ്രകാശും ആകർഷും 2008–ൽ അമൃതാ ടി.വി നടത്തിയ Let Dance –ൽ IIIrd price 3 ലക്ഷം രൂപ കരസ്ഥമാക്കി. ഹർഷ എം.ബി.എ. വിദ്യാർത്ഥിനിയാണ്. ആകർഷ് പ്ലസ് II പാസ്സായി. രണ്ടുപേരും നിരവധി സമ്മാനങ്ങൾ നേടിയിട്ടുണ്ട്.

### സുദേവ് വർമ്മ



2008– 2009 സംസ്ഥാന സ്കൂൾ കലോത്സവത്തിൽ തുടർച്ചയായി രണ്ടാം തവണയും മദ്ദളവായനയിൽ സുദേവ് വർമ്മയ്ക്ക് 'എ' ഗ്രേഡ് ലഭിച്ചു. 2008–2009 ആലപ്പുഴ റവന്യൂജില്ലാ സ്കൂൾ കലോത്സവത്തിൽ മദ്ദളം, ചെണ്ട എന്നിവയിൽ 'എ' ഗ്രേഡും, കഥകളി സംഗീതത്തിൽ രണ്ടാംസ്ഥാനവും ലഭിക്കുകയുണ്ടായി.

ചേർത്തല വാരനാട് 'നൈഷധ'ത്തിൽ ധനേഷ് വർമ്മയുടെയും ശൈലജാവർമ്മയുടെയും പുത്രനും കരപ്പുറം ക്ഷത്രിയസഭ മുൻ സെക്രട്ടറി ശ്രീ ബാലരാമവർമ്മയുടെ ചെറുമകനുമാണ് സുദേവ് വർമ്മ. ചേർത്തല മുട്ടം ഹോളിഫാമിലി ഹയർസെക്കന്ററി സ്കൂളിലെ ഒൻപതാം ക്ലാസ് വിദ്യാർത്ഥിയാണ്. പ്രശസ്ത മദ്ദള വിദ്വാൻ കലാനിലയം മനോജാണ് സുദേവിന്റെ ഗുരു.



## മംഗളം

**കുട്ടി അനിയൻ രാജ, ചെർപ്പുളശ്ശേരി**

**"ഓം"കാര ശ്ശംഖ ശബ്ദം ഝടുതിയിലിവിടെ–**
**സ്സുപ്രഭാതത്തിൽ നന്നായ്**
**"ണോം" കാരക്വാണവും നൽ പരിചൊടുസമമായ്**
**കൂട്ടുചേർന്നുണ്ടു കേൾപ്പൂ**
**ആകാരം പൂണ്ടു മോദാലവനിയിലിവിടെ**
**ചെർപ്പുളശ്ശേരിയങ്കൽ**
**സാന്ദ്രാനന്ദം പൊഴിയ്ക്കും ഹരിഹരസുതനേ**
**യോതിടാം സുപ്രഭാതം**

*എഴുതിവരുന്ന ചെർപ്പുളശ്ശേരി ശ്രീധർമ്മശാസ്താ സുപ്രഭാതത്തിലെ ശ്ലോകം.*

# വാർത്തകൾ - വിശേഷങ്ങൾ

## കരിവെള്ളൂർ യൂണിറ്റ്

**പ്രവർത്തന റിപ്പോർട്ട് സെപ്റ്റംബർ 2008**

**ഓണാഘോഷപരിപാടി**

ക്ഷത്രിയക്ഷേമസഭ കരിവെള്ളൂർ യൂണിറ്റ് ഓണാഘോഷ പരിപാടികൾ 7-9-08 രാവിലെ 10 മണിക്ക് വങ്ങാട്ടുമഠത്തിൽ നടന്നു. ഈശ്വരപ്രാർത്ഥനയോടെ ആരംഭിച്ച ആഘോഷപരിപാടിയുടെ ഔപചാരികമായ ഉൽഘാടനം വിശിഷ്ഠാതിഥി എൻ.കെ. കൃഷ്ണൻ ഉണിത്തിരി (ദുബൈ) നിലവിളക്ക് കൊളുത്തി നിർവ്വഹിച്ചു. യൂണിറ്റ് പ്രസിഡന്റ് എൻ.പി. കൃഷ്ണൻ ഉണിത്തിരി അദ്ധ്യക്ഷത വഹിച്ചു. നമ്മുടെ സമുദായത്തിലെ ഏറ്റവും തലമുതിർന്ന അംഗം എൻ.കെ. നാരു ഉണിത്തിരി മാസ്റ്ററെ (തെക്കെ മണക്കാട്ട്) യൂനിറ്റ് പ്രവർത്തക സമിതി അംഗം എൻ.എം. കൃഷ്ണൻ ഉണിത്തിരി പൊന്നാട അണിയിച്ച് ആദരിച്ചു. എൻ.എം. കുഞ്ഞോമൻ ഉണിത്തിരി, എൻ.കെ. നാരായണൻ ഉണിത്തിരി, സി. മാധവൻ, ടി.എം. ശ്രീകുമാർ, എൻ.പി. കാമാക്ഷി വർമ്മ, എൻ.പി. വത്സല സുബ്രഹ്മണ്യൻ, യു.കെ. രാജവർമ്മ എന്നിവർ അനുമോദനമർപ്പിച്ച് സംസാരിച്ചു. തുടർന്ന് ഓണാഘോഷപരിപാടികൾ ആരംഭിച്ചു. ലളിതഗാനാലാപനം, സ്വീറ്റ് കലക്ഷൻ, ബിസ്ക്കറ്റ് ഈറ്റിംഗ്, ബലൂൺ ഫൈറ്റിംഗ്, കേൻഡിൽ ലൈറ്റിങ്ങ് എന്നീ വിവിധ പരിപാടികൾ നടന്നു. കുട്ടികളും മുതിർന്നവരും മത്സരങ്ങളിൽ സജീവമായി പങ്കെടുത്തു. ഉച്ചയ്ക്ക് വിഭവസമൃദ്ധമായ ഓണസദ്യയും ഉണ്ടായിരുന്നു. തുടർന്ന് സമ്മാനദാനം നിർവ്വഹിച്ചു സംസാരിച്ച എൻ.കെ. കൃഷ്ണൻ ഉണിത്തിരി അദ്ദേഹത്തിന്റെ വകയായി അടുത്ത വർഷം മുതൽ വിദ്യാഭ്യാസ സഹായമായി സമുദായത്തിലെ സമർത്ഥരായ കുട്ടികൾക്ക് 5000 രൂപ (അയ്യായിരം രൂപ)യുടെ കേഷ് പ്രൈസ് ഏർപ്പെടുത്തുമെന്ന് പ്രഖ്യാപിക്കുകയും യോഗം കരഘോഷത്തോടെ തീരുമാനത്തെ സ്വാഗതം ചെയ്യുകയും ചെയ്തു. പിന്നീട് സംഘടനാകാര്യങ്ങൾ യൂണിറ്റ് സെക്രട്ടറി വി.എം. കൃഷ്ണകുമാർ വിശദീകരിച്ച് സംസാരിച്ചു. യൂനിറ്റ് സെക്രട്ടറി സ്വാഗതവും സംസ്ഥാന സെക്രട്ടറി ടി.എം. ശ്രീകുമാർ നന്ദിയും പറഞ്ഞു. ഓണസദ്യ സ്പോൺസർ ചെയ്ത വത്സല സുബ്രഹ്മണ്യനോട് പ്രത്യേകം കൃതജ്ഞത അറിയിച്ചു. സമൃദ്ധിയുടേയും സാഹോദര്യത്തിന്റേയും ഉത്സവമായ ഓണാഘോഷം സമുചിതമായി ആഘോഷിക്കാൻ നമുക്ക് കഴിഞ്ഞത് മെമ്പർമാരുടെ പൂർണ്ണമായ സഹകരണവും കൂട്ടായ്മയും കൊണ്ടാണ്. വരുംവർഷങ്ങളിൽ ഓണാഘോഷം കൂടുതൽ ഗംഭീരമായും ഭംഗിയായും നടത്താൻ നമുക്ക് കഴിയുമെന്ന് പ്രത്യാശിക്കുന്നു.

**പ്രവർത്തനറിപ്പോർട്ട് ജനുവരി 2009**

ക്ഷത്രിയക്ഷേമസഭ കരിവെള്ളൂർ യൂണിറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി ജനുവരി 11ന് സി.കെ. ശ്രീധരവർമ്മയുടെ വസതിയിൽ കൂടി. പ്രസിഡന്റ് എൻ.പി. കൃഷ്ണൻ ഉണിത്തിരിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ യു.കെ. രാജവർമ്മ സ്വാഗതം പറഞ്ഞു. സെക്രട്ടറി ടി.എം. ശ്രീകുമാർ റിപ്പോർട്ട് അവതരിപ്പിച്ച് സംസാരിച്ചു. തുടർന്ന് നടന്ന ചർച്ചയിൽ സി.കെ. പുരുഷോത്തമൻ, സി. മാധവൻ, സുദേവവർമ്മ, ഇ.എം. കൃഷ്ണകുമാർ, എൻ.കെ. നാരായണൻ ഉണിത്തിരി, എൻ.പി. ബാലകൃഷ്ണൻ, സി.കെ. രാജൻ, എൻ.പി. പുരുഷോത്തമൻ എന്നിവർ പങ്കെടുത്തു. സമുദായത്തിലെ സാമ്പത്തിക വിഷമത അനുഭവിക്കുന്നവരും രോഗികളുമായ അംഗങ്ങൾക്ക് സാമ്പത്തികസഹായം അനുവദിക്കണമെന്ന യു.കെ. രാജവർമ്മയുടെ നിർദ്ദേശം തത്വത്തിൽ അംഗീകരിക്കുകയും അടുത്ത ജനറൽബോഡിയിൽ വിശദമായി ചർച്ച ചെയ്യാനും തീരുമാനിച്ചു. കുടുംബ സർവ്വെ റിപ്പോർട്ട് പൂർത്തിയാക്കി ഉടനടി പ്രസിദ്ധീകരിക്കാൻ തീരുമാനിച്ചു. കേന്ദ്രസഭ നൽകുന്ന കെ.വി.രാജ മെമ്മോറിയൽ ക്യാഷ് അവാർഡിന് അർഹനായ വരുൺ വർമ്മയേയും. മാവേലിക്കര പ്രഭാകരവർമ്മ നൽകുന്ന ക്യാഷ് അവാർഡിന് അർഹയായ കുമാരി കീർത്തനവർമ്മയേയും യോഗം അഭിനന്ദിച്ചു. ക്ഷാത്രസന്ദേശം മാസികയിലേക്ക് കവിതകളും ലേഖനങ്ങളും എഴുതി അയയ്ക്കാൻ സെക്രട്ടറി അംഗങ്ങളോട് അഭ്യർത്ഥിച്ചു. യോഗത്തിന് ആവശ്യമായ സൗകര്യം ഒരുക്കിത്തന്ന ഉഷശ്രീധരവർമ്മയെ യോഗം പ്രത്യേകം നന്ദി അറിയിച്ചു. വൈസ് പ്രസിഡന്റ് സി. മാധവന്റെ നന്ദിപ്രകടനത്തോടെയോഗം 5 മണിക്ക് അവസാനിച്ചു.

## തൃശൂർ

**വാർഷികപൊതുയോഗം**

ക്ഷത്രിയക്ഷേമസഭ തൃശൂർ യൂണിറ്റിന്റെ വാർഷിക പൊതുയോഗം 2009 ജനുരി 4 ഞായറാഴ്ച രാവിലെ 10 മണിക്ക് അഞ്ചേരി വളർക്കാവ് ദേവസ്വം ഹാളിൽ ചേർന്നു. പ്രസിഡന്റ് പ്രഹ്ലാദവർമ്മ അധ്യക്ഷത വഹിച്ച യോഗത്തിൽ എൻ. ശങ്കർവർമ സ്വാഗതം ആശംസിച്ചു. വാർഷിക റിപ്പോർട്ട് സെക്രട്ടറിയും വരവു ചെലവു കണക്കുകൾ ട്രഷററും അവതരിപ്പിച്ചു. രണ്ടും അംഗങ്ങൾ ചർച്ച ചെയ്തു പാസ്സാക്കി. വാർഷിക വരിസംഖ്യ 100 രൂപയായും പ്രവേശനഫീസ് 10 രൂപയായും നിജപ്പെടുത്തിയ പ്രമേയം യോഗം പാസ്സാക്കി. രക്ഷാധികാരി എ.കെ. രാജരാജവർമ സഭയുടെ നാളിതുവരെയുള്ള പ്രവർത്തനങ്ങളെ വിലയിരുത്തി സംസാരിച്ചു. ശേഷം പുതിയ ഭരണസമിതിയെ തിരഞ്ഞെടുത്തു.

**പുതിയ ഭരണസമിതി അംഗങ്ങൾ**

പ്രഹ്ലാദൻവർമ്മ (പ്രസിഡന്റ്)സി. കെ. രാമവർമ്മ (വൈസ് പ്രസിഡന്റ്) മനോജ് വർമ്മ (സെക്രട്ടറി) എൻ. ശങ്കർ വർമ (ജോ. സെക്രട്ടറി) പി. സി. സനത്കുമാർ (ട്രഷറർ)

കമ്മിറ്റിയംഗങ്ങൾ: എം. വിജയൻരാജ, ഏ.കെ. കേരളവർമ, നല്ലെങ്കര വിജയവർമ, പി.വി. രവിവർമ, ഡോ. നന്ദകുമാർ, ടി. രമേഷ്, കെ. സുദർശനവർമ, ടി.വി. രാജവർമ, മീരാവർമ, ജനാർദ്ദൻരാജ

രക്ഷാധികാരികൾ : പ്രൊഫ. ഏ.കെ. രാജരാജവർമ, കെ.സി. കേരളവർമ, എ. രവിവർമ, ഡോ. ശകുന്തളവർമ

ലീഗൽ അഡ്വൈസർ: രാജീവ് ഡി. രാജ

ഓഡിറ്റർമാർ: ദിവാകരരാജ, വിജയൻ തിരുമുല്പാട്

## കോഴിക്കോട്

ഡോ. പി.കെ.എസ്. രാജമെമ്മോറിയൽ ഹാളിന്റെ ഔപചാരികമായ ഉൽഘാടനം 25.12.2008 വ്യാഴാഴ്ച രാവിലെ 11.30ന് ബഹുമാനപ്പെട്ട സാമൂതിരി രാജ പി.കെ.എസ്. രാജ നിർവ്വഹിച്ചു. തദവസരത്തിൽ സാമൂതിരി കോവിലകത്തെ സ്ഥാനിയായ അമ്പാടി കോവിലകം വലിയ തമ്പുരാട്ടി പി.കെ. കുഞ്ഞനുജത്തി തമ്പുരാട്ടി സന്നിഹിതയായിരുന്നു. ഉദ്ഘാടനത്തിനുമുമ്പ് കുമാരി അമൃതാവർമ്മയുടെ പ്രാർത്ഥനയോടെയാണ് യോഗം ആരംഭിച്ചത്. പുതിയ കോവിലകം വെൽഫയർ സൊസൈറ്റി കമ്മറ്റി മെമ്പർ മോഹനവർമ്മ സ്വാഗതം ആശംസിച്ചു. തുടർന്ന് സൊസൈറ്റി പ്രസിഡന്റ് പി.കെ.കെ. രാജയുടെ അദ്ധ്യക്ഷതയിൽ യോഗനടപടികൾ ആരംഭിച്ചു. സാമൂതിരിപ്പാട് പി.കെ.എസ്.രാജ, അമ്പാടി കോവിലകം വലിയതമ്പുരാട്ടി, ശ്രീ. രാജേന്ദ്രൻ രാജ എന്നിവർ അനുഗ്രഹപ്രഭാഷണങ്ങൾ നടത്തി. അദ്ധ്യക്ഷപ്രസംഗത്തിനുശേഷം ബിൽഡിംഗ് കമ്മറ്റി കൺവീനർ പി.കെ.എം.രാജ (വിക്രം) റിപ്പോർട്ടും ബിൽഡിങ് കമ്മറ്റി ട്രഷറർ കെ. ചന്ദ്രവർമ്മരാജ വരവ് കണക്കും അവതരിപ്പിച്ചു. പടിഞ്ഞാറെ കോവിലകം വെൽഫയർ സൊസൈറ്റി പ്രസിഡന്റ് പി.സി. ഏട്ടനുണ്ണി രാജ, കോഴിക്കോട് ക്ഷത്രിയക്ഷേമസഭ സെക്രട്ടറി പി.കെ. രാജേന്ദ്രവർമ്മ, പി.കെ. കൃഷ്ണനുണ്ണിരാജ, പി.കെ. സുമാവർമ്മ (ബാങ്കിംഗ് ഓംബുഡ്സ്മാൻ) എം.സി. രാജേന്ദ്രനുണ്ണി എന്നിവർ ആശംസാപ്രസംഗം നടത്തി. യുവകവി പി.കെ. കുട്ടിയനുജൻ രാജ മംഗളപത്രം വായിച്ചു. സൊസൈറ്റി കമ്മറ്റി അംഗം മോഹൻരാജയുടെ നന്ദി പ്രകടനത്തോടെ യോഗം അവസാനിച്ചു.

## തിരുവനന്തപുരം

### തിരുവാതിര ആഘോഷിച്ചു

തിരുവനന്തപുരം ക്ഷത്രിയ സഭയുടെ ആഭിമുഖ്യത്തിൽ ജനുവരി 9ന് തിരുവാതിര സമുചിതമായി ആഘോഷിച്ചു. പ്രൊഫ. വൃന്ദാദേവി തമ്പുരാൻ തിരുവാതിരയെക്കുറിച്ചുള്ള അവരുടെ 'ആതിരസ്മരണകൾ' സദസ്യർക്കിടയിൽ പങ്കുവച്ചു. തുടർന്ന് പരമ്പരാഗത രീതിയിലുള്ള തിരുവാതിരകളിയും എട്ടങ്ങാടി നിവേദ്യവും ഉണ്ടായിരുന്നു.

### ജോർജ്ജ് ഓണക്കൂർ മുഖ്യാതിഥി

ജനുവരി 25 ന് സുന്ദരവിലാസത്തുവച്ച് നടന്ന പരിപാടിയിൽ പ്രശസ്ത കഥാകൃത്തും സാഹിത്യകാരനുമായ പ്രൊഫ. ജോർജ്ജ് ഓണക്കൂർ മുഖ്യാതിഥിയായി പങ്കെടുത്ത് സദസ്സിനെ അഭിസംബോധന ചെയ്തു. "കിരാതം" കഥയെ ആസ്പദമാക്കി നാരായണവർമ്മ അവതരിപ്പിച്ച പാഠകമായിരുന്നു പരിപാടിയിലെ മറ്റൊരിനം. ജോർജ്ജ് ഓണക്കൂറിനും നാരായണ വർമ്മയ്ക്കും അനന്തപുരത്തു കൊട്ടാരത്തിൽ പൂരം നാൾ അംബാലിക തമ്പുരാട്ടി ഉപഹാരങ്ങൾ നൽകി. ക്ഷാത്രസന്ദേശം മുഖ്യാപത്രാധിപർ രവിവർമ്മരാജ ആദ്ധ്യക്ഷം വഹിച്ച യോഗത്തിൽ കേന്ദ്രസഭാ സെക്രട്ടറി ജി. രാമവർമ്മ സ്വാഗതവും തിരു സഭാ. ജോ. സെക്രട്ടറി നാരായണൻ പണ്ടാല നന്ദിയും പറഞ്ഞു.

### ശിവരാത്രി

ഫെബ്രുവരി 22ന് സഭാംഗങ്ങൾ ശിവരാത്രി സമുചിതമായി കൊണ്ടാടി. ശിവരാത്രി മാഹാത്മ്യത്തെക്കുറിച്ച് എൻ.പി. ശർമ്മ നടത്തിയ പ്രഭാഷണത്തിനു ശേഷം സംഗീതാരമേശ്, പ്രിയാമോഹൻകുമാർ എന്നിവർ അവതരിപ്പിച്ച ഭക്തിഗാനസുധ അരങ്ങേറി. അംബികാവർമ്മ വയലിനും ശ്രീവരാഹം മനോജ് മൃദംഗവും വായിച്ചു. മുഖ്യാതിഥി എൻ.പി. ശർമ്മയ്ക്കും ഭക്തിഗാനസുധയിൽ പങ്കെടുത്തവർക്കും ടി.ആർ. രാമവർമ്മ രാജ ഉപഹാരങ്ങൾ നൽകി. സഭാ പ്രസിഡന്റ് ഡോ. അജയകുമാർ വർമ്മ ആദ്ധ്യക്ഷ്യം വഹിച്ച യോഗത്തിൽ ജോ. സെക്രട്ടറി നാരായണൻ പണ്ടാല സ്വാഗതവും കലാസാംസ്കാരിക വേദി കൺവീനർ എസ്. അജയകുമാർ വർമ്മ നന്ദിയും പറഞ്ഞു.

### പുസ്തകപ്രകാശനം

ശ്രീമതി പത്മാഷാൻദാസ് (യു.എസ്.എ) രചിച്ച ""My Mother's Daughter" "കുടുംബപ്രശ്നങ്ങൾ" എന്ന രണ്ടു പുസ്തകങ്ങൾ ജനുവരി 25ന് നടന്ന തിരുവനന്തപുരം സഭയുടെ പ്രതിമാസപരിപാടിയിൽ പ്രകാശനം ചെയ്തു. ക്ഷാത്രസന്ദേശം പത്രാധിപർ രവിവർമ്മ രാജയ്ക്ക് പ്രൊഫ. ജോർജ്ജ് ഓണക്കൂർ പുസ്തകങ്ങളുടെ കോപ്പികൾ നൽകിക്കൊണ്ടായിരുന്നു പ്രകാശനകർമ്മം നിർവ്വഹിച്ചത്.

### ഹരിസേനവർമ്മ IPS-നെ അനുമോദിച്ചു

വിശിഷ്ടസേവനത്തിനുള്ള രാഷ്ട്രപതിയുടെ പോലീസ് മെഡലിന് അർഹനായ ഹരിസേനവർമ്മയെ തിരുവനന്തപുരം ക്ഷത്രിയ

ക്ഷേമസഭ അനുമോദിച്ചു. കേന്ദ്ര ആഭ്യന്തരവകുപ്പിൽ IG ആയി സേവനം അനുഷ്ഠിക്കുന്ന ഹരിസേനവർമ്മ മാവേലിക്കര വലിയകൊട്ടാരത്തിൽ സരോജിനി തമ്പുരാട്ടിയുടെയും കിളിമാനൂർ കൊട്ടാരത്തിൽ യശഃശരീരനായ ഡോ. മാർത്താണ്ഡവർമ്മയുടെയും പുത്രനാണ്. ഫെബ്രുവരി 22ന് തിരുവനന്തപുരം സഭയുടെ പ്രതിമാസപരിപാടിയിൽ സഭാപ്രസിഡന്റ് ഡോ. അജയകുമാർ വർമ്മ ഹരിസേനവർമ്മയെ പൊന്നാടയണിയിച്ച് ആദരിച്ച് അനുമോദിച്ചു. തിരുവനന്തപുരം സഭാംഗം കൂടിയായ ഹരിസേനവർമ്മയ്ക്ക് നേരത്തെ അദ്ദേഹത്തിന്റെ സ്വന്തം തട്ടകമായ മാവേലിക്കര രാജകുടുംബംഗങ്ങൾ അനുമോദനം നൽകിയിരുന്നു.

## പന്തളം

സഭയുടെ ഭരണസമിതിയോഗങ്ങളും ചിട്ടി നറുക്കെടുപ്പും എല്ലാ മാസങ്ങളിലും തുടർന്നുകൊണ്ടിരിക്കുന്നു.

**ശതാഭിഷേകം**



ക്ഷത്രിയക്ഷേമസഭയുടെ മുൻസെക്രട്ടറി കുഞ്ഞുണ്ണി ചേട്ടന്റെ (ശ്രീ. എ. കെ. രാജരാജവർമ്മ, ഹരിപ്പാട് അനന്തപുരംകൊട്ടാരം) ശതാഭിഷേകം ഫെബ്രുവരി മാസം 26–ന് താഴെക്കുഴിയിൽ വെച്ചു ആഘോഷിക്കുകയുണ്ടായി. തദവസരത്തിൽ അദ്ദേഹത്തെ പന്തളം ക്ഷത്രിയക്ഷേമസഭാംഗങ്ങൾ പൊന്നാട അണിയിച്ചു ആദരിക്കുകയുണ്ടായി.

**തീർത്ഥയാത്ര**

വരുന്ന ഏപ്രിൽ മാസത്തിൽ മധുര/രാമേശ്വരം എന്നീ പുണ്യസ്ഥലങ്ങളിലേക്ക് ഒരു തീർത്ഥയാത്ര സംഘടിപ്പിക്കുവാൻ തീരുമാനിച്ചു. രണ്ടുദിവസം നീണ്ടുനിൽക്കുന്ന ഈ പരിപാടിയിലേക്ക് അംഗങ്ങളുടെ രജിസ്ട്രേഷൻ ആരംഭിച്ചുകഴിഞ്ഞു.

**കെ. കുഞ്ഞുണ്ണിരാജ**

കൊടുങ്ങല്ലൂർ പുത്തൻ കോവിലകത്ത് കെ. കുഞ്ഞുണ്ണിരാജയുടെ ശതാഭിഷേകം ജനുവരി 8–ന് (ധനു 24–ാനു രോഹിണി നക്ഷത്രം) ഹരിപ്പാട് അനന്തപുരത്തു കൊട്ടാരത്തിൽ വിപുലമായി ആഘോഷിച്ചു. മക്കളുടെയും ചെറുമക്കളുടെയും ഉത്സാഹത്തോടെ സംഘടിപ്പിച്ച ആഘോഷപരിപാടികളിൽ ബന്ധുമിത്രാദികളടക്കം നിരവധി പേർ പങ്കെടുത്തു. മകൾ മായാവർമ്മയുടെ നേതൃത്വത്തിൽ കുഞ്ഞുണ്ണിരാജ രചിച്ച ഭക്തിഗാനങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഗാനശില്പവും അനന്തിരവൻ പുത്തൻ കോവിലകത്ത് രാമവർമ്മ, പെരുമ്പാവൂർ ശ്രീനിലയംവർമ്മ (മധു) എന്നിവർ സമർപ്പിച്ച മംഗളപത്രവും ആഘോഷപരിപാടികളെ ധന്യമാക്കി.

## ചാലക്കുടി

**അവാർഡ്**



ചാലക്കുടി കൊട്ടാരത്തിൽ മഠത്തിൽ ശ്രീ കെ. ആർ മുരളീധരവർമ്മയ്ക്ക് വിശിഷ്ടസേവനത്തിനുള്ള മുഖ്യമന്ത്രിയുടെ പോലീസ് മെഡൽ, 2009 റിപ്പബ്ലിക് ദിനത്തിൽ ലഭിച്ചു. ഡിസ്ട്രിക്റ്റ് ക്രൈം റെക്കോഡ് ബ്യൂറോ തൃശ്ശൂരിൽ ASI of Police ആയി സേവനമനുഷ്ഠിക്കുകയാണ് ഇദ്ദേഹം .

**സെമിനാർ**

04.01.2009 ന് ചാലക്കുടി യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ **'യോഗ നിത്യജീവിതത്തിൽ'** എന്ന വിഷയത്തെ ആസ്പദമാക്കി യോഗ മാസ്റ്റർ രാജേഷിന്റെ നേതൃത്വത്തിൽ സെമിനാർ നടന്നു.

## നീലേശ്വരം

നീലേശ്വരം തളിയിൽ ശ്രീ നീലകണ്ഠേശ്വര ക്ഷേത്രത്തിലെ നവീകരണ കലശവും, ദ്രവ്യാവർത്തി സഹസ്ര കലശാഭിഷേകവും, മഹാവിഷ്ണു പുനഃപ്രതിഷഠാ കലശവും 2009 ഫെബ്രുവരി 19ന് ആരംഭിച്ച് മാർച്ച് 4ന് നട തുറന്ന് വൈകുന്നേരത്തെ ഉത്സവത്തോടെ പര്യവസാനിച്ചു.

അത്യപൂർവ്വമായി നടത്തുന്ന ദ്രവ്യാവർത്തി സഹസ്രകലശത്തോടുകൂടിയ നവീകരണ കലശമാണ് ക്ഷേത്രം തന്ത്രി ബ്രഹ്മശ്രീ തെക്കിനിയേടത്ത് തരണനെല്ലൂർ പത്മനാഭനുണ്ണി നമ്പൂതിരിപ്പാടിന്റെ കാർമ്മികത്വത്തിൽ ക്ഷേത്രത്തിൽ നടന്നത്. കലശോത്സവനാളുകളിൽ, പ്രത്യേകിച്ച് കലവറ ഘോഷയാത്രാദിവസവും (22–2–09) പുനഃപ്രതിഷ്ഠാദിനത്തിലും (1.3.09) അഭൂതപൂർവമായ ഭക്തജനത്തിരക്ക് അനുഭവപ്പെട്ടു.

ശിവക്ഷേത്രത്തിനകത്തുള്ള മഹാവിഷ്ണുവിന് ഇതുവരെ ഉപദേവന്റെ സ്ഥാനമാണ് കൽപ്പിച്ചു പോന്നിരുന്നത്. സ്വർണ്ണപ്രശ്നചിന്തയിൽ, ഇവിടെ പ്രധാന പ്രതിഷ്ഠ മഹാവിഷ്ണുവിന്റെതായിരുന്നെന്നും, ശൈവവിശ്വാസികളായ രാജാക്കന്മാർ ഈ പ്രദേശത്ത് വന്നപ്പോൾ, ശിവപ്രതിഷ്ഠയ്ക്ക് മഹാവിഷ്ണു അനുവാദം നൽകിയെന്നും എന്നാൽ തനിക്ക് തുല്യപ്രാധാന്യം ഉണ്ടായിരിക്കണമെന്ന് വ്യവസ്ഥ ചെയ്തിരുന്നുവെന്നുമാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. അതുകൊണ്ട് തന്നെ വെറും 6 മാസത്തിനുള്ളിൽ, വിഷ്ണുക്ഷേത്രം പൊളിച്ചുമാറ്റി ഷഡാധാരക്രിയയോടുകൂടി പുതിയ വിഷ്ണുക്ഷേത്രം പണിത് പുനഃപ്രതിഷ്ഠ നടത്തുവാൻ സാധിച്ചുവെന്നുള്ളത് തന്നെ ഭഗവത് കടാക്ഷത്തിന് മകുടോദാഹരണമാണ്.



*നീലേശ്വരം തളിശ്രീനിലകണ്ഠേശ്വര ക്ഷേത്രത്തിലെ നവീകരണകലശവും ദ്രവ്യാവർത്തികലശവും സംബന്ധിച്ച് സംഘടിപ്പിച്ച ഉദ്ഘാടന സമ്മേളനം ബ്രഹ്മശ്രീ തരണനല്ലൂർ പദ്മനാഭൻ ഉണ്ണിനമ്പൂതിരിപ്പാട് ഉദ്ഘാടനം ചെയ്യുന്നു. കെ.സി. മാനവവർമ്മ രാജ, ദേവശിഖാമണി, ടി.സി. കൃഷ്ണവർമ്മ വലിയരാജ തുടങ്ങിയവർ വേദിയിൽ*

പ്രസ്തുത വിഷ്ണുക്ഷേത്ര നിർമ്മാണത്തിന് ചിലവായ 12 ലക്ഷം രൂപ രാജകുടുംബാംഗങ്ങളിൽ നിന്നും, ബന്ധുജനങ്ങളിൽ നിന്നും മാത്രമായി സമാഹരിച്ചതാണ് എന്ന് എടുത്ത് പറയേണ്ട കാര്യമാണ്.

നിയമം നിശ്ചയിച്ച് നട അടക്കുമ്പോൾ ശിവക്ഷേത്രത്തിൽ നടക്കുന്ന പൂജാവിധികൾക്ക് സമാനമായ പൂജാവിധികൾ മഹാവിഷ്ണുക്ഷേത്രത്തിലും നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. ഈ കലശ മഹോത്സവത്തോടെ പ്രദേശവാസികൾക്ക് ഐശ്വര്യം ചൊരിയാൻ മഹാദേവനോടും മഹാവിഷ്ണുവിനോടും പ്രാർത്ഥിക്കുന്നു.

## സാംസ്കാരികം

### സൗഹൃദം രജതജൂബിലി ആഘോഷിച്ചു

പന്തളം പാലസ് ക്ലബ്ബ് പ്രസിദ്ധീകരണം "സൗഹൃദം" അതിന്റെ രജതജൂബിലി വിപുലമായി ആഘോഷിച്ചു. ഡിസംബർ 28 ന് രാവിലെ 8.30 ന് ആരംഭിച്ച ആഘോഷപരിപാടികൾ രാത്രി പത്തരവരെ നീണ്ടു. വടക്കേമുറി പുത്തൻ കോയിക്കൽ മുറ്റത്ത് പ്രത്യേകം തയ്യാറാക്കിയ വേദിയിലായിരുന്നു ആഘോഷപരിപാടികൾ അരങ്ങേറിയത്. ഇരുപത്തിയഞ്ചു നിലവിളക്കിൽ ദീപം തെളിയിച്ചുകൊണ്ടാണ് ഇരുപത്തിയഞ്ചാം പിറന്നാളിന് തുടക്കം കുറിച്ചത്. പന്തളം കൊട്ടാരത്തിലെ വലിയ തമ്പുരാട്ടി തിരുവാതിരനാൾ ലക്ഷ്മി തമ്പുരാട്ടി ആദ്യതിരി തെളിച്ചു. പന്തളം പാലസ് ക്ലബ്ബിന്റെ നാല്പത്തിമൂന്നാം വാർഷികവും ഇതിന്റെ ഭാഗമായിരുന്നു. സൗഹൃദത്തിന്റെ ഇരുപത്തിയഞ്ചുവർഷത്തെ ചരിത്രം സൂചിപ്പിക്കുന്ന 'ചരിത്രത്തിലൂടെ' എന്ന പ്രദർശനം പന്തളം ക്ഷത്രിയസഭ പ്രസിഡന്റും രജതജൂബിലി ആഘോഷസമിതി ചെയർമാനുമായ ടി. സുകുമാരവർമ്മ ഉദ്ഘാടനം ചെയ്തു. ജൂബിലി സമ്മേളനം തിരുവിതാംകൂർ മഹാരാജാവ് ശ്രീ പദ്മനാഭദാസ ഉത്രാടം തിരുനാൾ മാർത്താണ്ഡവർമ്മ ഉദ്ഘാടനം ചെയ്തു. പന്തളത്തു വലിയ തമ്പുരാൻ രേവതി നാൾ പി. രാമവർമ്മ രാജ അദ്ധ്യക്ഷനായിരുന്നു. പ്രശസ്ത നിരൂപകനും മഹാകവി പന്തളം കേരളവർമ്മ സ്മാരകസമിതി അദ്ധ്യക്ഷനുമായ ഡോ.കെ എസ്. രവികുമാർ, പ്രശസ്ത ചലച്ചിത്ര നടി കവിയൂർ പൊന്നമ്മ എന്നിവർ ആശംസാ പ്രസംഗം നടത്തി. ഉച്ച തിരിഞ്ഞ് 2.30 ന് 'കുടുംബമാസികകൾ–പ്രസക്തിയും പ്രതിസന്ധിയും' എന്ന വിഷയത്തിൽ നടന്ന സെമിനാർ ക്ഷാത്രസന്ദേശം മുഖ്യപത്രാധിപർ എം. രവിവർമ്മ രാജ ഉദ്ഘാടനം ചെയ്തു. പി.ജി ശശികുമാർ വർമ്മ അദ്ധ്യക്ഷം വഹിച്ച സെമിനാറിൽ കേരളത്തിലെ ഇതര ക്ഷത്രിയ കുടുംബമാസികകളെ പ്രതിനിധീകരിച്ച് താഴെപ്പറയുന്നവർ സംസാരിച്ചു.

വനജാരാഹുൽവർമ്മ – 'ഗോശ്രീ വിശേഷം' തൃപ്പൂണിത്തുറ

മനോജ് വർമ്മ – 'ശിവകരം' തൃശൂർ



*ഉത്രാടം തിരുനാൾ മാർത്താണ്ഡവർമ്മ മഹാരാജാവ് എഴുപത് വർഷം മുമ്പ് എടുത്ത ശബരിമലയുടെ ചിത്രം പന്തളം വലിയതമ്പുരാൻ രേവതിനാൾ പി. രാമവർമ്മ രാജക്ക് കൈമാറുന്നു*

ആർ.ആർ.വർമ്മ– 'ക്ഷാത്രധ്വനി' തിരുവല്ലാ

ദിവാകരവർമ്മ – 'രാജശ്രീ', തലപ്പിള്ളി സ്വരൂപം

ജയവർമ്മ ആർ.കെ – 'സൗഹൃദം'

സൗഹൃദം മുഖ്യപത്രാധിപർ പി.രവിവർമ്മ (ദിനേശ്) വിഷയം അവതരിപ്പിച്ചു. ടി സുകുമാരവർമ്മ സ്വാഗതവും വർമ്മ കെ രഘു നന്ദിയും പറഞ്ഞു. വൈകിട്ട് ആറിന് നടന്ന സൗഹൃദ സമ്മേളനത്തിൽ പ്രൊഫ. ചെറുകുന്നം പുരുഷോത്തമൻ മുഖ്യ പ്രഭാഷണം നടത്തി. സൗഹൃദത്തിന്റെ രജതജൂബിലിയാഘോഷം പന്തളത്തു കൊട്ടാരത്തിന്റെ വർത്തമാനകാല ചരിത്രത്തിലെ അവിസ്മരണീയദിനങ്ങളിൽ ഒന്നായി മാറി.

## മഹാകവി പന്തളം കേരളവർമ്മ കവിതാ മാധ്യമപുരസ്കാരങ്ങൾ സമർപ്പിച്ചു

തൃശൂരിൽ കേരളസാഹിത്യ അക്കാദമി ആഡിറ്റോറിയത്തിൽ ജനുവരി 23 ന് സംഘടിപ്പിച്ച ചടങ്ങിൽ 2009 ലെ പന്തളം കേരളവർമ്മ കവിതാ പുരസ്കാരവും മാധ്യമപുരസ്കാരവും നൽകി. പതിനായിരത്തി ഒന്നുരൂപയും പ്രശസ്തി പത്രവും ഫലകവും അടങ്ങുന്ന കവിതാ പുരസ്കാരം ആറ്റൂർ രവിവർമ്മയ്ക്ക് ഡോ. സുകുമാർ അഴീക്കോട് നൽകി. 'ആറ്റൂർ രവിവർമ്മയുടെ കവിതകൾ – രണ്ടാം ഭാഗം' എന്ന ഗ്രന്ഥത്തിനായിരുന്നു പുരസ്കാരം ലഭിച്ചത്. അയ്യായിരത്തി ഒന്നു രൂപയും പ്രശസ്തിപത്രവും ഫലകവും അടങ്ങുന്ന മാധ്യമപുരസ്കാരം മംഗളം ദിനപത്രത്തിലെ ജി. വേണുഗോപാലിനു വേണ്ടി മംഗളം തൃശൂർ ബ്യൂറോ ചീഫ് ജോയി എം. മണ്ണൂരിന് ഡോ. കെ.എസ് രവികുമാർ നൽകി. 2008 മാർച്ച് അഞ്ചിന് മംഗളംദിനപത്രത്തിൽ പ്രസിദ്ധീകരിച്ച 'ചെങ്ങറയും മൂലമ്പിള്ളിയും സർക്കാരിന്റെ വിമുഖതയും' എന്ന മുഖപ്രസംഗത്തിനായിരുന്നു മാധ്യമ പുരസ്കാരം ലഭിച്ചത്.

കേരള സാഹിത്യ അക്കാദമിയും മഹാകവി പന്തളം കേരള വർമ്മ സ്മാരക സമിതിയും സംയുക്തമായാണ് ചടങ്ങ് സംഘടിപ്പിച്ചത്. സാഹിത്യ അക്കാദമി പ്രസിദ്ധീകരിച്ച പന്തളം കേരള വർമ്മയുടെ പ്രധാനകവിതകൾ' എന്ന ഗ്രന്ഥം ഡോ. സുകുമാർ അഴീക്കോട് ലളിതാ ലെനിന് നൽകി പ്രകാശിപ്പിച്ചു. മഹാകവിയുടെ 130–ാം ജന്മദിനത്തിലായിരുന്നു ആഘോഷപരിപാടികൾ സംഘടിപ്പിച്ചത്. ആഘോഷപരിപാടികൾ ഡോ. സുകുമാർ അഴീക്കോട് ഉദ്ഘാടനം ചെയ്തു. സാഹിത്യ അക്കാദമി സെക്രട്ടറി പുരുഷൻ കടലുണ്ടി അദ്ധ്യക്ഷനായിരുന്നു.

കവിയും സാഹിത്യ അക്കാദമി നിർവാഹക സമിതി അംഗവുമായ രാവുണ്ണി ആശംസപ്രസംഗം നടത്തി. വർമ്മ കെ .രഘു പ്രശസ്തി പത്രം വായിച്ചു. പന്തളം കേരളവർമ്മ സ്മാരക സമിതി സെക്രട്ടറി പി. രവി വർമ്മ (ദിനേശ്) സ്വാഗതവും പി.ജി. ശശികുമാർ വർമ്മ നന്ദിയും പറഞ്ഞു.

ആര്യയും അജയും ആലപിച്ച കേരളവർമ്മയുടെ 'ദൈവമേ കൈതൊഴാം'' എന്ന പ്രാർത്ഥനാഗാനത്തോടെയാണ് ചടങ്ങുകൾ ആരംഭിച്ചത്.



*മഹാകവി പന്തളം കേരളവർമ്മ കവിതാപുരസ്കാരം ഡോ. സുകുമാർ അഴീക്കോട് ആറ്റൂർ രവിവർമ്മയ്ക്ക് സമ്മാനിക്കുന്നു*

## മഹാകവി പന്തളം കേരള വർമ്മ മലയാള സാഹിത്യ പാരമ്പര്യത്തിലെ ഉജ്ജ്വല വ്യക്തിത്വത്തിന്റെ ഉടമ– ഡോ. സുകുമാർ അഴീക്കോട്

കവിത്വശക്തികൊണ്ട് സാഹിത്യ നിയമങ്ങളുടെ പരമ്പരാഗത ശൃംഖലകൾ പൊട്ടിച്ചെറിഞ്ഞ പ്രതിഭയാണ് പന്തളം കേരളവർമ്മയെന്ന് ഡോ. സുകുമാർ അഴീക്കോട് അഭിപ്രായപ്പെട്ടു. ഒരു വലിയ പ്രതിഭാശാലി ആയതുകൊണ്ട് മഹാകാവ്യലക്ഷണങ്ങൾ എന്നൊക്കെപ്പറയുന്ന മതിലുകൾ എടുത്തുചാടാൻ അദ്ദേഹത്തിനു കഴിഞ്ഞു. തലമുറകളായി അടിച്ചമർത്തപ്പെട്ടു കിടന്നിരുന്ന പാവപ്പെട്ടവരുടെ ശബ്ദം സമൂഹമധ്യത്തിൽ മുഴക്കിയകവിതയായിരുന്നു പന്തളത്തിന്റെതെന്നും അഴീക്കോട് പറഞ്ഞു. ജനുവരി 23ന് തൃശൂർ സാഹിത്യ അക്കാദമി ഹാളിൽ മഹാകവിപന്തളം കേരളവർമ്മ കവിതാ മാധ്യമപുരസ്കാരച്ചടങ്ങുകൾ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

പ്രാർത്ഥന ചൊല്ലിയാൽ ദൈവം പ്രത്യക്ഷപ്പെടുന്ന അപൂർവ്വ പ്രാർത്ഥനകളെ മലയാളത്തിലുള്ളൂ. അതിലൊന്ന് പന്തളം കേരളവർമ്മയുടെ ''ദൈവമേ കൈതൊഴാം'' എന്ന പ്രാർത്ഥനയാണ് മറ്റൊന്ന്. ഗുരുദേവന്റെ "ദൈവദശക" മാണ്. ഇഷ്ടമുള്ളവരെ മാത്രം പൊക്കി നടക്കുന്ന വ്യഭിചാര രീതികൾ അസുഖപ്പെടുത്തുന്ന ഇന്നത്തെ സാഹിത്യഅന്തരീക്ഷത്തിൽ പന്തളവും ഉള്ളൂരും

ആശാനും പുലർത്തിയ വിമർശനങ്ങൾ നിലനിർത്തിക്കൊണ്ടുള്ള സൗഹൃദം അതിശയകരമാണ്.

“നമ്മുടെ മലയാള സാഹിത്യ പാരമ്പര്യത്തിലെ ഉജ്ജ്വല വ്യക്തിത്വമാണ് പന്തളം കേരളവർമ്മയുടെത്. പന്തളം കേരളവർമ്മ എന്ന പേരിന് ഒരു പ്രഭാപ്രസരമുണ്ട്. പ്രഗത്ഭനായ മറ്റൊരു കേരളവർമ്മ മലയാളസാഹിത്യത്തിലെ ചെങ്കോൽ കയ്യിലെടുത്ത് ഭരണം നടത്തുന്ന ഒരു കാലഘട്ടത്തിൽ ആ കേരളവർമ്മയുടെ അടുത്തുതന്നെ തന്റെ പ്രഭാവത്തിന് ഒരു മങ്ങലും ഏൽക്കാത്തവിധത്തിൽ പന്തളം കേരളവർമ്മ അന്ന് പ്രതിഭാസിക്കുകയുണ്ടായി.”– അഴീക്കോട് പറഞ്ഞു.

## കുടുംബവിശേഷങ്ങൾ

## വിവാഹിതരായി

### പ്രസൂൺ – ലജുമോൾ

ക്ഷത്രിയക്ഷേമസഭ കരിവെള്ളൂർ യൂണിറ്റ് മുൻ സെക്രട്ടറി ശ്രീ.കെ. ചന്ദ്രകാന്തന്റേയും, തെക്കെ മഠത്തിൽ തങ്കമണിയുടേയും മകൻ ടി.എം. പ്രസൂണും, കടമ്പേരി താമസിക്കും ശ്രീ.എസ്.കെ. പവനകുമറിന്റേയും ശ്രീമതി കെ.എം. സതീദേവിയുടേയും മകൾ കുമാരി ലജുമോളും തമ്മിലുള്ള വിവാഹം 31–5–2008ന് തളിപ്പറമ്പ് തൃച്ചംബരം ശ്രീകൃഷ്ണ ക്ഷേത്രത്തിൽ വെച്ച് സമംഗളം നടന്നു.

### ജയകൃഷ്ണൻ – വിനീത

ക്ഷത്രിയക്ഷേമസഭ കരിവെള്ളൂർ യൂണിറ്റ് എക്സിക്യുട്ടീവ് കമ്മിറ്റി അംഗം ശ്രീമതി എൻ.എം. സരള ടീച്ചറുടേയും പരേതനായ സുബേദാർ മേജർ സി.കെ. രവിവർമ്മയുടെയും മകൾ കുമാരി വിനീതയും ഇരിട്ടി കീഴൂരിൽ താമസിക്കും ശ്രീമതി കെ. ഇന്ദിരയുടെയും പരേതനായ ആർ. എം.രാമകൃഷ്ണൻ തിരുമുമ്പിന്റേയും മകൻ ജയകൃഷ്ണനും തമ്മിലുള്ള വിവാഹം 6–92008ന് തളിപ്പറമ്പ് തൃച്ചംബരം ശ്രീകൃഷ്ണക്ഷേത്രത്തിൽ വെച്ച് സമംഗളം നടന്നു.

### മഹേഷ്കുമാർ – നന്ദിത

ക്ഷത്രിയക്ഷേമസഭ കരിവെള്ളൂർ യൂണിറ്റ് അംഗം ശ്രീ.എൻ.കെ. ജനാർദ്ദനന്റെയും, ശ്രീമതി ശാന്തകുമാരിയുടെയും മകൻ മഹേഷ്കുമാറും തൃപ്പൂണിത്തുറ ശ്രീ. രാധാകൃഷ്ണൻ തമ്പുരാന്റെയും ശ്രീമതി റീത്ത വർമ്മയുടെയും (നിലമ്പൂർ കോവിലകം) മകൾ കുമാരി നന്ദിതയും തമ്മിലുള്ള വിവാഹം തൃശ്ശൂർ പാറമേക്കാവ് ക്ഷേത്രത്തിന് സമീപമുള്ള രോഹിണി കല്യാണ മണ്ഡപത്തിൽ വെച്ച് 14–9–2008ന് സമംഗളം നടന്നു.

### ഷഷ്ടിപൂർത്തി

ബേപ്പൂർ കോവിലകത്ത് പരേതനായ പി.സി. രാജരാജവർമ്മയുടെയും പരേതയായ അംബാലികാദേവി തമ്പുരാട്ടിയുടേയും മകളും നല്ലെങ്കര വിജയവർമ്മയുടെ സഹധർമ്മിണിയുമായ സരളവർമ്മയുടെ ഷഷ്ടിപൂർത്തി 22.1.2009 ബുധനാഴ്ച നിർമ്മല്ലൂർ മല്ലിശ്ശേരി കോവിലകത്ത് വച്ച് ആഘോഷിച്ചു. കുടുംബാംഗങ്ങളെല്ലാവരും സന്നിഹിതരായിരുന്നു.

## ചരമം

### ആനന്ദ് വർമ

ചാലക്കുടി തെക്കെ മഠത്തിൽ ശ്രീമതി സുലോചന വർമയുടെ ഭർത്താവ് ആനന്ദ് വർമ (ഇന്ദിരമന്ദിരം, ചിറക്കൽ കോവിലകം, കൊടുങ്ങല്ലൂർ കോവിലകം) 19.02.2009 ന് ദിവംഗതനായി. മക്കൾ: വിവേക്, വികാസ്, വിരാജ്, വിസ്മിത

### വിശാലാക്ഷിതമ്പുരാട്ടി



പ്രമുഖ ആയുർവേദാചാര്യനായ വൈദ്യഭൂഷണം കെ. രാഘവൻ തിരുമുല്പാടിന്റെ ഭാര്യ വിശാലാക്ഷി തമ്പുരാട്ടി 18–01–09ന് ചാലക്കുടിയിൽ അന്തരിച്ചു. നിരണം കടപ്ര തുളിശാലകോയിക്കൽ കുടുംബാംഗമാണ് പരേത. മക്കൾ മുകുന്ദൻ, മുരളി, മുരാരി, മുത്തുലക്ഷ്മി, രവിവർമ്മ (മധു)

### ആർ. കേരളവർമ്മ തമ്പുരാൻ

എഴുമറ്റൂർ നെയ്തല്ലൂർ കോയിക്കൽ പങ്കിതമ്പുരാട്ടിയുടെ മകൻ ആർ. കേരളവർമ്മ തമ്പുരാൻ (70) (റിട്ട. ഇ.എം.ഇ. സ്കൂൾ ബറോഡ) ജനുവരി 18ന് തിരുവനന്തപുരത്ത് നിര്യാതനായി. ഭാര്യ ചെന്നിത്തല വലിയ കോയിക്കൽ രാമമംഗലത്ത് പരേതയായ രാധാഭായി. മക്കൾ: പ്രീത.കെ, ദീപ.കെ, മരുമക്കൾ: പ്രകാശ് വർമ്മ, സുരേന്ദ്രവർമ്മ

### പി.സി. കേരളവർമ്മരാജ



പ്രായിക്കര കൊട്ടാരത്തിൽ വലിയരാജ അശ്വതിനാൾ പി.സി. കേരളവർമ്മരാജ (88) 2009 ഒക്ടോബർ 29ന് നിര്യാതനായി. ഭാര്യ കോഴിക്കോട് എരഞ്ഞിപ്പാലം മായിതിരിയിൽ വസുമതി കെട്ടിലമ്മ. മക്കൾ: ഉമ (കോ. ഓപ്പറേറ്റീവ് ബാങ്ക്) മരുമകൻ: രവി (ബിസിനസ്സ്)

### ഉണ്ണിക്കൃഷ്ണവർമ്മ

കിളിമാനൂർ കൊട്ടാരത്തിൽ ഉണ്ണിക്കൃഷ്ണവർമ്മ (43) ആലുവയിൽ ഒരു വാഹനാപകടത്തിൽ നവംബർ 1ന് നിര്യാതനായി. പ്രായിക്കര കൊട്ടാരത്തിൽ ദിവംഗതനായ പി.ആർ. വർമ്മ (I.N.A.) യുടെയും കിളിമാനൂർ കൊട്ടാരത്തിൽ കമലാഭായി തമ്പുരാട്ടിയുടെയും പുത്രനാണ്. ഭാര്യ: വെള്ളാരപ്പിള്ളി കോവിലകത്ത് അപർണ്ണാവർമ്മ. മകൾ–കൃഷ്ണജ.

### കമലാഭായി തമ്പുരാട്ടി

കിളിമാനൂർ കൊട്ടാരത്തിൽ കമലാഭായി തമ്പുരാട്ടി (80) നവംബർ 20–ന് നിര്യാതയായി. പ്രായിക്കര കൊട്ടാരത്തിൽ ദിവംഗതനായ പി.ആർ. വർമ്മ (I.N.A.) യാണ് ഭർത്താവ്. മക്കൾ: ഉമാഭായിതമ്പുരാട്ടി, മംഗളാഭായിതമ്പുരാട്ടി, രമാഭായി തമ്പുരാട്ടി, സരളാരഘു, സീതതമ്പുരാട്ടി, ശകുന്തള. നവംബർ 1ന്

ആലുവായിൽ വച്ച് വാഹനാപകടത്തിൽ മരിച്ച ഉണ്ണിക്കൃഷ്ണവർമ്മ ഇളയ മകനാണ്.

**ഉദയവർമ്മ**

പാലിയക്കര തെക്കേമുറി കോയിക്കൽ ആർ. ഉദയവർമ്മ (ഉണ്ണിക്കൃഷ്ണൻചേട്ടൻ (82) ഫെബ്രുവരി ഒൻപതിന് നിര്യാതനായി. എഴുമറ്റൂർ പുതുപ്പറമ്പ് കോയിക്കൽ കുടുംബാംഗമാണ്. ഭാര്യ: ഭാരതി തമ്പുരാട്ടി. മക്കൾ: രാജലക്ഷ്മി തമ്പുരാട്ടി, രാജരാജവർമ്മ (റോമക്സ് പേപ്പർമാർട്ട്, തിരുവല്ലാ) ഉഷാഭായി തമ്പുരാട്ടി.

**വി.കെ. കേരളവർമ്മ**

പഴയന്നൂർ വലവൂർ കിഴക്കേക്കര കോവിലകത്ത് വി.കെ. കേരളവർമ്മ (83) മാർച്ച് മൂന്നിന് ഹൈദ്രാബാദിൽ നിര്യാതനായി. പന്തളത്ത് കിഴക്കെ നെയ്തല്ലൂർ കോയിക്കൽ ശാരദ തമ്പുരാട്ടിയാണ് ഭാര്യ. മക്കൾ: വിജയകുമാർ, രമേശ്കുമാർ, കൃഷ്ണകുമാർ, അമ്പിളി മരുമക്കൾ: സുനിതാകുമാരി, പ്രീതാവർമ്മ, ആശാവർമ്മ, ഗോദവർമ്മ

**ആർ. സുരേഷ്‌വർമ്മ**

ചിറയ്ക്കൽ പടിഞ്ഞാറെ കോവിലകത്ത് ദിവംഗതയായ ബാലാമണി തമ്പുരാട്ടിയുടെ പുത്രൻ ആർ. സുരേഷ് വർമ്മ (51) ഫെബ്രുവരി 4ന് നിര്യാതനായി. ചെന്നിത്തല പത്മവിലാസം കോയിക്കൽ പ്രൊഫ. രാജൻതമ്പാൻ (റിട്ട. ഇംഗ്ലീഷ് പ്രൊഫസ്സർ, എൻ.എസ്.എസ്. കോളേജ്) പിതാവാണ്.

**പി.കെ. കുട്ടി തമ്പുരാട്ടി**

കോഴിക്കോട് തിരുവണ്ണൂർ പുതിയകോവിലകത്ത് പി.കെ. കുട്ടി തമ്പുരാട്ടി (85) ഫെബ്രുവരി 20ന് നിര്യാതയായി. ചെപ്പന്നൂർ ഇല്ലത്ത് അന്തരിച്ച വിഷ്ണുനമ്പൂതിരിയാണ് ഭർത്താവ്. മക്കൾ: പി.കെ. ചെറിയനുജൻ രാജ (റിട്ട. എൻജിനീയർ PWD) പി.കെ. കെ.രാജ (റിട്ട. SBT) പി.കെ. കുട്ടിയനുജൻ രാജ (ചെർപ്പുളശ്ശേരി) പി.കെ.ഇ. രാജ, നന്ദകുമാർ രാജ, പി.കെ. മനോരമ, പി.കെ. ഉഷാറാണി, പി.കെ. രാധിക. മരുമക്കൾ: ഡോ. വിമലാരാജ (അഗ്രി.യൂണിവേഴ്സിറ്റി തിരു.), രാധ (റിട്ട. ഹെൽത്ത് ഡിപ്പാർട്ട്മെന്റ്) ഗീതാരാജ (ചിറയ്ക്കൽ കോവിലകം) ഇന്ദു (കൊടുങ്ങല്ലൂർ പുത്തൻ കോവിലകം), കേരള വർമ്മ (തൃപ്പൂണിത്തുറ) ശശികുമാർ രാജ (പാലിയേറ്റീവ് കെയർ യൂണിറ്റ്, തൃശൂർ) ഡോ. അജൻ വർമ്മ (കൊടുങ്ങല്ലൂർ)

**എ. പ്രതാപവർമ്മ**

ഹരിപ്പാട് അനന്തപുരത്തു കൊട്ടാരത്തിൽ പ്രതാപവർമ്മ (73) നിര്യാതനായി. കൈപ്പള്ളി മനയ്ക്കൽ കുട്ടൻ ഭട്ടതിരിപ്പാടിന്റെയും അനന്തപുരത്തു കൊട്ടാരത്തിൽ അമ്മുതമ്പുരാട്ടിയുടെയും മകനാണ്. ഭാര്യ: തിരുവണ്ണൂർ കോവിലകത്ത് രാധ തമ്പുരാട്ടി. മക്കൾ: അജയവർമ്മ (ബ്രഹ്മോസ് ഏറോസ്പേസ്, തിരുവനന്തപുരം) വിജയവർമ്മ (Total Gas, കോഴിക്കോട്)

**സുകുമാരി രാമവർമ്മ**

മാവേലിക്കര വലിയ കൊട്ടാരത്തിൽ സുകുമാരി രാമവർമ്മ ഡിസംബർ 30ന് തിരുവനന്തപുരത്ത് നിര്യാതയായി. ചങ്ങനാശ്ശേരി ലക്ഷ്മിപുരം കൊട്ടാരത്തിലെ അന്തരിച്ച എൽ.സി. രാമവർമ്മയാണ് ഭർത്താവ്. മക്കൾ അന്തരിച്ച വിജയവർമ്മ (IDBI), ഡോ. വി. ആർ. വർമ്മ (മെമ്പർ സെക്രട്ടറി കേരളാ സ്റ്റേറ്റ് ബയോഡൈവേഴ്സിറ്റി ബോർഡ്) ഗിരിജാരാജ, ശോഭനാരവീന്ദ്രൻ. മരുമക്കൾ: ശാന്താവർമ്മ (കൊടുങ്ങല്ലൂർ) ഡോ. അംബികാവർമ്മ, അന്തരിച്ച കെ.കെ. രാജ, ഡോ. രവീന്ദ്രൻ.

**വി.കെ. രാമവർമ്മ**

പഴയന്നൂർ വലവൂർ കോവിലകത്ത് വി.കെ. രാമവർമ്മ (82) ജനുവരി നാലിന് തൃപ്പൂണിത്തുറ വടക്കേകോട്ട "സവിത"യിൽ നിര്യാതനായി. പരേതൻ കൊച്ചി ക്ഷത്രിയ സമാജത്തിന്റെ ദീർഘകാല പ്രസിഡന്റും സെക്രട്ടറിയും ആയിരുന്നു. ക്ഷത്രിയരുടെ ആചാരാനുഷ്ഠാനങ്ങൾ കാലോചിതമായി പരിഷ്ക്കരിച്ച് നടപ്പിലാക്കുന്നതിനുവേണ്ടി അദ്ദേഹം നടത്തിയിട്ടുള്ള ശ്രമങ്ങൾ പ്രശംസനീയമാണ്. 1988–ൽ കൊച്ചിയിൽ പ്രമുഖ വൈദിക സദസ്സ് സംഘടിപ്പിച്ച് ക്ഷത്രിയർക്ക് സ്വയം നടപ്പിലാക്കാവുന്ന വണ്ണം ഷോഡശക്രിയകൾ ലഘൂകരിച്ച് പുസ്തകരൂപത്തിലാക്കിയത് ഇദ്ദേഹമായിരുന്നു. ഭാര്യ: തൃപ്പൂണിത്തു കോയിക്കൽ മഠത്തിൽ ഇന്ദിര. മക്കൾ: സുജാത, സവിത, രാജേഷ്‌വർമ്മ.

**രാഘവവർമ്മ**

എഴുമറ്റൂർ നെയ്തല്ലൂർ കോയിക്കൽ രാഘവവർമ്മ (78) ജനുവരി 5 ന് തൃശൂരിൽ നിര്യാതനായി. ഭാര്യ തിരുത്തൂർ നടുവിൽ മഠത്തിൽ ശാരദ വർമ്മ.

**ഡോ. മധുസൂദൻരാജ**

കൊടുങ്ങല്ലൂർ ചിറയ്ക്കൽ കോവിലകത്ത് ഡോ. മധുസൂദൻ രാജ (58) നിര്യാതനായി. ഭാര്യ: തൃപ്പൂണിത്തുറ 'വൃന്ദാവനത്തിൽ സുഗത തമ്പുരാൻ. മക്കൾ: ശ്രീകാന്ത്, രവിശങ്കർ.

**വിലാസിനി**

ചാലക്കുടി കൊട്ടാരത്തിൽ മഠത്തിൽ വിലാസിനി (79) മാർച്ച് 10ന് തൃശൂർ ചെമ്പുക്കാവിലുള്ള വസതിയിൽ നിര്യാതയായി.

**സി.കെ. ഉണ്ണിതമ്പാൻ**

ചാഴൂർ കോവിലകത്ത് സി.കെ. ഉണ്ണിത്തമ്പാൻ (63) മാർച്ച് 13ന് വെള്ളാങ്ങല്ലൂരിൽ നിര്യാതനായി. ഭാര്യ: തിരുവല്ല നെടുമ്പ്രത്ത് കൊട്ടാരത്തിൽ മീരാദേവി. മക്കൾ: ബിപിൻ, അപർണ്ണ.

**രാജേശ്വരി തമ്പുരാട്ടി**

കിളിമാനൂർ കൊട്ടാരത്തിൽ രാജേശ്വരി തമ്പുരാട്ടി (64) മാർച്ച് 17ന് നിര്യാതയായി. ചിറളയം പാലസിൽ സി.എ. ശശിധരരാജയാണ് ഭർത്താവ്. കുന്നംകുളം ഗവ. മോഡൽ ഗേൾസ് ഹൈസ്ക്കൂളിലെ റിട്ട. അദ്ധ്യാപികയാണ് പരേത. മക്കൾ: അപർണ്ണ വർമ്മ, ആരതി, അഞ്ജലി. ⌘



# ഹൈവാഹികം

താഴെ കൊടുത്തിരിക്കുന്ന ബോക്സ് നമ്പരുകളിലേക്ക് ക്ഷത്രിയ യുവതി/യുവാക്കളുടെ രക്ഷകർത്താക്കളിൽ നിന്നും ജാതകക്കുറിപ്പ് സഹിതം വിവാഹാലോചനകൾ ക്ഷണിക്കുന്നു. താൽപര്യമുള്ളവർ വിശദമായ ബയോഡേറ്റയും ജാതക്കുറിപ്പും സഹിതം **പത്രാധിപർ, 'ക്ഷാത്രസന്ദേശം' സുന്ദരവിലാസം പാലസ്സ്, കോട്ടയ്ക്കകം, തിരുവനന്തപുരം-695023 (ഫോൺ - 2467845)** എന്ന വിലാസത്തിൽ ബന്ധപ്പെടുക. ഒന്നിൽ കൂടുതൽ ബോക്സ് നമ്പരുകളിലേക്ക് കത്തയക്കുന്നവർ ബയോഡേറ്റയുടെയും ജാതക്കുറിപ്പിന്റെയും ആവശ്യമുള്ളത്ര കോപ്പികൾ അയച്ചിരിക്കണം.

## വധുവിനെ ആവശ്യമുണ്ട്

### BOX No. 378

ക്ഷത്രിയ യുവാവ് - 28വയസ്സ്, തിരുവോണം നക്ഷത്രം Bsc.MBA, 170 cm ഉയരം, കോഴിക്കോട് സ്വകാര്യസ്ഥാപനത്തിൽ മാനേജർ. അനുയോജ്യരായ യുവതികളുടെ രക്ഷിതാക്കളിൽ നിന്ന് വിവാഹാലോചനകൾ ക്ഷണിയ്ക്കുന്നു. ബോക്സ് നം. 378. Ph: 0495-2321360

| | | | |
|---|---|---|---|
| ല മാ | - | ശു | ബു |
| - | ഗ്രഹനില | | ര സ |
| ച ശി | | | ഗു |
| - | - | - | കു മ |

| | | | |
|---|---|---|---|
| സ | ച ബു | കു | - |
| - | നവാംശകം | | - |
| മ | | | - |
| - | മാ | ല ര | ഗു ശു ശി |

ജനനം 27.07.1980. 9 വർഷം 10 മാസം 15 ദിവസം നക്ഷത്ര ദശാമാർഗ്ഗേ ജനനശിഷ്ടം ചന്ദ്രദശ

### BOX No. 379

Menon-Kshathriya parents (both Central Government Gazetted Officers) financially sound belonging to reputed families of Ernakulam District invite marriage proposals for their daughter studying for B.Com II year 20 years 150 cm height from parents of qualified well settled boys preferably Kshathriya and allied castes (pure vegetarian) Box No. 379

| | | | | |
|---|---|---|---|---|
| | | | കു | ബു |
| ച | ല | കു മാ | ച ഗു | - |
| ര | സ | ഗ്രഹസ്ഥിതി ജനനം 17.01.1989 | | - |
| ഗു സ | ര ബു | | | ശി |
| ല മാ | ശു മ | - | - | - |

ജനനശിഷ്ടം 1 വർഷം രണ്ടു മാസം 15 ദിവസം രവിദശ

## വരനെ ആവശ്യമുണ്ട്

### BOX No. 380

ക്ഷത്രിയ യുവതി- 27 വയസ്സ് 5'4" ഉയരം. പൂയം നക്ഷത്രം. മെലിഞ്ഞ ശരീരം. ഇരുനിറം അമേരിക്കയിൽ ജനിച്ചു വളർന്ന കുട്ടി. നല്ലതുപോലെ മലയാളം സംസാരിക്കും. ഇപ്പോൾ അമേരിക്കയിൽ റിസർച്ച് ചെയ്യുന്നു. താൽപര്യമുള്ള ക്ഷത്രിയ/സാമന്ത യുവാക്കളുടെ രക്ഷകർത്താക്കളിൽ നിന്നും ആലോചനകൾ ക്ഷണിക്കുന്നു. ബോക്സ് നം. 380. Ph: 0487-2386213/9349731624

| | | | |
|---|---|---|---|
| ര ബു | - | - | സ |
| ല ശു | ഗ്രഹസ്ഥിതി | | ച |
| - | | | - |
| ശി മാ | - | ഗു | കു മ |

| | | | |
|---|---|---|---|
| - | - | കു സ | - |
| ഗു ല | നവാംശകം | | - |
| - | | | മ മാ |
| ര | ശി | ച ബു ശു | - |

ഗർഭശിഷ്ടം 16 വർഷം 10 മാസം 6 ദിവസം വരെ ശനിദശ

### BOX No. 381

ക്ഷത്രിയ യുവതി 21 വയസ്സ്. (10.9.1987) 152 cm. Msc (Mathematics) വിദ്യാർത്ഥിനി പിതാവ്. പന്തളം കോവിലകാംഗം. മാതാവ് മാങ്കാവ് കോവിലകാംഗം. നല്ല ജോലിയുള്ള വിദ്യാസമ്പന്നായ സസ്യഭുക്കുകളായ യുവാക്കളുടെരക്ഷകർത്താക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിയ്ക്കുന്നു. ബോക്സ് നം. 381 Ph: 0495-2331636/9746358025

| | | | |
|---|---|---|---|
| ച സ | ഗു | - | - |
| - | ഗ്രഹസ്ഥിതി | | - |
| - | | | ര കു ശു |
| - | മ | ല മാ | ബു ശി |


| | | | |
|---|---|---|---|
| ശി | ബു മാ | ഗു | ല |
| ച | അംശകം | | - |
| മ | | | - |
| ശു | - | ര | കു സ |

ശിഷ്ട ദശ 4 വർഷം 10 മാസം 2 ദിവസം ബുധദശ

### BOX No. 382

ക്ഷത്രിയ യുവാവ് 31 വയസ്സ് (17.7.1977) 181 cm ഉയരം. പൂയം നക്ഷത്രം. B.Tech. തിരുവനന്തപുരത്ത് ടെക്നോപാർക്കിൽ US ടെക്നോളജിയിൽ പ്രോജക്ട് മാനേജരായി ജോലി നോക്കുന്നു. അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു. വിദ്യാഭ്യാസ യോഗ്യത പ്രശ്നമല്ല. Box No. 382. Ph: 0471-2721667

# ശതാഭിഷേക മംഗളാശംസകൾ



## കെ. കുഞ്ഞുണ്ണിരാജ

**പുത്തൻ കോവിലകം, കൊടുങ്ങല്ലൂർ**
**2009 ജനുവരി 8 (1184 ധനു 24) രോഹിണി**
**നക്ഷത്രത്തിൽ ശതാഭിഷിക്തനായി**

"ഇന്നിതാ, കൃതാർത്ഥനായ്, ധന്യനായ് തീർന്നു ഭവാൻ,
ഇമ്പമേറീടും ത്യാഗം, നിസ്വാർത്ഥ സ്നേഹം മാത്രം.
ആയിരം സൂനങ്ങളാലർപ്പിയ്ക്കാമാശംസകൾ
ആയുസ്സുമാരോഗ്യവുമീശ്വരൻ കനിയട്ടെ!!"

*(പെരുമ്പാവൂർ ശ്രീനിലയം വർമ്മ മധു സമർപ്പിച്ച മംഗളാശംസയിൽ നിന്ന്)*



## എ.കെ. രാജരാജവർമ്മ

**ഹരിപ്പാട് അനന്തപുരത്ത് കൊട്ടാരം.**
**2009 ഫെബ്രുവരി 26 (1184 കുംഭം 14) പൂരുരുട്ടാതി**
**നക്ഷത്രത്തിൽ ശതാഭിഷിക്തനായി**

"വർഷാവർഷമതുല്യ ഭക്തിഭരിതം അയ്യപ്പനെ കുപ്പുവാൻ
ഹർഷാവേശ തരംപരം സഹചരന്മാരൊത്തു കാൽയാത്രയായ്
വർഷം ഷഷ്ടി നയിച്ചു മണ്ഡലമഹാനുഷ്ഠാനപൂർവ്വംഭവാൻ
വർഷിച്ചൂ ശബരീശ, നങ്ങയി,ലനേകാനുഗ്രഹാശിസ്സുകൾ."

*(ക്ഷത്രിയക്ഷേമസഭ സമർപ്പിച്ച മംഗളാശംസയിൽ നിന്ന്)*